www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 25 | 2017 July 01 | ₹10

## മനസ്സുകൾക്ക് പൂട്ടിടുവാൻ മനുഷ്യർക്കാകുമോ?



ക്വബ്ർ ശിക്ഷക്ക് കാരണമാകുന്ന ചില പാപങ്ങൾ | ഗൾഫിന്റെ ഗദ്ഗദം

സോഷ്യൽ മീഡിയയും പരദൂഷണവും | സ്വർഗത്തിലേക്ക് കുറുക്കുവഴിയില്ല

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**
E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

**1 വിശ്വാസിയുടെ നമസ്കാരം**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :126 | വില : 90

**2 ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 | വില : 40

**3 നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 | വില : 40

**4 റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 | വില : 40

**5 ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 | വില : 70

**6 ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :104 | വില : 90


**7 ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 | വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

**സ്പെഷ്യൽ ഡിസ്കൗണ്ട്**
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

നേർപഥം
വാരിക

0025 / 2017 ജൂലായ് 01 / 1438 ശവ്വാൽ 06 / പുസ്തകം 01 / ലക്കം 25



# മനസ്സുകൾക്ക് പൂട്ടിടുവാൻ മനുഷ്യർക്കാകുമോ?

ഉസ്മാൻ പാലക്കാഴി / 10

**മുഖമൊഴി**
കൊടുത്താലേ തിരിച്ചു കിട്ടൂ / 05
എഡിറ്റർ

**ക്വുർആൻ പഠനം**
അധർമത്തിനെതിരെ അണിചേരുക / 06
ശമീർ മദീനി

**ജാലകം**
സ്വർഗത്തിലേക്ക് കുറുക്കുവഴിയില്ല / 07
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ആരോഗ്യപഥം**
അമിതാഹാരം അപകടം / 19
സ്വാലിഹ്

**ഹദീഥ് പാഠം**
ദാനവും വിട്ടുവീഴ്ചയും / 20
അബൂമുർഷിദ

**ചരിത്രപഥം**
സ്രഷ്ടാവിന്റെ അറിവും... / 21
ഹുസൈൻ സലഫി, ഷാർജ

**പാരന്റിംഗ്**
ദൗത്യ നിർവഹണത്തിൽ പങ്കാളിത്തം നൽകുക / 24
അശ്റഫ് എകരൂൽ

**ലേഖനങ്ങൾ**
വിജയത്തിന്റെ മാർഗം / 14
മെഹബൂബ് മദനി ഒറ്റപ്പാലം

മാറ്റം മനസ്സിലാണ് വേണ്ടത് / 16
ശരീഫ് കാര

തിരിച്ചുവാങ്ങും മുമ്പ് / 18
പ്രൊഫ: ഹാരിസ്ബിൻ സലീം

സോഷ്യൽ മീഡിയയും പരദൂഷണവും / 26
മൂസ സ്വലാഹി, കാര

ക്വബ്ർ ശിക്ഷക്ക് കാരണമാകുന്ന ചില പാപങ്ങൾ / 29
അബ്ദുൽ ജബ്ബാർ മദീനി

**നമുക്ക് ചുറ്റും**
ഗൾഫിന്റെ ഗദ്ഗദം / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### സമൂഹത്തിൽ 'ഓഫ് ലൈൻ' സോഷ്യൽമീഡിയയിൽ 'ഓൺ ലൈൻ!'

ഹിറാ ഗുഹയിൽ ധ്യാനനിരതനായി കഴിച്ചുകൂട്ടുകയായിരുന്ന 'അൽ അമീൻ' എന്ന അപരനാമക്കാരന്റെ അടുക്കലേക്ക് ജിബ്‌രീൽ എന്ന മലക്ക് പ്രത്യക്ഷപ്പെട്ട് ചില ദിവ്യസന്ദേശങ്ങൾ ചൊല്ലിക്കൊടുത്തു: 'വായിക്കുക, നിന്നെ സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ..'

അതെ, എഴുത്തും വായനയുമറിയാത്ത മുഹമ്മദ്ﷺ എന്ന സൽപുരുഷന് 40-ാമത്തെ വയസ്സിൽ പ്രവാചകത്വം ലഭിക്കാനാരംഭിച്ചപ്പോൾ ആദ്യമായി അവതീർണമായ വചനം 'വായിക്കുക' എന്ന കൽപനയടങ്ങിയതായിരുന്നു! പ്രകൃതി മതമായ ഇസ്‌ലാം വായനയെ എത്രയേറെ പ്രോസാഹിപ്പിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ ഈ വചനം തന്നെ ധാരാളം.

മനുഷ്യന് അറിവ് സമ്പാദിക്കുവാൻ മാർഗങ്ങൾ പലതും അല്ലാഹു നിശ്ചയിച്ചു കൊടുത്തിട്ടുണ്ടെങ്കിലും അവയിൽ മുഖ്യമായ ഒന്നത്രെ എഴുത്തും വായനയും. പിന്നെ അവ ശീലമാക്കാനുള്ള ഉപകരണമായ പേനയും. ക്വുർആനിൽ ഒന്നാമതായി അവതരിക്കപ്പെട്ട വചനങ്ങളിൽ വായിക്കുവാൻ കൽപിക്കുന്നതോടൊപ്പം തന്നെ പേനയുടെ കാര്യം എടുത്തു പറഞ്ഞിരിക്കെ എഴുത്തിനും വായനക്കും സത്യവിശ്വാസികൾ എത്രമാത്രം വില കൽപിക്കേണ്ടതുണ്ടെന്ന് അനുമാനിക്കാം.

വായിക്കുവാനും പഠിക്കുവാനും ഏറ്റവും അർഹമായതും അനിവാര്യമായതും വിശുദ്ധക്വുർആൻ തന്നെയാണ്. ക്വുർആൻ വിജ്ഞാനത്തിന്റെ അത്ഭുത സാഗരമാണ്. കേവലമായ 'വായന'ക്കപ്പുറം പഠനമാണ് വേണ്ടത്. അങ്ങനെയൊരു പഠനം ഭൂരിപക്ഷം വിശ്വാസികളും ശരിയായ വിധത്തിൽ നടത്തുന്നില്ല എന്നതാണ് വസ്തുത. ആ കാരണത്താൽ തന്നെയാണ് ഒരിക്കലുമുണ്ടാകാൻ പാടില്ലാത്ത ഭിന്നിപ്പുകൾ സമുദായത്തിൽ ഉടലെടുക്കുന്നത്.

ഇസ്‌ലാമിനോളം വായനക്ക് മഹത്ത്വം നൽകുന്ന മറ്റൊരു മതവും ഇല്ലതന്നെ..! എന്നാൽ ഈ ഐ.ടി കാലഘട്ടത്തിൽ ആഴത്തിലുള്ള വായനകളും എഴുത്തുകളും വിരളമാവുകയാണ്. വീഡിയോ ഗെയ്മുകളും ഇന്റർനെറ്റും ആളുകളുടെ സമയം കവരുകയാണ്. എന്തൊക്കെയോ വായിച്ചുതള്ളുന്നു എന്നല്ലാതെ ജീവിതത്തിൽ ഉപകാരപ്പെടുന്ന ഒന്നും വായിക്കുന്നില്ല. ഗൗരവതരമായ വായനയർഹിക്കുന്ന ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വായിക്കാൻ അൽപം ചിലർ മാത്രമെ സന്മനസ്സ് കാണിക്കുന്നുള്ളൂ.

കെ.പി രാമനുണ്ണി പറഞ്ഞതുപോലെ കാക്കത്തൊള്ളായിരം ഇസ്‌ലാമിക ആനുകാലികങ്ങൾ കേരളത്തിൽ പുറത്തിറങ്ങുന്നുണ്ട്. പലതും വെറും ചവറുകൾ മാത്രം. എന്നാൽ 'നേർപഥം' തികച്ചും വേറിട്ട ഒരു പ്രസിദ്ധീകരണമാണ്. അറിയാനും അറിയിക്കാനും വേണ്ടുവോളം അതിലുണ്ട്. സോഷ്യൽ മീഡിയകളിൽ ഓൺലൈനായി ജീവിക്കുകയും സമൂഹത്തിൽ ഓഫ് ലൈനായി മാറുകയും ചെയ്യുന്ന പുത്തൻ സമൂഹത്തിന് ഇതൊരു 'നേർപഥം' ആകട്ടെ എന്ന് ആശിക്കുന്നു, ആശംസിക്കുന്നു.

**-സഹൽ ആദം**

### വരുമാനം വിശുദ്ധമാക്കുക

'നേർപഥം' ലക്കം 23ലെ വരുമാനം വിശുദ്ധമാക്കുക എന്ന ലേഖനം ശ്രദ്ധേയമായിരുന്നു. ഭക്ഷണവും സമ്പാദ്യവും വിശുദ്ധീകരിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് വിരൽചൂണ്ടുന്ന നിരവധി നിർദേശങ്ങൾ ക്വുർആനിലും സുന്നത്തിലും കാണാം. ഇന്ന് ആളുകൾ ഇതെല്ലാം എത്ര കണ്ട് പരിഗണിക്കുന്നുണ്ട്? ഇസ്‌ലാം വിലക്കിയ മാർഗങ്ങളിലൂടെ സമ്പത്ത് കൊഴുപ്പിക്കാൻ കോപ്പുകൂട്ടുന്നവരും വരുമാനം വിശുദ്ധമല്ല എന്ന അറിവോടെ തന്നെ അതിൽ ഉറച്ചുനിൽക്കുന്നവരും എന്തുതന്നെയാണെങ്കിലും ജീവിക്കാൻ ഇതൊക്കെ വേണമെന്ന് തെറ്റിദ്ധരിച്ച് ഹറാമിൽ വിഹരിക്കുന്നവരും ഇന്ന് എത്രയാണ് സമൂഹത്തിൽ! പണത്തിന്റെ വിഷയത്തിൽ പ്രമാണങ്ങളുടെ കൂടെ നിൽക്കാൻ എത്രയാളുകൾക്ക് കഴിയുന്നുണ്ട്? ഹറാമിന് എന്തൊക്കെ ന്യായീകരണങ്ങൾ നാം നിരത്തിയാലും നമ്മുടെ അകംപൊരുൾ നന്നായി അറിയുന്ന റബ്ബിന്റെ മുന്നിൽ ഈ ന്യായീകരണങ്ങൾ നമുക്ക് ഫലം ചെയ്യുമോ? ഇല്ല എന്നു തീർച്ചയാണ്. അഭിനന്ദനങ്ങൾ.

**-യൂനുസ്.കെ.എം, വട്ടക്കിണർ**

### പക്വമായ ഇടപെടൽ

വായിക്കുവാൻ ഏറെ പ്രസിദ്ധീകരണങ്ങളുള്ള നാട്ടിൽ അർഥപൂർണമായ വായനക്ക് അവസരം നൽകുകയാണ് 'നേർപഥം.' പക്വമായ ഇടപെടലുകളാണ് കാലിക വിഷയങ്ങളിൽ നേർപഥം നടത്തുന്നത്. വിമർശനങ്ങളിലുള്ള മാന്യമായ ശൈലിയും എടുത്തു പറയത്തക്കതാണ്. ഒരു ഇസ്‌ലാമിക ആനുകാലികം എങ്ങനെയാവണം എന്നതിന് മാതൃകയാണ് 'നേർപഥം.' ഈ ഗുണങ്ങൾ നിലനിർത്തി മുന്നോട്ടു പോകുവാൻ സാധിക്കണം. സർവശക്തൻ അനുഗ്രഹിക്കട്ടെ.

**-അൻവർ സാദത്ത്. കെ.പി, കൊണ്ടോട്ടി**

മുഖമൊഴി

# പ്രബോധനവീഥിയിൽ ക്ഷമ അനിവാര്യം

മതപ്രബോധനം എന്നത് അത്ര സുഖകരമായ പ്രവർത്തനമല്ല എന്ന് പ്രവാചകന്മാരുടെ ചരിത്രങ്ങൾ വ്യക്തമാക്കുന്നുണ്ട്. പരിഹാസങ്ങളും കുത്തുവാക്കുകളും ആക്ഷേപങ്ങളും ദുരാരോപണങ്ങളും ശാരീരികമായ അക്രമങ്ങളുമെല്ലാം പ്രബോധനവഴിയിൽ പ്രവാചകന്മാർ അനുഭവിച്ചിട്ടുണ്ട്. പല പ്രവാചകന്മാരും കൊലചെയ്യപ്പെട്ടിട്ടുപോലുമുണ്ട്. ഏറിയും കുറഞ്ഞും എക്കാലത്തും ഇതെല്ലാം ഉണ്ടായിട്ടുണ്ട്. ഇക്കാലത്തും ഉണ്ടാകും.

പ്രബോധന മേഖലകളിലുണ്ടാകുന്ന പ്രയാസങ്ങൾക്കും എതിർപ്പുകൾക്കും മുമ്പിൽ ക്ഷമ ആവശ്യമാണ്. മാന്യമായും ഗുണകാക്ഷയോടും കൂടിയായിരിക്കണം സൽവഴി ചൂണ്ടിക്കാണിക്കുന്നത്. അല്ലാഹു പറയുന്നു: "യുക്തിദീക്ഷയോടുകൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ചുകൊള്ളുക. ഏറ്റവും നല്ല നീരിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ..." (അന്നഹ്ൽ: 125, 126).

ജീവിതയാത്രയിലെ വിവിധങ്ങളായ ഘട്ടങ്ങളിൽ ക്ഷമിക്കുന്നവനായിരിക്കണം ഒരു വിശ്വാസി. എല്ലാം അല്ലാഹുവിങ്കൽ നിന്നാണെന്ന് മനസ്സിലാക്കുകയും അതിൽ തൃപ്തിയടയുകയും അതിന്ന് കീഴൊതുങ്ങുകയും ചെയ്യുക. നിരാശ, കോപം തുടങ്ങി മുതലായവരിൽ നിന്ന് നാവിനെയും ശരീരത്തെയും നിയന്ത്രിക്കുകയും ചെയ്യുക.

വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ് ക്ഷമ എന്നത്. ഈമാൻ കാര്യങ്ങളിൽ ഒന്നാണല്ലോ വിധിയിലുള്ള വിശ്വാസം. പ്രബോധന രംഗത്തെ കടുത്ത എതിർപ്പുകൾ ചൂണ്ടിക്കാട്ടി അതിൽനിന്നും പാടെ ഒഴിവാകുക എന്നത് പ്രവാചകന്മാരുടെ മാതൃകകൾക്ക് വിരുദ്ധമാണ്.

പ്രയാസഘട്ടങ്ങളിൽ ആര് ക്ഷമിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നു, ആര് നിരാശനാവുകയും കോപിക്കുകയും ചെയ്യുന്നു എന്ന് സ്രഷ്ടാവ് പരീക്ഷിക്കുകയാണ് എന്ന ബോധം അനിവാര്യമാണ്. നബിﷺ പറയുന്നു: "പരീക്ഷണത്തിന്റെ കാഠിന്യത്തിനനുസരിച്ചാണ് പ്രതിഫലത്തിന്റെ ആധിക്യം. അല്ലാഹു ഒരു സമൂഹത്തെ ഇഷ്ടപ്പെട്ടാൽ അവരെ പരീക്ഷണങ്ങൾക്കു വിധേയരാക്കും. പരീക്ഷണങ്ങളിൽ ആരെങ്കിലും തൃപ്തിപ്പെട്ടാൽ അവന് അല്ലാഹുവിന്റെ തൃപ്തിയുണ്ട്. കോപിച്ചാൽ അല്ലാഹുവിന്റെ കോപവുമുണ്ട്" (തിർമിദി).

തന്റെ കാര്യം അല്ലാഹുവിലേൽപിക്കലും അവനെക്കുറിച്ച് സദ്വിചാരം വെച്ച് പുലർത്തലും അവന്റെ പ്രതിഫലത്തിൽ പ്രതീക്ഷയർപിക്കലുമാണ് ഹദീഥിൽ പറഞ്ഞ തൃപ്തികൊണ്ട് ഉദ്ദേശിക്കുന്നത്.

മനുഷ്യജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങളിലും ബുദ്ധിമുട്ടുകളിലും നമസ്കാരം കൊണ്ടും ക്ഷമ കൊണ്ടും സഹായം തേടാനാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. കാരണം അതിലാണ് നന്മയും നല്ല പര്യവസാനവുമുള്ളത്. അല്ലാഹു ക്ഷമിക്കുന്നവരുടെ കൂടെയാണ്.

"സത്യവിശ്വാസികളേ, നിങ്ങൾ സഹനവും നമസ്കാരവും മൂലം (അല്ലാഹുവിനോട്) സഹായം തേടുക. തീർച്ചയായും ക്ഷമിക്കുന്നവരോടൊപ്പമാകുന്നു അല്ലാഹു" (അൽബക്വറ: 153).

ക്ഷമയുടെ പ്രാധാന്യവും അതിന്റെ ആവശ്യകതയുമാണ് ഈ ആയത്ത് സൂചിപ്പിക്കുന്നത്. വിശ്വാസത്തിന് ശക്തിപകരുന്ന ഒന്നുകൂടിയാണ് ക്ഷമ. അതിനാൽ പ്രബോധവീഥിയിൽ ക്ഷമയവലംബിച്ച് മുന്നോട്ട് പോകുക; സർവശക്തൻ സഹായിക്കാതിരിക്കില്ല.

ശമീർ മദീനി
shameermadeeni@gmail.com

# അധർമത്തിനെതിരെ അണിചേരുക

**"ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക" (വി.ക്വുർആൻ 8:25)**

**നാം** ജീവിക്കുന്ന സമൂഹത്തിൽ നിരവധി തിന്മകളും അധർമങ്ങളും നാം കാണാറുണ്ട്. ദൈവത്തിനുമാത്രം അവകാശപ്പെട്ട പ്രാർഥനകളും അർച്ചനകളും ദൈവേതരർക്ക് അർപ്പിക്കപ്പെടുന്നു. അഴിമതി, അക്രമം, സ്വജനപക്ഷപാതം, ചൂഷണം, പിടിച്ചുപറി, മദ്യപാനം, വ്യഭിചാരം... തുടങ്ങി ദൈവവും ദൈവദൂതനും വിലക്കിയ പലതും ഇവിടെ അരങ്ങു തകർക്കുന്നതായി നാം കാണുന്നു. ഇവയൊക്കെ അക്രമവും അധർമവുമാണെന്നറിഞ്ഞിട്ടും അവയ്ക്കെതിരെ പ്രതികരിക്കാതിരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് ഞാൻ അതിലൊന്നിലും പങ്കു ചേരുന്നില്ലല്ലോ, ഉപ്പുതിന്നവൻ വെള്ളം കുടിച്ചുകൊള്ളും എന്ന ന്യായമായിരിക്കാം. ഒരുവേള ഇത്തരം അധർമങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ പ്രതികരിക്കുന്നവരോട് ഐക്യപ്പെടുവാനോ അനുകൂലിക്കുവാനോ പോലും തയാറാകാതെ 'എന്തിനാ നിങ്ങൾ കുഴപ്പമുണ്ടാക്കുന്നത്? അവരെ അവരുടെ പാട്ടിന് വിട്ടേക്കൂ. അതിന്റെ വരുംവാരായ്കകൾ അവർ തന്നെ അനുഭവിച്ചുകൊള്ളുമല്ലോ' എന്നും പറഞ്ഞേക്കാം. നമ്മെയും നമ്മുടെ ആളുകളെയും നേരിട്ട് ബാധിക്കാത്ത തെറ്റ് ചെയ്യുന്ന വ്യക്തിയിൽ മാത്രം ഒതുങ്ങിനിൽക്കുമെന്ന് നാം കണക്കു കൂട്ടുന്ന തിന്മകളുടെ കാര്യത്തിലാണെങ്കിൽ പ്രത്യേകിച്ചും. സമൂഹം പൊതുവിൽ അത്തരക്കാരെയാണ് അംഗീകരിക്കുകയും മാന്യന്മാരെന്ന് വിലയിരുത്തുന്നതും. എന്നാൽ വസ്തുത അങ്ങനെയല്ല.

നബിﷺ പറയുന്നു: "അല്ലാഹുവിന്റെ അതിർവരമ്പുകൾ പാലിക്കുകയും അവ അതിർലംഘിക്കുകയും ചെയ്യുന്നവരുടെ ഉപമ ഒരു കപ്പൽ യാത്രക്കാരുടേതു പോലെയാണ്. രണ്ടു തട്ടുള്ള കപ്പലിൽ യാത്രക്ക് ഒരുങ്ങിയപ്പോൾ അവർ നറുക്കിട്ടു. അങ്ങനെ ചിലർ മുകളിലെ തട്ടിലും മറ്റു ചിലർ താഴെ തട്ടിലുമായി. താഴെ തട്ടിലുള്ളവർക്ക് കുടിവെള്ളം ലഭിക്കണമെങ്കിൽ മുകളിൽ കയറിപ്പോകണമായിരുന്നു. അങ്ങ നെയിരിക്കെ അവരിൽ ചിലർ പറഞ്ഞു: 'നമുക്ക് നമ്മുടെ ഈ ഭാഗത്ത് എവിടെയെങ്കിലും ഒരു ദ്വാരമുണ്ടാക്കിയാൽ മുകളിലുള്ളവരെ ബുദ്ധിമുട്ടിക്കാതിരിക്കാമല്ലൊ'. നബിﷺ തുടരുന്നു: നിങ്ങൾ അവരെ അവരുടെ തീരുമാനവുമായി വിടുകയാണെങ്കിൽ നിങ്ങളെല്ലാവരും നശിക്കും. നിങ്ങൾ അവരുടെ കൈക്ക് പിടിച്ച് വിലക്കുകയാണെങ്കിലോ അവരും നിങ്ങളും എല്ലാവരും രക്ഷപ്പെടുകയും ചെയ്യും"(ബുഖാരി).


ക്വുർആൻ പറയുന്നു: "അല്ലാഹു നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുവാനോ പോകുന്ന ഒരു ജനവിഭാഗത്തെ നിങ്ങളെന്തിനാണ് ഉപദേശിക്കുന്നത് എന്ന് അവരിൽപെട്ട ഒരു സമൂഹം പറഞ്ഞ സന്ദർഭവും (ശ്രദ്ധിക്കുക). അവർ മറുപടി പറഞ്ഞു: നിങ്ങളുടെ രക്ഷിതാവിങ്കൽ (ഞങ്ങൾ) അപരാധത്തിൽനിന്ന് ഒഴിവാകുന്നതിന് വേണ്ടിയാണ്. ഒരുവേള അവർ സൂക്ഷ്മത പാലിച്ചെന്നും വരാമല്ലോ" (7:164).

എന്നാൽ അവരെ ഓർമപ്പെടുത്തിയിരിക്കുന്നത് അവർ മറന്ന് കളഞ്ഞപ്പോൾ ദുഷ്പ്രവൃത്തിയിൽ നിന്ന് വിലക്കിയിരുന്നവരെ നാം രക്ഷപ്പെടുത്തുകയും, അക്രമികളായ ആളുകളെ അവർ ധിക്കാരം കാണിച്ചിരുന്നതിന്റെ ഫലമായി നാം കഠിനമായ ശിക്ഷ മുഖേന പിടികൂടുകയും ചെയ്തു (7:165).

അധർമത്തിനെതിരെ മൗനികളായാൽ ദൈവിക ശിക്ഷയിൽനിന്ന് രക്ഷപ്പെടുക സാധ്യമല്ലെന്നും ശിക്ഷ അക്രമികൾക്ക് മാത്രമായിട്ടായിരിക്കുകയില്ല വന്നെത്തുക എന്നുമാണ് ക്വുർആൻ പഠിപ്പിക്കുന്നത്. അതിനാൽ തിന്മക്കെതിരെ അണിനിരക്കുവാനും മറ്റുള്ളവരെകൂടി നന്മയിലേക്ക് മാർഗദർശനം ചെയ്യാനും തയാറാവുക. അല്ലാഹു അനുഗ്രഹിക്കട്ടെ! ആമീൻ.

ജാലകം

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
mail@nerpatham.com



# സ്വർഗത്തിലേക്ക് കുറുക്കുവഴിയില്ല

നബിﷺ തന്റെ പുത്രി റുക്വിയ്യﷺയെ അന്ത്യയാത്രയാക്കിയപ്പോൾ പറഞ്ഞു: "മകളേ, നല്ലവരായ നമ്മുടെ പൂർവികന്മാരുടെ കൂട്ടത്തിലേക്ക് നീയും തിരിച്ചു ചെല്ലൂ. ഉഥ്മാനുബ്നു മള്ഊനിനെപ്പോലെയുള്ളവരുടെ കൂട്ടത്തിലേക്ക്."

ജീവിതത്തിൽനിന്ന് ഞെട്ടറ്റുവീഴുന്ന വിശ്വാസികളെ മറവുചെയ്യുമ്പോഴും, അതിനുമുമ്പ് അവരെ സത്യമാർഗത്തിലേക്ക് ഉദ്ബോധനം നടത്തിയപ്പോഴുമെല്ലാം ഇഹലോകത്തുനിന്ന് പരലോകത്തേക്ക് നീണ്ടുപോകുന്ന, സ്വർഗംവരെ എത്തിനിൽക്കുന്ന നല്ലവരുടെ ഒരു മാർഗത്തെപ്പറ്റി നബിﷺ പ്രത്യേകം ഉണർത്തിയിരുന്നു. ഒരിക്കൽ നബിﷺ ഇക്കാര്യം ഒരു ചിത്രം വരച്ചുതന്നെ പഠിപ്പിച്ചു. ഇബ്നു മസ്ഊദ്ﷺ പറയുന്നു: നബിﷺ നിലത്ത് ഒരു നേർരേഖ വരച്ചു. പിന്നീട് അതിന്റെ വലത്തും ഇടത്തും വേറെയും രേഖകൾ വരച്ചു. എന്നിട്ട് മധ്യത്തിലുള്ള നേർരേഖയിൽ വിരൽവെച്ചുകൊണ്ട് ഈ ക്വുർആൻ വചനം ഓതി: "ഇത് എന്റെ പാത. നേരെചൊവ്വെയുള്ള പാത. ഇത് നിങ്ങൾ പിൻപറ്റുക. മറ്റുവഴികളെ പിൻപറ്റുകയും ചെയ്യരുത്. അവ നിങ്ങളെ അല്ലാഹുവിന്റെ മാർഗംവിട്ടു ഭിന്നിപ്പിക്കും. അത് സൂക്ഷ്മത പാലിക്കുവാൻ വേണ്ടി നിങ്ങളോട് വസ്വിയ്യത്ത് ചെയ്യുകയാണ്" (അൽഅൻആം 153).

'അസ്സ്വിറാത്വുൽ മുസ്തക്വീം' അഥവാ നേർവഴി എന്നാണ് ക്വുർആനും നബിവചനങ്ങളും ഈ രേഖയെ വിശേഷിപ്പിച്ചത്.

മുമ്പേ നടന്നവരുടെ വഴിയാണ് സ്വിറാത്വുൽ മുസ്തക്വീം. മനുഷ്യസമൂഹത്തിന്റെ ഈ ജീവിതവഴിയിൽ മുന്നിൽ നടക്കാൻ തുടങ്ങിയത് ആദംعليه السلام ആണ്. അദ്ദേഹത്തെ അല്ലാഹു സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ജീവിക്കാനയച്ചു:

"നാം പറഞ്ഞു. നിങ്ങളെല്ലാവരും അവിടെ(സ്വർഗത്തിൽ)നിന്ന് ഇറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽനിന്നുള്ള മാർഗനിർദേശം നിങ്ങൾക്ക് വന്നുകഴിഞ്ഞാൽ എന്റെ മാർഗദർശനം ആർ പിൻപറ്റുന്നുവോ അവർക്കു ഭയപ്പെടേണ്ടതി

ല്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (അൽബക്വറ 38).

ആദംﷺ ആരംഭിച്ച ഈ പ്രയാണം മാനവകുലത്തിന്റെ ജീവിതപ്രയാണമായിരുന്നു. അദ്ദേഹത്തിന്റെ തൊട്ടുപിന്നാലെ ഭാര്യയുമുണ്ട്. സ്വർഗത്തിൽനിന്നു തുടങ്ങി ഇഹലോകജീവിതം വഴി സ്വർഗത്തിലേക്കുതന്നെ തിരിച്ചെത്തുന്ന ജീവിതയാത്ര.

**രണ്ടുവഴികൾ**

ആദം ദമ്പതികളുടെ കൂടെ ചെകുത്താനും ഇഹലോക ജീവിതത്തിലേക്കിറങ്ങി വന്നു:

"അവൻ (ഇബ്‌ലീസ്) പറഞ്ഞു: നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും അവരുടെ പിന്നിലൂടെയും അവരുടെ വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെയും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരെയും നന്ദിയുള്ളവരായി നീ കണ്ടെത്തുന്നതല്ല" (അൽ അഅ്റാഫ് 16,17).

ആദംﷺ നടത്തം ആരംഭിച്ച സ്വർഗത്തിലേക്കുള്ള വഴിക്കു സമാന്തരമായി പിശാചും വേറൊരു വഴിക്കു നടക്കാൻ തുടങ്ങി. സത്യത്തിന്റെയും അസത്യത്തിന്റെയും രണ്ടു വഴികൾ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടു. പിന്നീട് ആദം സന്തതികൾ ഈ രണ്ടുവഴികളിലും അണിനിരന്നു. ആദമിന്റെ രണ്ടു മക്കളിൽ ഒരാൾ (ഹാബീൽ) പിതാവിന്റെ പിന്നിലും മറ്റെയാൾ (ഖാബീൽ) പിശാചിന്റെ പിന്നിലും അണിനിരന്നു. അല്ലാഹു പറയുന്നു:

"(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടു പുത്രൻമാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞുകേൾപിക്കുക: അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം, ഒരാളിൽ നിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽ നിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും. അവൻ (ബലി സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമനിഷ്ഠയുള്ളവരിൽ നിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ. എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈ നീട്ടിയാൽ തന്നെയും, നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെ നേരെ കൈ നീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവെ ഭയപ്പെടുന്നു" (അൽമാഇദ 27,28).

**പരലോകരക്ഷയിലേക്ക് രണ്ടു ലൈനുകളില്ല. ഒന്നു മാത്രമേയുള്ളൂ. പ്രവാചകരും സ്വഹാബികളും ഹവാരിയ്യുകളും സലഫുകളും നിന്ന ഒറ്റവരി. ആ വരിയിൽ മുതിർന്ന സ്ത്രീ–പുരുഷന്മാരും യുവാക്കളും കുട്ടികളുമെല്ലാം ഉണ്ട്. സച്ചരിതരായ പൂർവികരുടെ പിന്നിൽ നാം നിലനിന്നും നമ്മുടെ പിന്നിൽ ഇളംതലമുറകളെയും അണിനിരത്തിയും സ്വിറാത്വുൽ മുസ്തക്വീമിന്റെ കണ്ണിമുറിയാതിരിക്കാൻ നാം കരുതിയിരിക്കുക.**

അങ്ങനെ ഹാബീലും ഖാബീലും രണ്ടുവഴിക്ക് നീങ്ങി.

ആദമിന്റെ മക്കൾ പെരുകിത്തുടങ്ങി. പലരും പല വഴികളിൽ നീങ്ങി. ചിലർ സ്വർഗത്തിൽനിന്നു തുടങ്ങി സ്വർഗത്തിൽ തന്നെ എത്തുന്ന, ആദംﷺ മുന്നിൽ നടക്കുന്ന വഴിയുടെ പിന്നിൽനിന്നു. വേറെ ചിലർ പിശാച് മുന്നിൽ നടക്കുന്ന വഴിയാണ് തുടർന്നത്. പിന്നീട് പിശാചിന്റെ ലൈൻ നീളംകൂടി. പല ലൈനുകളും അതിന്റെ ശാഖകളായുണ്ടായി. ആദമിന്റെ ലൈൻ ഒന്നു മാത്രം. അല്ലാഹു പറഞ്ഞു:

"ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്" (അൽഅൻആം 153).

ഈ സ്വിറാത്വുൽ മുസ്തക്വീമിൽ മുമ്പേ നടന്നവരാണ് പ്രവാചകന്മാർ. പല നബിമാരുടെയും പിതാക്കളെ ആദംﷺ തുടങ്ങിയ ലൈനിൽ കാണുന്നില്ല. ഉദാഹരണമായി ഇബ്റാഹീം നബിﷺന്റെ പിതാവ്. അദ്ദേഹം എതിർലൈനിൽ നിൽക്കുന്നത് കാണാം. പലരുടെയും ഭാര്യമാർ അപ്പുറത്താണ്. പലരുടെയും മക്കൾ അപ്പുറത്തെ പിശാചിന്റെ വഴിയിലാണ്. ഫിർഔൻ പിശാചിന്റെ വരിയിലും ഭാര്യ നേർവരിയിലുമാണ്. രണ്ടുവരിയിലും അണിനിരന്നവരിൽ നിന്ന് ആയുസ്സ് തീർന്നവർ മുമ്പേ കടന്നുപോയി. ഒന്നുകിൽ സ്വർഗത്തിന്റെ മാർഗത്തിലൂടെ, അല്ലെങ്കിൽ നരകത്തിന്റെ വഴിയിലൂടെ. അവർ ജീവിതത്തിന്റെ ഫലം ആസ്വദിച്ചു തുടങ്ങി.

**നമ്മുടെ വഴി**

ആദംﷺ മുന്നിൽ നടക്കുന്ന, സത്യസന്ധരും രക്തസാക്ഷികളും സച്ചരിതരും പിന്തുടർന്ന ഒരു വഴിയാണ് നാം തെരഞ്ഞെടുത്തിട്ടുള്ളത്. ആ വരിയിൽ അണിനിരന്നവരുടെ പ്രത്യേകതകളെന്താണ്? ക്വുർആനിൽ തന്നെ വായിക്കുക:

"പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു. തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു അവർ. ഇപ്രകാരം പറയുന്നവരുമാകുന്നു അവർ: ഞങ്ങളുടെ

രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു. ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ.

അല്ലാഹുവോടൊപ്പം വേറെയൊരു ആരാധ്യനെയും വിളിച്ചു പ്രാർഥിക്കാത്തവരും അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവന്നു ശിക്ഷ ഇരട്ടിയാക്കപ്പെടുകയും നിന്ദ്യനായിക്കൊണ്ട് അവൻ അതിൽ എന്നെന്നും കഴിച്ചുകൂട്ടുകയും ചെയ്യും. പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാറ്റിക്കൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു.

വല്ലവനും പശ്ചാത്തപിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അല്ലാഹുവിങ്കലേക്ക് ശരിയായ നിലയിൽ മടങ്ങുകയാണ് അവൻ ചെയ്യുന്നത്. വ്യാജത്തിന് സാക്ഷിനിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കുന്നേടത്തുകൂടി പോകുകയാണെങ്കിൽ മാന്യൻമാരായിക്കൊണ്ട് കടന്നുപോകുന്നവരുമാകുന്നു അവർ.

തങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ.

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ. അത്തരക്കാർക്ക് തങ്ങൾ ക്ഷമിച്ചതിന്റെ പേരിൽ (സ്വർഗത്തിൽ) ഉന്നതമായ സ്ഥാനം പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതുമാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. എത്ര നല്ല താവളവും പാർപ്പിടവും!" (അൽഫുർകാൻ 63-76).

സ്വർഗത്തിൽനിന്ന് തുടങ്ങി സ്വർഗത്തിലേക്ക് നീളുന്ന ആ വരിയിൽ അണിനിരന്നവരുടെ വിശ്വാസങ്ങളും സ്വഭാവങ്ങളും നിഷ്ഠകളും വിശുദ്ധ ക്വുർആനിലും നബിവചനങ്ങളിലും ധാരാളമായി കാണാം. വഴിതെറ്റിക്കുന്ന പിശാചിന്റെ വലയത്തിൽ പെട്ട് ഒരുവേള ഈ വരിയിൽനിന്ന് തെറ്റിപ്പോയി കളവും വഞ്ചനയും കലഹവും വ്യാജവിശ്വാസങ്ങളും ആചാരവൈകൃതങ്ങളും ചെയ്തുപോയാൽ തന്നെ വീണ്ടും തിരിച്ചുവരാനുള്ള പഴുതുകളും ധാരാളമുണ്ട്.

ദിവസവും അഞ്ചുനേരം "ഇഹ്ദിനസ്സിറാത്വൽ മുസ്തക്വീം..." (നാഥാ! നീ ഞങ്ങളെ നേരായ വഴിയിൽ ചേർക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ, കോപിക്കപ്പെട്ടവരുടെയും വഴിപിഴച്ചവരുടെയും മാർഗത്തിലല്ല) എന്നിങ്ങനെ ഒറ്റക്കും കൂട്ടായും നമസ്കാരങ്ങളിൽ ഓതൽ നിർബന്ധമായ ഫാതിഹയിലൂടെ പതിനേഴ് പ്രാവശ്യം നിർബന്ധമായും ആവർത്തിച്ച് പ്രാർഥിക്കാൻ അല്ലാഹു കൽപിച്ചതും സ്വർഗത്തിലേക്കുള്ള ഈ വഴിയിൽ നിന്ന് ഒരിക്കലും തെറ്റാതിരിക്കാനാണ്.

പരലോകരക്ഷയിലേക്ക് രണ്ടു ലൈനുകളില്ല. ഒന്നു മാത്രമേയുള്ളൂ. പ്രവാചകരും സ്വഹാബികളും ഹവാരിയ്യുകളും സലഫുകളും നിന്ന ഒറ്റവരി. ആ വരിയിൽ മുതിർന്ന സ്ത്രീ-പുരുഷന്മാരും യുവാക്കളും കുട്ടികളുമെല്ലാം ഉണ്ട്.

സച്ചരിതരായ പൂർവികരുടെ പിന്നിൽ നാം നിലനിന്നും നമ്മുടെ പിന്നിൽ ഇളംതലമുറകളെയും അണിനിരത്തിയും സ്വിറാത്വുൽ മുസ്തക്വീമിന്റെ കണ്ണിമുറിയാതിരിക്കാൻ നാം കരുതിയിരിക്കുക.

"നൻമയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ. വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്" (ആലുഇംറാൻ 105,106).


## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി



# മനസ്സുകൾക്ക് പൂട്ടിടുവാൻ മനുഷ്യർക്കാകുമോ?

**കൊ**ടിഞ്ഞിയിലെ ഫൈസൽ എന്ന യുവാവിനെ ഏതാനും അക്രമികൾ ചേർന്ന് വെട്ടിനുറുക്കി കൊന്നത് അടുത്ത കാലത്താണ്. അദ്ദേഹം ആരെയെങ്കിലും കൊല്ലുകയോ കൊള്ളനടത്തുകയോ ഏതെങ്കിലും സ്ത്രീയെ ബലാത്സംഗം ചെയ്യുകയോ ചെയ്തതിനുള്ള പ്രതികാരത്തിന് ഇരയായിട്ടല്ല കൊല്ലപ്പെട്ടത്; മറിച്ച് താൻ ജനിച്ചുവളർന്നത് ഏത് മതത്തിലാണോ ആ മതത്തെക്കാൾ യുക്തിഭദ്രവും മനസ്സിനിണങ്ങുന്നതുമായ മറ്റൊരു മതത്തിലേക്ക് അഥവാ ഇസ്‌ലാമിലേക്ക് മാറിയതിനാലാണ്! വിദ്യാസമ്പന്നയും പ്രായപൂർത്തിയെത്തിയ വ്യക്തിയുമായ ഹാദിയ എന്ന പെൺകുട്ടി കാരാഗ്രഹവാസത്തിന് സമാനമായ രീതിയിൽ വീട്ടുതടങ്കലിൽ കഴിയുന്നതിന്റെ കാരണവും മറ്റൊന്നല്ല.

യഥാർഥത്തിൽ മനസ്സിൽ നടക്കുന്ന ഈ മാറ്റംകൊണ്ട് സമൂഹത്തിനോ രാജ്യത്തിനോ എന്ത് നഷ്ടമാണ് വരാനിരിക്കുന്നത്? മതപരിവർത്തനം ഒരു കുറ്റകൃത്യമാണെങ്കിൽ ഒരു രാഷ്ട്രീയ പാർട്ടി വിട്ട് മറ്റൊരു പാർട്ടിയിൽ ചേരുന്നതും കുറ്റമാകേണ്ടതല്ലേ? വാസ്തത്തിൽ, ഉറങ്ങിയെഴുന്നേൽക്കും മുമ്പ് പാർട്ടിമാറുന്ന, കോടികളുടെ പണക്കിലുക്കത്തിൽ രാഷ്ട്രീയ കുതിരക്കച്ചവടം നടത്തുന്ന, വോട്ട് ചെയ്ത ജനങ്ങളെ വഞ്ചിച്ചുകൊണ്ട് പാർട്ടി മാറി ഭരണത്തെ അട്ടിമറിക്കുന്ന, കോടിക്കണക്കിന് രൂപയുടെ നഷ്ടം നാട്ടിന് വരുത്തിവെച്ച് ഇടക്കാല തെരഞ്ഞെടുപ്പിന് വഴിവെക്കുന്ന കാലുമാറൽ രാഷ്ട്രീയം വരുത്തിവെക്കുന്ന തരത്തിലുള്ള നഷ്ടം രാജ്യത്തിനോ സമൂഹത്തിനോ കുടുംബത്തിനോ ഒരാളുടെ മതംമാറ്റം വരുത്തിവെക്കുന്നുണ്ടോ? ഒരിക്കലുമില്ല. പിന്നെ എന്തിനീ പുകിലുകളെല്ലാം?

ഭരണഘടനയനുസരിച്ച് ഇന്ത്യ ഒരു ജനാധിപത്യ സെക്കുലർ റിപ്പബ്ലിക്കാണ്. ഇതനുസരിച്ച് രാഷ്ട്രം മതങ്ങൾക്കിടയിൽ വിവേചനം കാണിക്കുന്നില്ല. രാഷ്ട്രത്തിന് ഔദ്യോഗിക മതമില്ല. പക്ഷേ, പൗരന്മാർക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് ആചരിക്കാനും അവകാശമുണ്ട്. ഒരു മതത്തിലും വിശ്വസിക്കാതിരിക്കാനുള്ള അവകാശവും പൗരനുണ്ട്.

**ഇന്ത്യൻ ഭരണഘടനയും മതസ്വാതന്ത്ര്യവും**

പൊതുക്രമത്തിനും ധാർമികതക്കും വിധേയമായും ഭരണഘടനയിലെ 3-ാം ഭാഗത്തെ വ്യവസ്ഥകൾക്കു വിധേയമായും എല്ലാ വ്യക്തികൾക്കും തുല്യമായ മനസ്സാക്ഷിസ്വാതന്ത്ര്യവും സ്വതന്ത്രമായി മതത്തിൽ വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഇന്ത്യൻ ഭരണഘടനയുടെ 25-ാം വകുപ്പ് നൽകുന്നുണ്ട്. മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിലെ (Universal Declaration of Human Rights) 18ാം വകുപ്പ് ചിന്താ സ്വാതന്ത്ര്യവും മനസ്സാക്ഷി സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉറപ്പു നൽകിയിരിക്കുന്നു. ഈ അവകാശം ഒരാളുടെ മതം അഥവാ വിശ്വാസം മാറാനുള്ള സ്വാതന്ത്ര്യവും ഒറ്റക്കോ മറ്റുള്ളവരോടൊപ്പം സമൂഹത്തിലോ പരസ്യമായി അഥവാ സ്വകാര്യമായി, പ്രബോധനം, അഭ്യസനം, ആരാധന, നിഷ്ഠ എന്നിവയിൽ ഒരാളുടെ മതമോ വിശ്വാസമോ വെളിപ്പെടുത്താനുള്ള സ്വാതന്ത്ര്യവും ഉറപ്പുതന്നിരിക്കുന്നു. അതുകൊണ്ട് മതസ്വാതന്ത്ര്യം ഉണ്ടായിരിക്കാനുള്ള അവകാശം (The Right to Religious Freedom) ഇന്ത്യയിൽ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള മാനുഷ്യാവകാശമാണ്.

ഭരണഘടനാ നിർമാണവേളയിൽ കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ലി സ്ഥാപിച്ച ന്യൂനപക്ഷങ്ങൾക്കായുള്ള കമ്മിറ്റി ഇങ്ങനെ ശുപാർശ ചെയ്തു; ഇസ്‌ലാം, ക്രിസ്തു മതം എന്നിവപോലുള്ള മതങ്ങൾ പരിവർത്തനവിശ്വാസങ്ങൾ (proselytising faiths) ആയതിനാൽ അവർക്ക് മതം പ്രചരിപ്പിക്കാനുള്ള അവകാശം ഒരു മൗലികാവകാശമായി ഭരണഘടനയിൽ ഉൾപ്പെടുത്തുന്നത് അഭിലഷണീയമായിരിക്കും. മതപരിവർത്തനം ചെയ്യിക്കുക (proselytize) എന്ന വാക്കിന്റെ അർഥം ഒരുവനെ ഒരു മതവിശ്വാസത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാനസാന്തരപ്പെടുത്തുകയെന്നാണ്.

**മതപരിവർത്തനം നിയമവിധേയവും നിയമവിരുദ്ധവും**

ബലപ്രയോഗം, വഞ്ചന, പ്രലോഭനം എന്നിവ മൂലമുള്ള മതം മാറ്റമാണ് നമ്മുടെ രാജ്യത്ത് നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നത്. മാനസാന്തരത്തിനു വിധേയനാകാൻ ഒരു വ്യക്തിക്ക് അവകാശമില്ലെന്ന് ഭരണഘടനയോ സുപ്രീം കോടതിയോ പറഞ്ഞിട്ടില്ല. ഒരു മതത്തിൽ നിന്ന് മറ്റൊന്നിലേക്കുള്ള മാറ്റം രണ്ടു വ്യക്തികൾക്കുള്ള മൗലികാവകാശം നിയമാനുസൃതം പ്രയോഗിക്കുന്നതിന്റെ ഫലമായിട്ടു സംഭവിക്കാം. ഒരു വ്യക്തിക്ക് തന്റെ മതം പ്രചരിപ്പിക്കാനുള്ള മൗലികാവകാശവും മറ്റേ വ്യക്തിക്ക് മനസ്സാക്ഷി സ്വാതന്ത്ര്യവും തനിക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനുമുള്ള അവകാശവും നൽകുന്നു. യഥാർഥവും ആത്മാർഥവുമായ മതപരിവർത്തനത്തിൽ ഒരുവൻ മറ്റൊരുത്തന്റ മതത്തെ ബലംപ്രയോഗിച്ചു മാറ്റുന്നില്ല. ഹൃദയപരിവർത്തനത്തിനു വിധേയനായി സ്വാതന്ത്ര്യത്തോടെ തന്റെ മതത്തിൽ നിന്നു മാറുകയും ബോധ്യവും മനസ്സാക്ഷിയുമനുസരിച്ച് പുതിയ മതം സ്വീകരിക്കുകയുമാണു ചെയ്യുന്നത്.

ഒരുവൻ മനംമാറ്റത്തിനു വിധേയനാവുകയും സ്വമനസ്സാ മറ്റൊരു മതം സ്വീകരിക്കുകയും ചെയ്യുന്നത് ഇന്ത്യൻ മതനിരപേക്ഷതക്ക് ഒരിക്കലും എതിരല്ല എന്ന് വ്യക്തം. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ഹിന്ദുവിനോ മുസ്‌ലിമിനോ മാനസാന്തരപ്പെട്ട് ക്രിസ്ത്യാനിയാകാൻ അവകാശമുണ്ടെങ്കിൽ, ഒരു ക്രൈസ്തവന് മാനസാന്തരപ്പെട്ട് ഒരു ഹിന്ദുവോ മുസ്‌ലിമോ ആകാൻ അതുപോലെ തന്നെ അവകാശമുണ്ടെന്നു സമ്മതിക്കണം. ഭരണഘടന അംഗീകരിച്ചിട്ടുള്ള ഈ അവകാശം ഒരു വ്യക്തിക്ക് മനസ്സാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും ഉപയോഗിച്ച് സ്വമനസ്സാലെ തന്റെ മതത്തിൽ നിന്നു മാറി പുതിയ ഒരു മതം സ്വീകരിക്കാനുള്ള അവകാശമാണ്. പക്ഷേ, അത്തരം മതപരിവർത്തനം ബലപ്രയോഗമോ വഞ്ചനയോ വശീകരണമോ പ്രേരണയോ (force, fraud, enticement, inducement) കൊണ്ട് സംഭവിക്കുന്നതായിരിക്കരുത്. അതുകൊണ്ട് ബലപ്രയോഗമോ വഞ്ചനയോ വശീകരണമോ പ്രേരണയോ മൂലമല്ലാതെ ഏതു മതത്തിലേക്ക് മാറിയാലും എതിർക്കപ്പെടേണ്ടതല്ല.

**കാണാതെ പോകുന്ന ജാതിവിവേചനം**

സത്യാന്വേഷണത്വരയും ആത്മീയ ചിന്തയുമുള്ള ഒരു സമൂഹത്തിൽ നടക്കുന്ന കാര്യമാണ് മതംമാറ്റം. സാമ്പത്തികവും സാമൂഹികവുമായ പശ്ചാത്തല കാരണങ്ങൾ പലതും ചില മതംമാറ്റത്തിനു പിന്നിൽ ഉണ്ടായിരിക്കാമെങ്കിലും ഇന്ത്യൻ സമൂഹത്തിൽ നടക്കുന്ന മതപരിവർത്തനങ്ങളെ മുൻവിധിയില്ലാതെ പഠിക്കുവാനും വിലയിരുത്തുവാനും അതിന്റെ വിമർശകർ ഇതുവരെ തയാറായിട്ടില്ല. ഘർവാപസിയെന്നും പറഞ്ഞ് കൂട്ട മതപരിവർത്തനം നടത്തി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നവർ സൗകര്യപൂർവം വിസ്മരിക്കുന്ന ഒരു യാഥാർഥ്യമുണ്ട്.

**മതംമാറ്റത്തെക്കുറിച്ച് വ്യക്തിനിഷ്ഠ വീക്ഷണങ്ങളെ പിൻതാങ്ങുന്ന പ്രേരണകൾ എന്തൊക്കെയെന്ന് അന്വേഷിക്കുമ്പോൾ ലഭിക്കുന്ന ഉത്തരങ്ങൾ പരമപ്രധാനമാണ്. ഇസ്‌ലാമിലേക്കുള്ള മതംമാറ്റം മാത്രം സജീവമായി ചർച്ചാവിഷയമാക്കുകയും ഇസ്‌ലാമിലേക്ക് മാറുന്ന വ്യക്തികൾക്ക് ചില മതബാഹ്യമായ ഉത്തരവാദിത്തങ്ങൾ സങ്കൽപിക്കുകയും ചെയ്യുന്നതിൽ വ്യാപൃതരായ ബുദ്ധിജീവികൾ ലക്ഷ്യമാക്കുന്നത് ഇസ്‌ലാമിന്റെ അതിജീവനത്തെയും വ്യാപനത്തെയും തടയുക എന്നതു മാത്രമാണ്.**

മേൽജാതിക്കാരുടെ അയിത്തവും പീഡനവും വിവേചനവും സഹിക്കവയ്യാതെ, ബ്രാഹ്മണ്യത്തിന്റെയും സവർണ മേൽക്കോയ്മയുടെയും നീരാളിക്കൈകളിൽ നിന്ന് രക്ഷ നേടാനും അംഗീകരിക്കപ്പെടുന്ന വ്യക്തിത്വത്തോടെ ജീവിക്കാനും ആഗ്രഹമുള്ളവരാണ് പല കാലങ്ങളിലായി ഹൈന്ദവേതര മതങ്ങളിൽ വിശിഷ്യാ ഇസ്‌ലാമിൽ അഭയംപ്രാപിച്ചിട്ടുള്ളത്. വികസനത്തിന്റെയും ദേശീയതയുടെയും പാരമ്പര്യത്തിന്റെയും വർണക്കടലാസിൽ പൊതിഞ്ഞാലും ജാതി-വർണ വിവേചനത്തിന്റെ ഭീകരമുഖം പുറത്തുകാണാതിരിക്കില്ല. ഏതാനു ദിവസം മുമ്പാണ് തമിഴ്‌നാടിലെ ചക്ലിയ വിഭാഗം താഴ്ന്ന ജാതിക്കാരായതിനാൽ അക്രമിക്കപ്പെട്ട് ക്ഷേത്രപരിസരത്ത് കഴിച്ചുകൂട്ടുന്ന വാർത്ത മാധ്യമങ്ങളിലൂടെ പുറത്തുവന്നത്. ഇത് തുടർന്നുകൊണ്ടേയിരിക്കുകയാണ്; ഇന്ത്യയിലാകമാനം. പ്രബുദ്ധ കേരളമാണ് ആകെയുള്ള അപവാദം.

സത്യസന്ധമായ ഇസ്‌ലാമാശ്ലേഷം ഇസ്‌ലാമിനെ ജീവിത മോക്ഷത്തിന്റെ തത്ത്വശാസ്ത്രമായി സ്വീകരിക്കുന്ന തരത്തിലുള്ളവയായിരിക്കുമെന്നതിനാൽ ബുദ്ധിജീവികളും ഇസ്‌ലാം വിമർശകരും മതംമാറ്റമെന്ന് കേൾക്കുമ്പോൾ ഏറ്റവു മാദ്യം ഓർക്കുന്നത് ഇസ്‌ലാമിനെക്കുറിച്ച് മാത്രമാണ്. ഇസ്‌ലാമിലേക്കുള്ള മതംമാറ്റത്തിലൂടെ ആവിർഭവിക്കുന്ന സാംസ്കാരിക പ്രബുദ്ധതയുള്ള ഒരു കാലഘട്ടത്തെ ഏറെ ഭയപ്പാടോടുകൂടി വീക്ഷിക്കുന്ന സംഘപരിവാറിന്റെ അതേ മനോഭാവമാണ് ഇസ്‌ലാമിനെ വിമർശനവിധേയമാക്കുന്ന ബുദ്ധിജീവികളും പുലർത്തുന്നത്. അനാവശ്യമായ സംവാദങ്ങളിലേക്ക് ഇസ്‌ലാമിനെ വലിച്ചിഴക്കുവാനുള്ള അവസരമായി മതംമാറ്റത്തെ കാണുന്നവർ ഇസ്‌ലാമിനെ കടന്നാക്രമിക്കുവാനുള്ള പശ്ചാത്തലം രൂപപ്പെടുത്തുന്നതിൽ ഉൽസുകരാണ്.

**പക്ഷംചേരുന്ന വിലയിരുത്തലുകൾ**

മതംമാറ്റഭയത്തെ കുറിച്ചുവന്ന ഒരു വിലയിരുത്തലിൽ ഇപ്രകാരം കാണാം: "ഏതു മതംമാറ്റത്തിനും അടിസ്ഥാനമായ ഒരു ഘടകം, വ്യക്തി മനസ്സാ കൊതിക്കുന്ന ഒരു മാതൃലോകമാണ്. അവൻ/അവൾ അതുവരെ ഉൾപ്പെട്ടിരുന്ന സാഹചര്യങ്ങൾ അല്ലെങ്കിൽ മതവിശ്വാസം ആ ലോകത്തെ പ്രദാനം ചെയ്തില്ല. അതുകൊണ്ട് ചോയ്സ് മാറ്റുന്നു. ഈ തെരഞ്ഞെടുപ്പിൽ ഊണും ഉടുതുണിയും മരുന്നും തൊട്ട് ശവപ്പറമ്പിന്റെ വാഗ്ദാനം

**ബലപ്രയോഗം, വഞ്ചന, പ്രലോഭനം എന്നിവ മൂലമുള്ള മതം മാറ്റമാണ് നമ്മുടെ രാജ്യത്ത് നിയമവിരുദ്ധമാക്കപ്പെട്ടിരിക്കുന്നത്. മാനസാന്തരത്തിനു വിധേയനാകാൻ ഒരു വ്യക്തിക്ക് അവകാശമില്ലെന്ന് ഭരണഘടനയോ സുപ്രീം കോടതിയോ പറഞ്ഞിട്ടില്ല. ഒരു വ്യക്തിക്ക് തന്റെ മതം പ്രചരിപ്പിക്കാനുള്ള മൗലികാവകാശവും മറ്റേ വ്യക്തിക്ക് മനസ്സാക്ഷി സ്വാതന്ത്ര്യവും തനിക്ക് ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അത് അഭ്യസിക്കാനുമുള്ള അവകാശവും നൽകുന്നു.**

വരെ ഉണ്ടാകാം. പ്രലോഭനങ്ങൾ ആകർഷകവും ശക്തവുമായിരിക്കാം. അപ്പോഴും തെരഞ്ഞെടുപ്പ് വ്യക്തിയുടേതാണ്. അത് നിഷേധിക്കുകയാണ് എല്ലാത്തരം മതരാഷ്ട്രീയത്തിന്റെയും രീതി."

"മതംമാറുന്നവന് തന്റെ മാനസികമായ സ്വപ്നലോകത്തിലേക്കുള്ള വഴി പലതരത്തിലാകാം. ചിലർ വേറെ മതങ്ങളുടെ വഴി തെരഞ്ഞെടുക്കും. ചിലർ മതരാഹിത്യത്തിന്റെ വഴിയെടുക്കും. യുക്തിവാദിയായാലും അഗ്നോസ്റ്റിക്കായാലും മാതൃകാലോകമെന്ന സങ്കൽപം അപ്പോഴും മനസ്സിലുണ്ടാകും. മാതൃകയെക്കുറിച്ച മാനദണ്ഡങ്ങൾ വ്യത്യസ്തമായിരിക്കും. മതവിശ്വാസികളുടേത് അത്തരം വിശ്വാസങ്ങൾ ശാശ്വതമായിരിക്കുന്ന മാതൃലോകമാണ്'' (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2004 ഒക്ടോബർ 17- 23, പേജ് 27).

ഒരു വ്യക്തിയുടെ സാങ്കൽപിക മാതൃലോകത്തേക്കുള്ള ആഭിമുഖ്യംകൊണ്ട് മതംമാറ്റം സംഭവിക്കുമെന്ന വീക്ഷണം ഉന്നംവെക്കുന്നത് ഇസ്‌ലാമിന്റെ പരലോകവിശ്വാസത്തെയാണ്. വ്യക്തികൾ സ്വന്തം ഭാവനയിൽ രൂപപ്പെടുത്തുന്ന ഒരു വിമോചന ഭൂമികയെപ്പറ്റിയുള്ള ആഭിമുഖ്യങ്ങളോട് ഊണിന്റെയും വസ്ത്രത്തിന്റെയും ശവപ്പറമ്പിന്റെയും പ്രലോഭനങ്ങൾ കൂടിച്ചേരുമ്പോൾ നടക്കുന്നവയാണ് മതംമാറ്റങ്ങൾ എന്ന് പറയുന്നതിലൂടെ മതംമാറ്റത്തിന്റെ വിമർശകർ ചെന്നെത്തുവാൻ ആഗ്രഹിച്ചത് ഇസ്‌ലാം ഇത്തരം സാധ്യതകളുള്ള മതമാണ് എന്ന് വ്യംഗ്യമായി സൂചിപ്പിക്കുന്നിടത്താണ്. എന്നാൽ മറ്റു ചില മതവിമർശകർ, മതംമാറ്റം നടത്തുന്ന വ്യക്തിയുടെ മൂല്യം കണക്കിലെടുത്ത് ആ വ്യക്തി മാറേണ്ടിയിരുന്ന ഇടം നിർണയിക്കുന്ന വളഞ്ഞവഴി സ്വീകരിക്കുകയും അങ്ങനെ എതിർദിശയിൽനിന്ന് ഇസ്‌ലാമിനെ ആക്രമിക്കുകയും ചെയ്യുന്നു. മാധവിക്കുട്ടി ഇസ്‌ലാം മതം സ്വീകരിച്ചതു സംബന്ധിച്ച് സാഹിത്യകാരൻ സക്കറിയ നടത്തിയ അഭിപ്രായ പ്രകടനങ്ങളിൽ ചിലത് ഇത്തരത്തിലുള്ളതായിരുന്നു. സക്കറിയ പറഞ്ഞു: "മതംമാറ്റം എന്ന ആശയത്തോടുതന്നെ എനിക്ക് അൽപംപോലും യോജിപ്പില്ല. മതം ഉപേക്ഷിക്കുക എന്ന ആശയം എനിക്ക് മനസ്സിലാക്കാൻ പറ്റും. അല്ലാതെ ഒരു മതംവിട്ട് മറ്റൊരു മതത്തിന്റെ ബന്ധനത്തിലേക്ക് പോവുക എന്നുള്ളത് ദുഃഖകരമായ കാര്യമാണ്. ഒരു മതം വിട്ടാൽ പിന്നെ രണ്ടു കയ്യും പൊടിതട്ടി സ്വാതന്ത്ര്യം പ്രഖ്യാപിക്കുക എന്നു

ള്ളതാണ് നമുക്ക് ചെയ്യാൻ കഴിയേണ്ടത്. അതിനു പകരം ഒരു മതത്തിൽനിന്ന് മറ്റൊരു മതത്തിലേക്കാണ് മാറിയത് എന്നത് പ്രത്യയശാസ്ത്രപരമായിട്ടും പരാജയമാണ്. പക്ഷേ, അത് മാധവിക്കുട്ടിയുടെ സ്വന്തം തീരുമാനമാണ്. സ്വന്തം തീരുമാനം ഒരാൾക്ക് എങ്ങനെ വേണമെങ്കിലും നടപ്പിലാക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. ഞാൻ അതിനകത്ത് വളരെ പ്രസക്തമായിട്ടു കാണുന്നത്, അമ്പതു വർഷമൊക്കെ ഒരു പ്രത്യേക മതത്തിൽ കഴിഞ്ഞ ഒരാൾക്ക് ഒരു സുപ്രഭാതത്തിൽ വേറൊരു മതത്തിലേക്ക് പോകാം, ഇത്രയൊക്കെയുള്ളൂ ഈ മതംമാറ്റം. ഒരു വസ്ത്രം ഊരി മറ്റൊരു വസ്ത്രം ധരിക്കുന്നതിനെക്കാൾ എളുപ്പമാണ് മതംമാറ്റം എന്ന് മാധവിക്കുട്ടി അതിലൂടെ തെളിയിക്കുകയും ചെയ്തു. ഒരു മതത്തെക്കുറിച്ചുള്ള പാരമ്പര്യവാദങ്ങൾക്കൊന്നും ഒരു പ്രസക്തിയുമില്ല. എന്നാൽ ഒരു മുസ്‌ലിം സ്ത്രീ എന്ന പുതിയ വ്യക്തിത്വത്തെ മാധവിക്കുട്ടി നിർവചിച്ചതും അതിനു കൊടുത്ത അർഥങ്ങളും മുസ്‌ലിം സ്ത്രീകളുടെ ഈ പർദയണിഞ്ഞ അവസ്ഥയെ ന്യായീകരിക്കാൻ ശ്രമിച്ചതുമെല്ലാം മാധവിക്കുട്ടിയുടെ പരാജയങ്ങളാണ്. ആ രീതിയിൽ മാധവിക്കുട്ടിയുടെ മതംമാറ്റം കൊണ്ട് ഇസ്‌ലാമിലെ സ്ത്രീകൾക്ക് ഉണ്ടാകുമായിരുന്ന ഒരു റിലീഫ്, സ്വാതന്ത്ര്യത്തിന്റെയോ വിമോചനത്തിന്റെയോ ഒക്കെയുള്ള ഒരു ഇളക്കം ഉണ്ടാക്കാൻ മാധവിക്കുട്ടിയുടെ മതംമാറ്റംകൊണ്ട് സാധിച്ചില്ല" (മലയാളം വാരിക, 2004 സെപ്റ്റംബർ 3, പേജ് 16).

മതംമാറ്റത്തെക്കുറിച്ച് വ്യക്തികൾക്ക് അവരുടേതായ വീക്ഷണങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ ഈ വ്യക്തിനിഷ്ഠ വീക്ഷണങ്ങളെ പിൻതാങ്ങുന്ന പ്രേരണകൾ എന്തൊക്കെയെന്ന് അന്വേഷിക്കുമ്പോൾ ലഭിക്കുന്ന ഉത്തരങ്ങൾ പരമപ്രധാനമാണ്. ഇസ്‌ലാമിലേക്കുള്ള മതംമാറ്റം മാത്രം സജീവമായി ചർച്ചാവിഷയമാക്കുകയും ഇസ്‌ലാമിലേക്ക് മാറുന്ന വ്യക്തികൾക്ക് ചില മതബാഹ്യമായ ഉത്തരവാദിത്തങ്ങൾ സങ്കൽപിക്കുകയും ചെയ്യുന്നതിൽ വ്യാപൃതരായ ബുദ്ധിജീവികൾ ലക്ഷ്യമാക്കുന്നത് ഇസ്‌ലാമിന്റെ അതിജീവനത്തെയും വ്യാപനത്തെയും തടയുക എന്നതു മാത്രമാണ്. ഇസ്‌ലാമിലേക്കുള്ള മതംമാറ്റം, ഇസ്‌ലാമിനകത്തു കടന്നുകൂടി വ്യതിയാന പ്രവണതകൾ വളർത്തിയെടുക്കുക, തിരുത്തലുകൾ നടത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണെങ്കിൽ അംഗീകരിക്കാവുന്നതാണെന്നും, മറിച്ച് ഇസ്‌ലാമിന്റെ ആത്മീയ ശാന്തിയും സ്വാസ്ഥ്യവും നുകരുക എന്ന ലക്ഷ്യത്തോടെയാണെങ്കിൽ വിമർശിക്കപ്പെടേണ്ടതുമാണ് എന്ന പക്ഷത്തെയാണ് സക്കറിയയുടെ വാക്കുകൾ പ്രതിനിധാനം ചെയ്യുന്നത്.

മതം തികച്ചും വ്യക്തിനിഷ്ഠമാണ്. ഏതുമതം സ്വീകരിക്കുവാനും അതിന്റെ വിശ്വാസവും ആചാരങ്ങളും അനുഷ്ഠിക്കുവാനും അത് പ്രബോധനം ചെയ്യുവാനും ഇന്ത്യൻ ഭരണഘടന അനുവാദം നൽകുന്നുണ്ട് എന്ന് നേരത്തെ സൂചിപ്പിച്ചു. നമ്മുടെ നാട്ടിൽ അനേകം രാഷ്ട്രീയ പാർട്ടികളുണ്ട്. ആർക്കും ഏതു പാർട്ടിയിലും ചേർന്ന് പ്രവർത്തിക്കാം. ഒരു പാർട്ടിവിട്ട് മറ്റൊരു പാർട്ടിയിൽ ചേക്കേറാം. സാധാരണക്കാരും നേതാക്കളും സക്കറിയ പറഞ്ഞതുപോലെ 'ഒരു വസ്ത്രം ഊരി മറ്റൊരു വസ്ത്രം ധരിക്കുന്നതു'പോലെ പാർട്ടി മാറുന്നത് സർവസാധാരണമാണ്. അത് ആ വ്യക്തികളുടെ മൗലികാവകാശമാണ്. അതിനാൽതന്നെ ഒരാൾ കുറെ കാലം പ്രവർത്തിച്ച പാർട്ടിവിട്ട് മറ്റൊരു പാർട്ടിയിൽ ചേരുമ്പോൾ സക്കറിയയോ അതുപോലുള്ളവരോ അതിനെ വിമർശിക്കാറില്ല. എന്നാൽ മതംമാറുന്നതിനെ അസഹിഷ്ണുതയോടെ കാണുകയും ചെയ്യുന്നു. ബുദ്ധിയും വിവേകവും ചിന്താശേഷിയുമുള്ളവനാണല്ലോ മനുഷ്യൻ. പഠനവും മനനവും തുടരുന്നിടത്തോളം കാലം ഉത്തമമായതെന്ന് തോന്നുന്നതിനെ മനുഷ്യൻ പിൻപറ്റും. അല്ലെങ്കിൽ മനുഷ്യനും മൃഗവും തമ്മിലെന്തു വ്യത്യാസം!

എന്നാൽ നിർബന്ധിച്ചോ പ്രലോഭനത്തിലൂടെയോ ഭീഷണിപ്പെടുത്തിയോ മതംമാറ്റുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നില്ല; അത് അനുവദിക്കുന്നുമില്ല. മനസ്സിൽ വിശ്വാസം ഉറക്കാത്ത കുറെ ശരീരങ്ങളെ ഉൾപ്പെടുത്തി എണ്ണപ്പെരുമ നടിക്കേണ്ട ആവശ്യവും ഇസ്‌ലാമിനില്ല.

### ഘർവാപസിയുടെ ലക്ഷ്യം

ബി.ജെ.പി.യിലെ തീവ്രഹിന്ദുത്വ നിലപാടുകളുള്ളവർ നേതൃത്വം നല്കുന്ന 'ഘർവാപസി' (ആദിമ മതത്തിലേക്കുള്ള തിരിച്ചുപോക്ക്) കുറ്റകൃത്യമല്ലാതിരിക്കുന്നതും മറ്റുമതങ്ങളിലേക്കുള്ള മാറ്റം കൊല്ലപ്പെടാൻ മാത്രം വലിയ കുറ്റകൃത്യവുമായി മാറുന്നതിന്റെ 'രസതന്ത്രം' എന്താണ്? 'ഘർ വാപസി'യുടെ യഥാർഥ ലക്ഷ്യം ഇന്ത്യയിൽ മതപരിവർത്തന നിരോധനനിയമം കൊണ്ടുവരാൻ ഈ സാഹചര്യത്തെ ചൂഷണം ചെയ്യുക എന്നതാണ്. സമൂഹത്തിൽ മതസ്പർദ വളർത്തി വർഗീയ ധ്രുവീകരണം സൃഷ്ടിച്ച് അതിനെ രാഷ്ട്രീയമായി മുതലെടുക്കാമെന്ന രാഷ്ട്രീയ അജണ്ടയാണ് പ്രധാനമായും 'ഘർ വാപസി'ക്കു പിന്നിലുള്ളത്. മേലിൽ ഒരാളും മറ്റു മതങ്ങൾ ആശ്ലേഷികരുത്, വിശിഷ്യാ ഇസ്‌ലാമിനെ; ഈ ലക്ഷ്യം നേടുവാനാണ് ഫൈസലിനെ കൊന്നത്. ഇനി ഇപ്പണിക്ക് ആര് മുതിർന്നാലും ഇതായിരിക്കും അവസ്ഥ എന്ന മുന്നറിയിപ്പാണത് നൽകുന്നത്. പേടിപ്പിച്ച് പിന്തിരിപ്പിക്കാനുള്ള കുടിലതന്ത്രം. വിശ്വാസം മനസ്സിന്റെ മാറ്റമായിരിക്കെ ആത്മാർഥമായി ആര് ഏത് വിശ്വാസ സംഹിത സ്വീകരിച്ചാലും ആർക്കാണത് ഇല്ലാതാക്കാൻ സാധിക്കുക? ആ വ്യക്തിയെ കൊല്ലാം, എന്നാൽ അയാളുടെ മനസ്സിലെ വിശ്വാസത്തെ മായ്ച്ചുകളയുവാൻ സാധിക്കുമോ? മനസ്സുകൾക്ക് താഴിട്ടുപൂട്ടാൻ മനുഷ്യർക്കാകുമോ? ●

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com

ലേഖനം



# വിജയത്തിന്റെ മാർഗം

**ദൈ**വിക മാർഗദർശനം മനുഷ്യർക്കെത്തിക്കുന്നതിനായി അല്ലാഹു തെരഞ്ഞെടുത്ത അന്തിമ പ്രവാചകനാണ് മുഹമ്മദ് നബിﷺ. മുൻകഴിഞ്ഞ ദൈവദൂതന്മാരിൽ നിന്ന് വ്യത്യസ്തമായി ലോകാവസാനം വരെയുള്ള മുഴുവൻ മനുഷ്യരിലേക്കുമാണ് അവിടുത്തെ നിയോഗമുണ്ടായിട്ടുള്ളത്. 'മനുഷ്യസമുദായത്തിലേക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും താക്കീതുകാരനായിക്കൊണ്ടുമല്ലാതെ നിന്നെ നിയോഗിച്ചിട്ടില്ലെ'ന്ന സ്രഷ്ടാവിന്റെ വചനം ഇക്കാര്യം സുതരാം വ്യക്തമാക്കുന്നതാണ്.

മാനവരിൽ മഹോന്നതനായി നിയോഗിതനാകാനിരിക്കുന്ന അന്ത്യപ്രവാചകനെക്കുറിച്ച് മുൻകഴിഞ്ഞ പ്രവാചകന്മാർക്ക് വരെ സന്തോഷവാർത്ത അറിയിക്കപ്പെട്ടിരിക്കുന്നു. ഈസാعليه السلامയുടെ വാക്കുകൾ ക്വുർആനിൽ ഇപ്രകാരം കാണാം:

"മർയമിന്റെ പുത്രൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമത്രെ): ഇസ്റാഈൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു" (61:6).

ക്രിസ്താബ്ദം 571-ൽ മക്കയിലെ ക്വുറൈശി തറവാട്ടിൽ അബ്ദുല്ലയുടെയും ആമിനയുടെയും മകനായി ജനിച്ച മുഹമ്മദ്ﷺ ചരിത്രത്തിന്റെ നിലാവെളിച്ചത്തിൽ ജീവിച്ച പ്രവാചകനാണ്. ലോകത്ത് ഏറ്റവും കൂടുതൽ ആളുകളാൽ പിൻപറ്റപ്പെട്ട തിരുനബിﷺ ഒരു സാങ്കൽപിക കഥാപാത്രമല്ല. ക്രിസ്തുവും കൃഷ്ണനുമെല്ലാം ജീവിച്ചിരുന്നില്ലെന്ന് പറയുകയും വാദിക്കുകയും ചെയ്യുന്ന യുക്തിവാദികൾക്ക് മുഹമ്മദ് നബിﷺയുടെ ചരിത്രാസ്തിത്വത്തിനെതിരിൽ ഒന്നും സംസാരിക്കാനായിട്ടില്ലെന്നത് വസ്തുതയാണ്.

തന്റെ നാൽപതാമത്തെ വയസ്സിൽ പ്രവാചകത്വം ലഭിച്ചതു മുതൽ കർമനിരതമായിരുന്നു അവിടുത്തെ ജീവിതം. വിശ്വാസ മേഖലക്ക് പുറമെ വ്യക്തിഗതവും കുടുംബപരവും സാമൂഹികവുമായ രംഗങ്ങളിലൊക്കെയും അവിടുന്ന് മഹനീയമായ മാതൃകയാണ് കാഴ്ചവെച്ചത്. മനുഷ്യരെ ഒന്നായി കാണാൻ പഠിപ്പിച്ച ദൈവിക സന്ദേശങ്ങളായിരുന്നു അവിടുത്തെ പ്രവർത്തനങ്ങളുടെ ചാലകശക്തി.

അല്ലാഹു പറയുന്നു: "മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (49:13).

വർഗ, വർണ, വംശീയ ചിന്താഗതികൾക്കതീതമായി മനുഷ്യരെ ഒന്നായിക്കണ്ട മഹാനും മാതൃകയോ

ഗ്യനുമായിരുന്നു നബിﷺ എന്നത് വിമർശകർപോലും അംഗീകരിക്കുന്ന യാഥാർഥ്യമാണ്. സൽസ്വഭാവങ്ങളുടെ നിറകുടമായിരുന്ന ആ പ്രവാചകനോളം പോന്ന ഒരു മാതൃകാപുരുഷനെ ലോക ചരിത്രത്തിൽ വേറെ നമുക്ക് കാണുക സാധ്യമല്ല.

ലോകത്ത് നിയോഗിതരായ മുഴുവൻ പ്രവാചകരെയും പോലെ വളച്ചുകെട്ടലുകളോ മയപ്പെടുത്തലുകളോ ഇല്ലാത്ത ശക്തമായ ഏകദൈവാരാധനയിലേക്കുള്ള ക്ഷണമായിരുന്നു അവിടുത്തെയും പ്രധാന ദൗത്യം.

അല്ലാഹു പറയുന്നു: "ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).

മരണം വരെ ഈ തൗഹീദിന്റെ മാർഗത്തിലേക്കുള്ള ക്ഷണത്തിലേക്കായിരുന്നു അവിടുത്തെ മുഖ്യശ്രദ്ധ.

അല്ലാഹുവിന്റെ വചനങ്ങളായ വിശുദ്ധ ക്വുർആനിന് പുറമെ നബിﷺയിൽ നിന്ന് സ്ഥിരപ്പെട്ടു വന്ന ഹദീഥുകളും ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമാണ്. ക്വുർആനിനോടൊപ്പം തിരുനബിയുടെ മാർഗനിർദേശങ്ങളെ കൂടി ഉൾക്കൊള്ളാൻ തയ്യാറാവുമ്പോൾ മാത്രമാണ് ഒരാൾ ശരിയായ ദൈവികമാർഗത്തിലാവുകയുള്ളൂ എന്നതിൽ സംശയമില്ല. കാരണം, തിരുദൂതരുടെ ചര്യകൾ മുഴുവനും ദൈവിക സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ അഥവാ വഹ്‌യിന്റെ പിൻബലമുള്ളതാണെന്നുള്ളത് പ്രമാണങ്ങളാൽ സ്ഥിരപ്പെട്ടതാണ്.

അല്ലാഹു പറയുന്നു: "നിനക്ക് നാം ഉദ്ബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും" (16:4).

ക്വുർആൻ വിശദീകരിച്ചു കൊടുക്കുന്നതിനു വേണ്ടി നബിﷺക്ക് ആവശ്യമായ ഉദ്ബോദനം നൽകിയത് അല്ലാഹുവാണ്. അതുതന്നെയാണ് ഹദീഥുകളും. മതപരമായ വിഷയങ്ങളൊന്നും തന്നെ നബിﷺ തന്നിഷ്ടപ്രകാരം സംസാരിച്ചിട്ടില്ലെന്നും അല്ലാഹു തന്നെ വ്യക്തമാക്കിയതാണ്.

അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ട പ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉദ്ബോധനം മാത്രമാകുന്നു" (53:3,4).

അതുകൊണ്ടുതന്നെയാണ് നബിﷺ കൊണ്ടുവന്നിട്ടുള്ള മുഴുവൻ കാര്യങ്ങളും നാം സ്വീകരിക്കണമെന്ന് അല്ലാഹു നമ്മളോട് കൽപിച്ചിട്ടുള്ളത്.

അല്ലാഹു പറയുന്നു: "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞു നിൽക്കുകയും ചെയ്യുക" (59:7).

നബിﷺയെ പിൻപറ്റിക്കൊണ്ടാണ് അദ്ദേഹത്തോടുള്ള സ്നേഹം നാം പ്രകടിപ്പിക്കേണ്ടത്.

അല്ലാഹു പറയുന്നു: "നബിയേ (പറയുക): നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (3:31).

അല്ലാഹുവിനെ അനുസരിക്കാൻ പറഞ്ഞിടത്ത് അവന്റെ പ്രവാചകനെ കൂടി അനുസരിക്കാൻ കൽപിക്കുന്ന ക്വുർആൻ വചനങ്ങൾ ധാരാളമുണ്ട്. അവയിൽ ചിലത് നമുക്കിപ്രകാരം വായിക്കാം:

"നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗ്രഹീതരായേക്കാം" (3 :132).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹു അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങൾ അനുസരിക്കുക. നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനിവല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

മാത്രമല്ല പ്രവാചകനെ അനുസരിക്കുകയും പിൻപറ്റുകയും ചെയ്യുന്നത് വിശ്വാസത്തിന്റെ പൂർത്തീകരണത്തിന് അനിവാര്യമാണെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: "ഇല്ല, നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (4:65).

അല്ലാഹു പറയുന്നു: "അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷനാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (33:36).

നബിﷺ നമ്മെ അറിയിച്ച മുഴുവൻ കാര്യങ്ങളും സത്യപ്പെടുത്തി അംഗീകരിക്കുക എന്നത് ശഹാദത്തിന്റെ അഥവാ സാക്ഷ്യപ്രഖ്യാപന വചനത്തിന്റെ താൽപര്യം കൂടിയാണ്. അതിൽ നാം ചെയ്യേണ്ട കർമാനുഷ്ഠാനങ്ങളും സ്വീകരിക്കേണ്ട സ്വഭാവ സംസ്കാരങ്ങളും വിശ്വാസപരമായ കാര്യങ്ങളുമെല്ലാം ഉൾപ്പെടും. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യമായ അദൃശ്യങ്ങളും നബിﷺയിലൂടെ അല്ലാഹു നമ്മെ അറിയിച്ചിട്ടുണ്ട്. മലക്കുകൾ, ജിന്നുകൾ, പരലോകത്തെ രക്ഷാ ശിക്ഷകൾ, ക്വബ്ർ ജീവിതം തുടങ്ങി നബിﷺയിലൂടെ സ്ഥിരപ്പെട്ടു വന്ന മുഴുവൻ കാര്യങ്ങളെയും അംഗീകരിക്കൽ വിശ്വാസികളുടെ നിർബന്ധ ബാധ്യതയാണ്.

**(ശേഷം പേജ് 33ൽ)**

ശരീഫ് കാര
mail@nerpatham.com

ലേഖനം



# മാറ്റം മനസ്സിലാണ് വേണ്ടത്

‘ഇവിടെ ചപ്പുചവറുകൾ നിക്ഷേപിക്കരുത്’ എന്ന ബോർഡിനു കീഴിൽ കുമിഞ്ഞുകൂടിയ മാലിന്യങ്ങളും ‘നോ പാർക്കിംഗ്’ എന്നെഴുതി വെച്ചിടത്ത് കാണുന്ന വാഹന നിരയും നമ്മുടെ നാട്ടിലെ പതിവു കാഴ്ചകളാണ്. അരുതായ്മകളെ ഇല്ലായ്മ ചെയ്യാൻ ഒരുപാട് നിയമങ്ങളുണ്ടെങ്കിലും അവയൊന്നും ഫലവത്തായി കാണുന്നില്ല എന്നതാണ് വാസ്തവം.

ഇപ്പോൾ മദ്യവും മദ്യഷാപ്പുകളും മദ്യപാനികളുമെല്ലാം നമ്മുടെ നാട്ടിൽ വലിയ ചർച്ചാവിഷയമാണല്ലോ. സമ്പൂർണ മദ്യനിരോധനമാണ് ലക്ഷ്യം എന്ന ഭരണാധികാരികളുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. അതിനെതിരിലുള്ള പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയും ബാറുടമകളുടെയും മറ്റു മദ്യവിൽപനക്കാരുടെയും നിയമയുദ്ധത്തിനുള്ള തയ്യാറെടുപ്പുകളും കാണുമ്പോൾ മലർപ്പൊടിക്കാരന്റെ സ്വപ്നം മാത്രമായി അത് മാറുമോ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. നിയമംമൂലം മദ്യനിരോധനമേർപ്പെടുത്തിയ ഒരു സ്ഥലത്തും അത് പൂർണാർഥത്തിൽ വിജയിച്ചിട്ടില്ല എന്നതും യാഥാർഥ്യമാണ്.

സമ്പൂർണ മദ്യനിരോധനം മാത്രമല്ല സകല തിന്മകളുടെയും ചങ്ങലകളിൽനിന്ന് സമൂഹത്തെ മോചിപ്പിച്ച മുഹമ്മദ് നബിﷺയുടെ മാതൃക ഇവിടെ പ്രസക്തമാകുന്നു.

“അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചുകേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു” (62:2).

അങ്ങനെയുള്ള ഒരു ജനതയാണ് പിന്നീട് ലോകോത്തര സമൂഹമായി മാറിയത് എന്നത് ചിന്തനീയമാണ്. നബിﷺ വിശുദ്ധ ക്വുർആനിന്റെ വെളിച്ചത്തിലാണ് പരിവർത്തനത്തിന് ശ്രമിച്ചത്. കള്ളും പെണ്ണും യുദ്ധവുമായി ഇഴപിരിയാത്ത ബന്ധം കാത്തുസൂക്ഷിച്ച മനുഷ്യരുടെ മനസ്സുകളെയാണ് പ്രവാചകൻﷺ പരിവർത്തിപ്പിച്ചത്. മനസ്സ് മാറാതെ മനുഷ്യന് മാറ്റം അസാധ്യമാണല്ലോ.

“...ഏതൊരു ജനതയും തങ്ങളുടെ സ്വന്തം നിലപാടുകളിൽ മാറ്റം വരുത്തുന്നത് വരെ അല്ലാഹു അവരുടെ സ്ഥിതിക്ക് വ്യത്യാസം വരുത്തുകയില്ല; തീർച്ച...” (13:11).

ഏകനായ സ്രഷ്ടാവിനെക്കുറിച്ചുള്ള ചിന്തയാണ് പ്രവാചകൻﷺ അവരുടെ മനസ്സുകളിൽ ആദ്യമായി അങ്കുരിപ്പിച്ചത്. തനിക്ക് എന്തുകൊണ്ട് മദ്യപിച്ചുകൂടാ, എന്തുകൊണ്ട് വ്യഭിചരിച്ചുകൂടാ... തുടങ്ങിയ ചോദ്യങ്ങൾക്ക്; എനിക്ക് രോഗം വരും, പണം നഷ്ടപ്പെടും എന്ന മറുപടിക്കപ്പുറം ഇതെല്ലാം സ്രഷ്ടാവ് കാണുന്നുണ്ട്, ഇതിനെല്ലാം ഞാൻ വിചാരണ ചെയ്യപ്പെടും, ശിക്ഷിക്കപ്പെടും എന്ന ദൃഢബോധ്യം അവരിൽ വളർന്നുവന്നു. ആരും അറിയില്ലെന്നു കരുതി അധർമങ്ങൾ ചെയ്യുമ്പോഴും അല്ലാഹു അത് അറിയാതെ പോകുന്നില്ല എന്ന അറിവ് ഏത് മനുഷ്യനെയാണ് മാറ്റാതിരിക്കുക?!

"അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല" (6:59).

പ്രപഞ്ചനാഥൻ തന്റെ കൂടെയുണ്ടെന്ന യാഥാർഥ്യം ബോധ്യപ്പെട്ടാലേ തിന്മകളിൽനിന്ന് അകലാൻ കഴിയൂ. അല്ലാഹു പറയുന്നു:

"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നുണ്ടെന്ന് നീ കാണുന്നില്ലേ? മൂന്നു പേർ തമ്മിലുള്ള യാതൊരു രഹസ്യസംഭാഷണവും അവൻ (അല്ലാഹു) അവർക്കു നാലാമനായിക്കൊണ്ടല്ലാതെ ഉണ്ടാവുകയില്ല. അഞ്ചുപേരുടെ സംഭാഷണമാണെങ്കിൽ അവൻ അവർക്കു ആറാമനായിക്കൊണ്ടുമല്ലാതെ. അതിനെക്കാൾ കുറഞ്ഞവരുടെയോ, കൂടിയവരുടെയോ (സംഭാഷണം) ആണെങ്കിൽ അവർ എവിടെയായിരുന്നാലും അവൻ അവരോടൊപ്പമുണ്ടായിട്ടല്ലാതെ. പിന്നീട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അവർ പ്രവർത്തിച്ചതിനെപ്പറ്റി അവരെ അവൻ വിവരമറിയിക്കുന്നതാണ്. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെ പറ്റിയും അറിവുള്ളവനാകുന്നു" (58:7).

ഇങ്ങനെയുള്ള സ്രഷ്ടാവിനെക്കുറിച്ചുള്ള പേടിയും അവനിലുള്ള പ്രതീക്ഷയുമാണ് തിന്മകളിൽനിന്നും കുതറിമാറാൻ അവർക്ക് സഹായകമായത്.

രണ്ടാമതായി അവരുൾക്കൊണ്ട സത്യം ഈ ലോകം അവസാനിക്കാനുള്ളതാണെന്നും അനശ്വരമായ മറ്റൊരു ലോകം വരാനുണ്ടെന്നതുമാണ്. മരണം അനിഷേധ്യമാണ്. ഏതൊരവസ്ഥയിൽ കഴിയുമ്പോഴാണോ മരണം സംഭവിക്കുന്നത് അതിനനുസരിച്ചാണ് മരണശേഷമുള്ള ജയപരാജയങ്ങൾ തീരുമാനിക്കപ്പെടുന്നത്. അതിനാൽ ക്വുർആൻ ഓർമപ്പെടുത്തുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്"(3:102).

തിന്മകളോട് ചങ്ങാത്തം പുലർത്തി കഴിയുന്നതിനിടെ മരണം സംഭവിച്ചാൽ അത് വരാനിരിക്കുന്ന ലോകത്ത് തങ്ങൾക്ക് നഷ്ടമാണ് സമ്മാനിക്കുക എന്നത് അവർ തിരിച്ചറിഞ്ഞു. സബ്ബിന്റെ വിചാരണയിൽ അടിപതറാതിരിക്കാൻ അവർ ആഗ്രഹിച്ചു.

ലോകത്ത് ജനിച്ചുവീണ സകല മനുഷ്യരും ഒത്തുചേരുന്ന വിചാരണയുടെ ലോകം! അവനവന്റെ കർമരേഖകൾ അനുകൂലമായോ പ്രതികൂലമായോ കാണപ്പെടുന്ന ദിനം!

"(അന്ന്) എല്ലാ സമുദായങ്ങളെയും മുട്ടുകുത്തിയ നിലയിൽ നീ കാണുന്നതാണ്. ഓരോ സമുദായവും അതിന്റെ രേഖയിലേക്ക് വിളിക്കപ്പെടും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് ഇന്ന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നതാണ് (എന്ന് അവരോട് പറയപ്പെടുകയും ചെയ്യും). ഇതാ നമ്മുടെ രേഖ. നിങ്ങൾക്കെതിരായി അത് സത്യം തുറന്നുപറയുന്നതാണ്. തീർച്ചയായും നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെല്ലാം നാം എഴുതിക്കുന്നുണ്ടായിരുന്നു"(45:28,29).

തങ്ങൾക്കെതിരായി കർമരേഖകൾ മാറാതിരിക്കാനും അനുകൂലമായിത്തിരാനും വേണ്ടി അവർ തിന്മകളിൽനിന്നും അകന്നുനിന്നു. സ്വർഗ-നരകങ്ങളെക്കുറിച്ചുള്ള ക്വുർആൻ സൂക്തങ്ങൾ നബി ﷺ അവരെ പഠിപ്പിച്ചപ്പോൾ അവർക്ക് ഭയഭക്തിയുള്ളവരാകാൻ കഴിഞ്ഞു. താൽക്കാലികമായ ആസ്വാദനം നൽകുന്ന, മനസ്സിന്റെ താളംതെറ്റിക്കുന്ന, ബന്ധങ്ങൾ ശിഥിലമാക്കുന്ന, ശരീരത്തെ രോഗാതുരമാക്കുന്ന, മാതാവിനെയും സഹോദരിയെയും തിരിച്ചറിയാനുള്ള വിവേകം നശിപ്പിക്കുന്ന ലഹരിയിൽ നിന്നും മോചിതരാകാൻ അവർക്ക് ഒരു 'ഡി അഡിക്ഷൻ ക്യാമ്പി'ലും പങ്കെടുക്കേണ്ടിവന്നില്ല. അല്ലാഹു നിരോധിച്ചതായുള്ള വിവരം അറിഞ്ഞ മാത്രയിൽ അവരത് വെടിഞ്ഞു, വെറുത്തു. കാരണം അവർ സ്വർഗം കൊതിച്ചു, നരകത്തെ ഭയന്നു.

ലഹരി പദാർഥങ്ങൾ ഉപയോഗിക്കുന്നവരും സമ്മതിക്കും അത് ഗുണകരമല്ലെന്ന്. പക്ഷേ, അതവർക്ക് വർജിക്കാൻ കഴിയുന്നില്ല. അതിനാൽ സർക്കാർ നിരോധിച്ചാലും അത് കിട്ടാനുള്ള സകല വാതിലുകളും അവർ മുട്ടും. രഹസ്യമായി സംഘടിപ്പിക്കും; ഉപയോഗിക്കും. നിയമം മറികടക്കാനുള്ള എല്ലാ പഴുതുകളും തേടും. എന്നാൽ സ്രഷ്ടാവിനെ ഭയമുള്ളവൻ അവന്റെ കൽപനകളെ ശിരസ്സാവഹിക്കും. രഹസ്യമായി ഉപയോഗിച്ചാലും സ്രഷ്ടാവ് കാണും എന്ന ബോധം അവനെ തിന്മകളിൽനിന്ന് പിന്തിരിപ്പിക്കും.

ഈ ചിന്തയും അറിവും ബോധവും ബോധ്യവുമാണ് ആറാം നൂറ്റാണ്ടിൽ പരിവർത്തനമുണ്ടാക്കിയതെങ്കിൽ ഇന്നും അതുതന്നെ മതി. ലോകാവസാനം ഏകമാർഗം ഇസ്‌ലാമിന്റെ ഈ തെളിഞ്ഞ ആദർശമാണ്.

'പുകവലി ആരോഗ്യത്തിന് ഹാനികരം' എന്ന് എഴുതിയ ചിത്രസഹിതമുള്ള മുന്നറിയിപ്പുള്ള പാക്കറ്റിൽ നിന്നും സിഗരറ്റെടുത്ത് തീകൊളുത്തി ആഞ്ഞുവലിക്കുന്നവരോട്, 'മദ്യം മരണത്തിലേക്ക് നയിക്കുന്നു' എന്ന താക്കീതിലേക്ക് നോക്കി മൂക്കറ്റം കുടിക്കുന്നവരോട് രോഗത്തെക്കുറിച്ചോ മരണത്തെക്കുറിച്ചോ ഗിരിപ്രഭാഷണം നടത്തിയിട്ടെന്തു കാര്യം?!

സ്റ്റാർ പദവി കേന്ദ്രീകരിച്ച് മദ്യനിരോധന ചർച്ചകൾ നീളുമ്പോൾ നാട്ടിൻപുറങ്ങളിലെ കള്ള്ഷാപ്പുകളിൽ ചെന്ന് കൂലിപ്പണിയെടുത്തു കിട്ടിയ കാശ് കൊടുത്ത് ലഹരി നുണഞ്ഞ് രോഗം വിലയ്ക്ക് വാങ്ങുന്ന, കടുംബത്തെ പട്ടിണിയിലാക്കുന്ന സാധാരണക്കാരെക്കുറിച്ച് ആർക്കും വേവലാതിയില്ല. അത് തടയാൻ എന്ത് മാർഗമാണുള്ളത്? സമ്പൂർണ മദ്യനിരോധനം നടപ്പാക്കിയാലും കുടിയന്മാർ അത് സംഘടിപ്പിക്കും. മാറ്റം മനസ്സിലാണ് വേണ്ടത്. അധികാരത്തിന്റെ ദണ്ഡുകൊണ്ട് അതുണ്ടാവില്ല. കറകളഞ്ഞ ഏകദൈവവിശ്വാസം; അതുകൊണ്ടേ മനസ്സുകൾ മാറൂ. ●

ബാലപഥം

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

# തിരിച്ചുവാങ്ങും മുമ്പ്



ഒരു വലിയ സംഖ്യ കയ്യിൽ തന്ന് ഒരാൾ നമ്മോട് പറയുന്നു: 'ഇത് നിങ്ങൾക്കുള്ളതാണ്. അനാവശ്യമായി ചെലവഴിക്കരുത്. നിങ്ങളുടെ ആവശ്യങ്ങൾക്കെടുക്കാം. നല്ല കാര്യങ്ങൾക്ക് നൽകുകയും ചെയ്യാം. തിരിച്ച് ചോദിക്കുമ്പോൾ ബാക്കിയുള്ളത് തന്നാൽ മതി.'

എന്നാൽ ഒരു പൈസപോലും ചെലവഴിക്കാതെ, ആവശ്യങ്ങൾക്കെടുക്കാതെ ആ തുകയത്രയും ബാക്കിയാക്കി തിരിച്ചു നൽകുന്നതിനെക്കുറിച്ച് ആലോചിച്ചുനോക്കുക. എല്ലാവരും പറയും വല്ലാത്തൊരു ബുദ്ധിശൂന്യതയാണതെന്ന്!

അനന്തരാവകാശമായിക്കിട്ടിയ സമ്പത്താകട്ടെ, നാം സമ്പാദിച്ചുണ്ടാക്കിയതാവട്ടെ എല്ലാം അല്ലാഹു നമുക്ക് നൽകിയതാണ്. സമ്പത്തും ഇതുപോലെയാണ്. അൽപ കാലം നമ്മുടെ കൈകളിലിരിക്കുന്നു. നമ്മുടെ ആവശ്യങ്ങൾക്കെടുക്കാം. നല്ല കാര്യങ്ങൾക്ക് ചെലവഴിക്കാം. പിന്നീട് അത് അടുത്ത അനന്തരാവകാശിക്ക് കൈമാറുന്നു.

"നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും, അവൻ നിങ്ങളെ ഏതൊരു സ്വത്തിൽ പിന്തുടർച്ച നൽകപ്പെട്ടവരാക്കിയിരിക്കുന്നോ അതിൽ നിന്നു ചെലവഴിക്കുകയും ചെയ്യുക. അങ്ങനെ നിങ്ങളുടെ കൂട്ടത്തിൽനിന്ന് വിശ്വസിക്കുകയും ചെലവഴിക്കുകയും ചെയ്തവരാരോ അവർക്ക് വലിയ പ്രതിഫലമുണ്ടായിരിക്കുന്ന താണ്" (57:7).

കോടികൾ കയ്യിലുണ്ടായിട്ടും ഒരു നല്ല കാര്യത്തിന് ചെലവഴിക്കാതെ മരിച്ചുപോകുന്നവരെക്കുറിച്ചോർക്കുമ്പോൾ നമുക്ക് വേദന തോന്നും. കോടികൾ അനന്തരാവകാശികൾക്കുവേണ്ടി ബാക്കിവെച്ച് മരണപ്പെട്ട ഒരു സമ്പന്നൻ ജീവിച്ചിരിക്കുമ്പോൾ കച്ചവടത്തിൽ ഇരുപത്തയ്യായിരം രൂപ ഒരു സാധുവിന് നൽകാനുണ്ടായിരുന്നു. അയാൾ അനന്തരാവകാശികളോട് ആ തുക ചോദിച്ചു. മറുപടി നിരാശാജനകമായിരുന്നു. പരലോകത്ത് പ്രയാസം സൃഷ്ടിക്കുന്ന കടംപോലും വീട്ടാൻ തയാറാകാത്ത അനന്തരാവകാശികളാണ് നാം ചെലവഴിക്കാതെ കാത്തുവെച്ച സ്വത്തിന്റെ അടുത്ത അവകാശികൾ എന്നോർത്താൽ നമുക്ക് ചെലവഴിക്കാതിരിക്കാൻ കഴിയില്ല. അല്ലാഹുവിന്റെ ധനം ചെലവഴിക്കാൻ നാമെന്തിന് പിശുക്കു കാട്ടണം?

'...അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള സമ്പത്തിൽനിന്ന് അവർക്ക് നിങ്ങൾ നൽകി സഹായിക്കുകയും ചെയ്യുക...' (24:34).

കയ്യിൽ പണമുള്ള സമയം. ചെലവഴിക്കൽ അനിവാര്യമായ കാര്യം! സന്ദർഭം മുന്നിൽ വന്നുനിൽക്കുന്നു. ആ അവസരത്തിൽ ചെലവഴിക്കേണ്ടെന്നു തീരുമാനിച്ചാൽ അതിനെയാണ് സമ്പത്തിനെ പിടിച്ചു വെക്കൽ എന്നു പറയുന്നത്.

അബൂഹുറയ്റ(റ)വിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "രണ്ട് മലക്കുകൾ ഇറങ്ങിയിട്ടല്ലാതെ അടിമകൾക്ക് പ്രഭാതമാകുന്നില്ല. എന്നിട്ടവരിൽ ഒരാൾ പറയും: 'അല്ലാഹുവേ, ചെലവഴിക്കുന്നവന് വീണ്ടും നൽകേണമേ!' രണ്ടാമത്തെ മലക്ക് പറയും: 'പിടിച്ചു വെക്കുന്നവന് നീ നാശം നൽകേണമേ!' (ബുഖാരി).

"നീ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് തന്റെ ദാസന്മാരിൽനിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം വിശാലമാക്കുകയും, താൻ ഉദ്ദേശിക്കുന്നവർക്ക് ഇടുങ്ങിയതാക്കുകയും ചെയ്യുന്നതാണ്. നിങ്ങൾ എന്തൊന്ന് ചെലവഴിച്ചാലും അവൻ അതിന് പകരം നൽകുന്നതാണ്. അവൻ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനത്രെ" (34:39).

ദീനീ കാര്യങ്ങൾക്കുവേണ്ടി സംഭാവന ആവശ്യപ്പെടുമ്പോൾ കൊടുക്കാതിരിക്കുന്ന പലരുടെയും മനസ്സിലുള്ള ന്യായം ഞാൻ സമ്പന്നനല്ലല്ലോ എന്നതാണ്. ഈ ചിന്ത നമുക്ക് വലിയ നഷ്ടംവരുത്തും. ഒരു കോടി കയ്യിലുള്ളവൻ 25 ലക്ഷം കൊടുത്താൽ അയാൾ നൽകിയത് കൈവശമുള്ള സ്വത്തിന്റെ നാലിലൊന്ന് മാത്രമാണ്. എന്നാൽ നൂറ് രൂപ കൈവശമുള്ളവൻ അൻപത് രൂപ നൽകുമ്പോൾ അയാളുടെ സ്വത്തിന്റെ പകുതിയാണ് നൽകുന്നത്. ആർക്കാണ് കൂടുതൽ പ്രതിഫലം ലഭിക്കുക? ഒരു ദീനാർ ആയിരം ദീനാറുകളെ അതിജയിച്ചേക്കാം!

ദാനധർമങ്ങളുടെ പ്രയോജനത്തെക്കുറിച്ച് നബി വചനങ്ങളിൽ ധാരാളം വന്നിട്ടുണ്ട്: 'നിങ്ങളുടെ രോഗികളെ സ്വദക്വ കൊണ്ട് നിങ്ങൾ ചികിൽസിക്കുക' (സ്വഹീഹുൽ ജാമിഅ്).



ആരോഗ്യപഥം

സ്വാലിഹ്
mail@nerpatham.com

# അമിതാഹാരം അപകടം

മിതാഹാരമാണ് ഇസ്‌ലാം നിർദേശിക്കുന്നത്. ദഹനേന്ദ്രിയ രോഗങ്ങൾ വരാതിരിക്കാനും ഇത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. അമിതമാകരുത്. അമിതമാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല"(7:31).

അമിതമായി ആഹരിക്കുന്നത് വിശ്വാസിയുടെ സംസ്‌കാരമല്ലെന്ന് നബിﷺ വ്യക്തമാക്കുന്നു: "സത്യവിശ്വാസി ഒരു കുടലിൽ ഭക്ഷിക്കുന്നു. സത്യനിഷേധി ഏഴ് കുടലിൽ ഭക്ഷിക്കുന്നു" (മുസ്‌ലിം).

ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവി പറയുന്നു: "സത്യനിഷേധിയുടെ ലക്ഷ്യം ഉദരമാണ്. വിശ്വാസിയുടെ ലക്ഷ്യം പരലോകവും. അതിനാൽ ഭക്ഷണം കുറക്കലാണ് വിശ്വാസിക്ക് അനുയോജ്യം. മാത്രമല്ല അത് വിശ്വാസത്തിന്റെ ഒരു ശാഖയുമാണ്. എന്നാൽ ആർത്തി നിഷേധത്തിന്റെ ഭാഗവും" (ഹുജ്ജതുല്ലാഹിൽ ബാലിഗഃ, ഭാഗം 2, പേജ് 186).

അമിതാഹാരം ഉപേക്ഷിക്കണമെന്ന് മാത്രമല്ല മിതാഹാരത്തിന്റെ രൂപം നബിﷺ സൂചിപ്പിക്കുക കൂടി ചെയ്തു: "ഉദരത്തെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല. മനുഷ്യന്ന് തന്റെ മുതുകിനെ നേരെ നിർത്തുന്ന ഏതാനും ഉരുളകൾ മതിയാകുന്നതാണ്. അനിവാര്യമാണെങ്കിൽ മൂന്നിലൊരുഭാഗം ഭക്ഷണത്തിനും മൂന്നിലൊരുഭാഗം പാനീയത്തിനും മൂന്നിലൊരുഭാഗം ശ്വസനത്തിനും അവർ ഉപയോഗിക്കട്ടെ" (തിർമിദി, ഹാകിം).

'മൂന്നിലൊരു ഭാഗം ഭക്ഷണം കഴിക്കൂ, പ്രമേഹത്തിൽനിന്ന് രക്ഷ നേടൂ' എന്ന് എഴുതിയ ഫ്ളക് ബോർഡുകൾ യാത്രക്കിടയിൽ പല സ്ഥലങ്ങളിലും കണ്ടിട്ടുള്ളവരാണ് നാം.

അമിതാഹാരം ആരോഗ്യവിഷയത്തിലും ആരാധനാകർമങ്ങളിലുമൊക്കെ ഉണ്ടാക്കുന്ന വിഷമങ്ങൾ കുറച്ചൊന്നുമല്ല. തദ്‌സംബന്ധമായി പണ്ഡിതന്മാർ നൽകിയ വിവരണം ചിന്താർഹമാണ്: "ജീവൻ നിലനിർത്താനും നമസ്‌കാരം, നോമ്പ് തുടങ്ങിയ നിർബന്ധ ബാധ്യതകൾ നിർവഹിക്കുവാനും മതിയായ ഭക്ഷണം അനിവാര്യവും ഐഛികാരാധനകൾ നിർവഹിക്കുവാനും ഉപജീവനത്തിനു വേണ്ടി തൊഴിൽ ചെയ്യാനും വേണ്ടത്ര അത് കഴിക്കുന്നത് ആവശ്യവുമാണ്. എന്നാൽ മൂന്നിലൊരു ഭാഗം വരെ കഴിക്കുന്നത് അനുവദിക്കപ്പെട്ടതാണ്. അതിനെക്കാളധികം ഭക്ഷിച്ചാൽ ഉറക്കവും അലസതയും ശരീരത്തിന് ഭാരവും അത് ഉണ്ടാക്കുന്നതാണ്."

ഫത്ഹുൽ ബാരി, സാദുൽ മആദ് തുടങ്ങിയ ഗ്രന്ഥങ്ങളിൽ വിവരിച്ച ഇത്തരം വിപത്തുകളെക്കുറിച്ച് ആദുനിക വൈദ്യശാസ്ത്രം കൂടുതൽ വിശദീകരിക്കുകയും ജാഗ്രത പുലർത്താൻ നിർദേശിക്കുകയും ചെയ്യുന്നു. ഭക്ഷണം കഴിച്ച് രണ്ടുമണിക്കൂറിനുള്ളിൽ ദഹനപ്രക്രിയ ഉദരത്തിൽ തിരക്കുപിടിച്ച് നടക്കുന്നു. മൂന്ന് മണിക്കൂറിനകം അത് പൂർത്തിയാകുകയും ചെയ്യുന്നു. എന്നാൽ അമിതാഹാരം മൂലം ഭക്ഷണം ദഹിക്കാൻ എട്ട് മണിക്കൂർ വേണ്ടിവരുന്നു. ഇത് അജീർണവും അതിസാരം, തലവേദന, കൂടിയ രക്തസമ്മർദം, ഹൃദ്രോഗം തുടങ്ങിയ പലരോഗങ്ങളും ഉണ്ടാക്കുന്നു. ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടി ഇസ്‌ലാമിക നിർദേശങ്ങൾ ലക്ഷ്യംവെക്കുന്നുവെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു.

'നല്ല പ്രവൃത്തികൾ തിന്മയുടെ പതനങ്ങളിൽ നിന്ന് രക്ഷയേകും. രഹസ്യമായി നിർവഹിക്കുന്ന ധർമങ്ങൾ രക്ഷിതാവിന്റെ കോപം കെടുത്തും' (ത്വബ്‌റാനി).

ദാനം നൽകാൻ ഇനി മുന്നിൽവരുന്ന ഒരവസരവും നമുക്ക് പാഴാക്കാതിരിക്കാം. തുകയെത്ര ചെറുതായാലും, ചോദിക്കുന്നവൻ സംതൃപ്തനല്ലെങ്കിലും നമുക്ക് കഴിയുന്നത് ധന്യതയിലും ദാരിദ്ര്യത്തിലും നമുക്ക് നൽകാം; തിരിച്ചുകിട്ടുമെന്ന് ഉറപ്പുള്ള കടം പോലെ, നൽകിയത് ഇരട്ടിക്കുമെന്ന പ്രതീക്ഷയോടെ. പാപങ്ങൾ പൊറുത്തുകിട്ടാൻ, നന്മയുടെ തുലാസ് കനംതൂങ്ങാൻ, നമ്മുടെ കയ്യിലുള്ളത് അനന്തരാവകാശികൾ തിരിച്ചുവാങ്ങും മുമ്പ്!

അബൂമുർഷിദ
mail@nerpatham.com

ഹദീസ് പാഠം

# ദാനവും വിട്ടുവീഴ്ചയും

**അബൂഹുറയ്റ(റ)വിൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "ദാനം ധനത്തിൽ കുറവു വരുത്തില്ല. വിട്ടുവീഴ്ച ചെയ്യുന്ന അടിമയുടെ അന്തസ്സ് അല്ലാഹു വർധിപ്പിക്കുകയേയുള്ളൂ. അല്ലാഹുവിനു വേണ്ടി വിനയം കാണിക്കുന്നവനെ അല്ലാഹു ഉന്നതനാക്കാതിരിക്കില്ല" (മുസ്‌ലിം)**

സമ്പത്ത് അല്ലാഹു നൽകുന്ന വലിയൊരു അനുഗ്രഹമാണ്. അതോടൊപ്പം അത് വമ്പിച്ച പരീക്ഷണവുമാണ്. അല്ലാഹു പറയുന്നു: "നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്നും അല്ലാഹുവിങ്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക"(ക്വുർആൻ 8:28).

സ്വന്തം ആവശ്യങ്ങൾക്ക് നിർലോഭം ധനം ചെലവഴിക്കുകയും സഹജീവികളെ സഹായിക്കുന്നതിൽ പിശുക്ക് കാണിക്കുകയും ചെയ്യുന്നവരുണ്ട്. എന്റെ അധ്വാനഫലമായി ലഭിച്ചത് എന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കാനുള്ളതാണ്. അത് മറ്റുള്ളവർക്ക് നൽകി നഷ്ടപ്പെടുത്താനുള്ളതല്ല എന്നായിരിക്കും അവരുടെ ചിന്ത. ദാനം ചെയ്താൽ അത്രയും കുറയുകയാണല്ലോ എന്ന പേടി അവരെ പിടികൂടും. എന്നാൽ ദാനംകൊണ്ട് നഷ്ടമുണ്ടാകില്ല എന്നും അത് സമ്പത്തിൽ വർധനവാണ് ഉണ്ടാക്കുക എന്നും മേൽ ഉദ്ധരിച്ച നബിവചനം മനസ്സിലാക്കിത്തരുന്നു. പിശുക്ക് കാണിക്കുന്നവർക്ക് വമ്പിച്ച ശിക്ഷയാണ് ലഭിക്കുക എന്ന മുന്നറിയിപ്പ് അല്ലാഹു നൽകുന്നുണ്ട്:

"അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്കു തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല, അവർക്ക് ദോഷകരമാണത്. അവർ പിശുക്ക് കാണിച്ച ധനംകൊണ്ട് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപ്പെടുന്നതാണ്..." (3:180).

ചെലവഴിക്കുന്നതിന്റെ നേട്ടം അവനവന് ലഭിക്കുമെന്ന സന്തോഷവാർത്തയും അല്ലാഹു നൽകുന്നുണ്ട്: "...നല്ലതായ എന്തെങ്കിലും നിങ്ങൾ ചെലവഴിക്കുകയാണെങ്കിൽ അത് നിങ്ങളുടെ നന്മക്ക് വേണ്ടി തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ട് മാത്രമാണ് നിങ്ങൾ ചെലവഴിക്കേണ്ടത്. നല്ലതെന്ത് നിങ്ങൾ ചെലവഴിച്ചാലും അതിന്നുള്ള പ്രതിഫലം നിങ്ങൾക്ക് പൂർണമായി നൽകപ്പെടുന്നതാണ്. നിങ്ങളോട് ഒട്ടും അനീതി കാണിക്കപ്പെടുകയില്ല" (2:172).

"അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്" (2:261).

തന്നെ ആരെങ്കിലും വല്ല വിധേനയും ഉപദ്രവിച്ചാൽ ഇരട്ടിയായി പ്രതികാരം ചെയ്യുന്നതാണ് അന്തസ്സ് എന്ന് വിചാരിക്കുകയും ഒട്ടും വിട്ടുവീഴ്ച കാണിക്കാതെ തിരിച്ചടിക്കുകയും ചെയ്യുന്നവരാണ് അധികമാളുകളും. എന്നാൽ നബി(ﷺ) പറയുന്നത് ഒരാളുടെ അന്തസ്സും പ്രതാപവും വർധിക്കുന്നത് അയാളോട് തെറ്റു ചെയ്തവരോട് പ്രതികാരം ചെയ്യുമ്പോഴല്ല അയാൾ വിട്ടുവീഴ്ച ചെയ്യുമ്പോഴാണ് എന്നാണ്.

ഭീരുത്വം കൊണ്ടോ കഴിവുകേട് കൊണ്ടോ തിരിച്ചടിക്കാതിരിക്കുന്നതിനെക്കുറിച്ചല്ല ഇപ്പറഞ്ഞത്; അതിനുള്ള ശേഷി ഉണ്ടായിരിക്കെ അതിന് ഒരുമ്പെടാതിരിക്കുന്നതിനെക്കുറിച്ചാണ്. മനുഷ്യന്റെ അഹന്തയും വിനയമില്ലായ്മയുമാണ് മാപ്പ് കൊടുക്കുന്നതിൽ നിന്നും അവനെ തടയുന്നത്. പ്രതികാരം ചെയ്യാതിരുന്നാൽ താൻ സമൂഹത്തിനു മുമ്പിൽ ചെറുതായിപ്പോകുമോ എന്നാണ് അവന്റെ ഭയം. വാസ്തവത്തിൽ അവൻ വിട്ടുവീഴ്ചയുടെ നിലപാടിലൂടെ ഉന്നതനാവുകയാണ് ചെയ്യുന്നത്. അവന്റെ മനസ്സിന്റെ വിശാലതയാണ് അത് വ്യക്തമാക്കുന്നത്. അല്ലാഹു അവന്റെ പദവി അതിലൂടെ വർധിപ്പിച്ചുകൊടുക്കാതിരിക്കില്ല.

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക' (7:199). ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com






# സ്രഷ്ടാവിന്റെ അറിവും സൃഷ്ടികളുടെ അറിവും

**അ**ല്ലാഹു ആദം(عليه السلام)മിനെ സൃഷ്ടിക്കുന്ന വിവരം മലക്കുകളെ അറിയിച്ചപ്പോൾ അവർ ഇപ്രകാരം ചോദിച്ചു: "അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിയോഗിക്കുന്നത്..." (2:30).

ആദം(عليه السلام) ആദ്യത്തെ മനുഷ്യസൃഷ്ടിയാണല്ലോ. മനുഷ്യർ ഭൂമിയിൽ കുഴപ്പമുണ്ടാക്കുമെന്നും രക്തം ചിന്തുമെന്നും പിന്നെ എങ്ങനെ മലക്കുകൾ മനസ്സിലാക്കി? ഈ വിഷയത്തിൽ ക്വുർആനിലോ സ്വഹീഹായ ഹദീഥുകളിലോ വിശദീകരണം കാണുന്നില്ലെങ്കിലും മുൻഗാമികളായ പണ്ഡിതന്മാരുടെ വിവരണങ്ങളിൽ നിന്നും നമുക്ക് ഗ്രഹിക്കാവുന്നവ ഇവിടെ ചേർക്കാം.

ഒന്ന്. അല്ലാഹു അവരെ അറിയിച്ചു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അവർക്ക് മനസ്സിലായി. ഇമാം ഇബ്നുൽ ക്വയ്യിം(رحمه الله) പറയുന്നത് കാണുക:

"നീ പഠിപ്പിച്ചു തന്നതല്ലാതെ ഞങ്ങൾക്ക് യാതൊരു അറിവും ഇല്ല' (2:32). ഇതിൽ മനുഷ്യർ ഭൂമിയിൽ കുഴപ്പമുണ്ടാക്കുന്നവരാണെന്ന് അല്ലാഹു അവരെ അറിയിച്ചിട്ടുണ്ട് എന്നതിന് തെളിവുണ്ട്. (അല്ലാഹു അവർക്ക് അത് അറിയിച്ചു കൊടുത്തിട്ടില്ലായിരുന്നുവെങ്കിൽ) അവർക്ക് അറിയാത്തത് അവർ എങ്ങനെ പറയും? അല്ലാഹു പറയുന്നു; അവന്റെ വാക്കാണല്ലോ ഏറ്റവും സത്യമായിട്ടുള്ളത്. അവർ അവനെ മറികടന്നു സംസാരിക്കുകയില്ല. അവന്റെ കൽപനയനുസരിച്ച് മാത്രം അവർ പ്രവർത്തിക്കുന്നു(21:27). മലക്കുകൾ അല്ലാഹു കൽപിക്കുന്നതുകൊണ്ടല്ലാതെ സംസാരിക്കുകയോ പ്രവർത്തിക്കുകയോ ഇല്ല. അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ അവർ കൽപിക്കപ്പെട്ടത് എന്തോ അത് പ്രവർത്തിക്കുന്നവരാണ് എന്ന്" (മിഫ്താഹു ദാറുസ്സആദഃ).

മലക്കുകൾ അല്ലാഹുവിനോട് മനുഷ്യരെക്കുറിച്ച് ഇപ്രകാരം ചോദിച്ചത് അവർക്ക് അല്ലാഹു മുമ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണെന്ന് നമുക്ക് മനസ്സിലാക്കാം.

രണ്ട്: ഭൂമിയിൽ ആദമിനു മുമ്പ് ഉണ്ടായിരുന്നവരായിരുന്നല്ലോ ജിന്ന് വിഭാഗം. അപ്പോൾ അവരുടെ ചെയ്തികളും സ്വഭാവവും മനുഷ്യരിലേക്കും തുലനം ചെയ്ത് മനസ്സിലാക്കി പറഞ്ഞതാവാം. കാരണം ജിന്നുകളും ഭൂമിയിൽ രക്തം ചിന്തുകയും കുഴപ്പം ഉണ്ടാക്കുകയും ചെയ്തവരായിരുന്നല്ലോ

മൂന്ന്: മലക്കുകൾ മനുഷ്യന്റെ പ്രകൃതിയിൽ നിന്ന് മനസ്സിലാക്കിയതാവാം.

നാല്: ഖലീഫഃ എന്നത് കുഴപ്പങ്ങളും അക്രമങ്ങളും ഇല്ലാതാക്കുന്ന നേതാവാണല്ലോ. അപ്പോൾ ഈ പദപ്രയോഗം തന്നെ മനുഷ്യരിൽ കുഴപ്പങ്ങളും രക്തം ചിന്തലുമുണ്ടാകുമെന്ന് ഗ്രഹിക്കാം.

ഇബ്‌ലീസിനെ പോലെ താൻപോരിമ നടിക്കാനോ അസൂയകൊണ്ടോ അല്ല മലക്കുകൾ അല്ലാഹുവിനോട് ഇങ്ങനെ ചോദിച്ചത്. രക്തം ചിന്തുന്ന, കുഴപ്പമുണ്ടാക്കുന്ന ഇവരെ എന്തിന് സൃഷ്ടിക്കണം എന്ന് അല്ലാഹുവിനെ ആക്ഷേപിച്ച് പറഞ്ഞതുമല്ല. അപ്രകാരം ചെയ്യുന്ന സൃഷ്ടികളുമല്ല അല്ലാഹുവിന്റെ മലക്കുകൾ. അവർ അല്ലാഹുവിനെ മുൻകടന്ന് പറയുന്നവരോ പ്രവർത്തിക്കുന്നവരോ അല്ല. മലക്കുകളെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക

"...എന്നാൽ (അവർ - മലക്കുകൾ) അവന്റെ ആദരണീയരായ ദാസന്മാർ മാത്രമാകുന്നു. അവർ അവനെ മറികടന്നു സംസാരിക്കുകയില്ല. അവന്റെ കൽപനയനുസരിച്ച് മാത്രം അവർ പ്രവർത്തിക്കുന്നു" (21: 26,27).

"അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും''(66:6).

മലക്കുകൾ ഒരുപക്ഷേ, ഈ ചോദ്യത്തിലൂടെ ഉദ്ദേശിച്ചത് ഇവരെ സൃഷ്ടിക്കുന്നതിലെ യുക്തി രഹസ്യമാകാം. നിന്നെ ആരാധിക്കുവാനായിട്ടാണ് ഈ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെ സൃഷ്ടിക്കുന്നത് കൊണ്ടുള്ള ലക്ഷ്യമെങ്കിൽ ഞങ്ങൾ നിന്നെ എപ്പോഴും പ്രകീർത്തിച്ച് പരിശുദ്ധിപ്പെടുത്തി ആരാധിക്കുന്നവരാണല്ലോ. ഇനി വേറെ ഒരു സൃഷ്ടിയുടെ ആവശ്യമുണ്ടോ എന്ന് അന്വേഷിച്ചുകൊണ്ടുള്ള ഒരു ചോദ്യമാകാം എന്നർഥം. അതിനു അല്ലാഹു നൽകുന്ന ഉത്തരം ഇപ്രകാരമാണ്: 'തീർച്ചയായും നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് എനിക്കറിയാം.' ഇബ്നു കഥീർ(റ) പറയുന്നു:

'തീർച്ചയായും നിങ്ങൾക്ക് അറിഞ്ഞുകൂടാത്തത് എനിക്കറിയാം; അഥവാ നിങ്ങൾക്കറിയാത്ത, നിങ്ങൾ പറഞ്ഞ കുഴപ്പങ്ങളെക്കാളും പരിഗണനീയമായ നന്മകൾ ഈ വിഭാഗം സൃഷ്ടിയിൽ ഉണ്ടെന്ന് എനിക്കറിയാം. ഞാൻ അവരിലേക്ക് നബിമാരെയും റസൂലുകളെയും അയക്കും. അപ്പോൾ അവരിൽ സത്യസന്ധന്മാരെയും രക്തസാക്ഷികളെയും സ്വാലിഹുകളെയും അല്ലാഹുവിന് ആരാധന ചെയ്യുന്നവരെയും ഐഹിക ജീവിതത്തോട് വിരക്തിയുള്ളവരെയും ഔലിയാഇനെയും പുണ്യവാളന്മാരെയും അല്ലാഹുവിലേക്ക് അടുത്തവരെയും പണ്ഡിതന്മാരെയും കർമങ്ങൾ ചെയ്യുന്നവരെയും ഭയഭക്തിയുള്ളവരെയും അല്ലാഹുവിനെ സ്നേഹിക്കുന്നവരെയും അല്ലാഹുവിന്റെ പ്രവാചകന്മാരെ പിന്തുടരുന്നവരെയും അവരിൽ കാണപ്പെടും" (തഫ്സീർ ഇബ്നു കഥീർ).

മനുഷ്യർ കുഴപ്പക്കാരും രക്തം ചിന്തുന്നവരുമാണെന്ന് മലക്കുകൾ അല്ലാഹുവിനോട് പറഞ്ഞപ്പോൾ അവരോട് അല്ലാഹു പറഞ്ഞുവല്ലോ; നിങ്ങൾക്കറിയാത്തത് എനിക്ക് അറിയാം എന്ന്. അപ്പോൾ മലക്കുകൾക്ക് മനുഷ്യനുള്ള ചില പ്രത്യേകതയെങ്കിലും ബോധ്യപ്പെടുത്തിക്കൊടുത്തു. അതാണ് താഴെയുള്ള സൂക്തത്തിൽ പറയുന്നത്

"അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു കൊടുത്തു. എന്നിട്ടവൻ ആജ്ഞാപിച്ചു. നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞു തരൂ. അവർ പറഞ്ഞു: നിന്റെ പരിശുദ്ധിയെ ഞങ്ങൾ വാഴ്ത്തുന്നു. നീ പഠിപ്പിച്ചുതന്നതല്ലാതെ യാതൊരറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവജ്ഞനും അഗാധജ്ഞാനിയും'' (2:31,32).

അല്ലാഹു ആദം(അ)മിന് എല്ലാ വസ്തുക്കളുടെയും പേരുകൾ പഠിപ്പിക്കുകയും മലക്കുകളോട് അവയുടെ പേരുകൾ പറയാൻ ആവശ്യപ്പെടുകയും ചെയ്തപ്പോൾ അവർക്ക് അതിന് കഴിയാതെ വരികയും ആദം(അ)മിനുള്ള പ്രത്യേകത അവർ മനസ്സിലാക്കുകയും ചെയ്തു.

മഹ്ശറിൽ ശഫാഅത്തിനായി മനുഷ്യർ ആദം(അ)നെ സമീപിക്കുമ്പോൾ പറയുന്നത് സ്വഹീഹുൽ ബുഖാരിയിൽ ഇപ്രകാരം കാണാം: 'താങ്കൾക്ക് അല്ലാഹു എല്ലാറ്റിന്റെയും പേരുകൾ പഠിപ്പിച്ചു തന്നല്ലോ.' ഇതും അല്ലാഹു ആദമിന് എല്ലാ വസ്തുക്കളുടെയും പേരുകൾ പഠിപ്പിച്ചിട്ടുണ്ടെന്നാണ് അറിയിക്കുന്നത്.

അല്ലാഹു ആദം(അ)മിനെ എന്തെല്ലാമാണ് പഠിപ്പിച്ചതെന്നും എങ്ങനെയാണ് പഠിപ്പിച്ചതെന്നും നമുക്ക് അറിയില്ല. അല്ലാഹുവോ റസൂലോ നമ്മെ അത് പഠിപ്പിച്ചു തരാത്തതിനാൽ അതിനെ കുറിച്ച് കൂടുതൽ അറിയാൻ നമുക്ക് യാതൊരു മാർഗവുമില്ല. അതിനാൽ കൂടുതൽ അതിനെക്കുറിച്ച് ആരായുവാനോ ചർച്ച നടത്തുവാനോ മുന്നോട്ടു വരാതെ പഠിപ്പിക്കപ്പെട്ടതിൽ ഒതുങ്ങി നിന്ന് ഇത്തരത്തിലുള്ള ഗൈബിയായ കാര്യങ്ങളിൽ അപ്രകാരം വിശ്വസിക്കുകയാണ് വേണ്ടത്.

അല്ലാഹു ആദം(അ)മിന് എല്ലാ വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചതിന് ശേഷം മലക്കുകൾക്ക് അവയെ കാണിച്ചു കൊടുക്കുകയും എന്നിട്ട് അവരോട് അവയുടെ പേരുകൾ പറയാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ അവർക്ക് അതിന് സാധിച്ചില്ല. ചുരുക്കത്തിൽ, ഭൂമിയിൽ അല്ലാഹു ഏർപെടുത്താൻ പോകുന്ന വിഭാഗത്തിന് ചില പ്രകൃതി സവിശേഷതകൾ ഉണ്ടെന്നും, മലക്കുകൾ വളരെ പരിശുദ്ധരും ഉത്തമന്മാരുമായ സൃഷ്ടികൾ തന്നെയാണെങ്കിലും ഈ സവിശേഷതകൾ അവർക്കില്ലെന്നും, അല്ലാഹു സർവജ്ഞനും യുക്തിപൂർവം പ്രവർത്തിക്കുന്ന അഗാധജ്ഞനുമാണെന്നും, തങ്ങളുടെ ആദ്യത്തെ മറുപടിയിൽ തങ്ങൾ ഊഹിച്ചതും സൂചിപ്പിച്ചതും അബദ്ധമായെന്നും, മനുഷ്യനെ ഖലീഫയാക്കുന്നതിൽ

മഹത്തായ യുക്തി രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടെന്നുമെല്ലാം മലക്കുകൾക്ക് ഈ സംഭവം മുഖേന ബോധ്യമായി. തുടർന്ന് അവർ ഇപ്രകാരം പറയുകയും ചെയ്തു:

"അവർ പറഞ്ഞു: നിനക്ക് സ്തോത്രം. നീ പഠിപ്പിച്ചുതന്നതല്ലാത്ത യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവജ്ഞനും അഗാധജ്ഞാനിയും" (2:32).

അറിയാത്തത് 'അറിയില്ല' എന്ന് സമ്മതിക്കുന്ന വിനീത ഭാവമാണിവിടെ മലക്കുകൾ പ്രകടമാക്കുന്നത്. പ്രവാചകന്മാരെ അല്ലാഹു ക്വിയാമത്ത് നാളിൽ ഒരുമിച്ചു കൂട്ടി ചോദിക്കുമ്പോൾ അവരുടെ പ്രതികരണവും ഇതേ മറുപടിയാണ്: "അല്ലാഹു ദൂതന്മാരെ ഒരുമിച്ചു കൂട്ടുകയും, നിങ്ങൾക്ക് എന്ത് മറുപടിയാണ് കിട്ടിയത് എന്ന് ചോദിക്കുകയും ചെയ്യുന്ന ദിവസം അവർ പറയും: ഞങ്ങൾക്ക് യാതൊരറിവുമില്ല. നീയാണ് അദൃശ്യകാര്യങ്ങൾ നന്നായി അറിയുന്നവൻ'(5:109).

അറിവില്ലാത്ത കാര്യത്തെ കുറിച്ച് ചോദ്യം ചെയ്യപ്പെടുമ്പോൾ അറിയില്ല എന്ന് പറയുന്നത് നല്ല ദാസന്മാരുടെ ഗുണമായിട്ടാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് മുസ്‌ലിംകൾ ഏറെ പ്രാധാന്യപൂർവം സ്വീകരിക്കേണ്ട ഒരു ഉത്തമ ഗുണമാണ്. അറിവില്ലാത്തത് അറിയില്ല എന്ന് പറയുന്നത് അപമാനമല്ല, അഭിമാനമാണ്; തിരിച്ചറിവുമാണ്. ഈ തിരിച്ചറിവില്ലാതിരിക്കുമ്പോഴാണ് വഴി പിഴക്കലും പിഴപ്പിക്കലും വർധിക്കുക.

അന്ത്യദിനത്തിന്റെ അടയാളമായി പ്രവാചകൻﷺ പറഞ്ഞതിൽ ഒന്ന് അറിവ് ഉയർത്തപ്പെടലാണ്. അറിവ് ഉയർത്തപ്പെടലാണെന്ന് പറയുമ്പോൾ അല്ലാഹു അറിവ് ഭൂമിയിൽ നിന്ന് ഊരിയെടുക്കലല്ല. മറിച്ച്, ദീനിൽ നല്ല അവഗാഹമുള്ള നിസ്വാർഥരായ പണ്ഡിതന്മാരുടെ മരണത്തിലൂടെയാണ് അറിവ് ഉയർത്തപ്പെടുന്നതെന്ന് ഹദീഥുകളിൽ കാണാം. നല്ല പണ്ഡിതന്മാരുടെ അഭാവത്തിൽ വിവരമില്ലാത്തവരെ നേതാക്കളാക്കുകയും അവരോട് മതവിധി തേടുകയും അജ്ഞതകൊണ്ട് വിധി പ്രഖ്യാപിക്കുകയും അങ്ങനെ ഈ വിധി നൽകുന്നവരും നൽകപ്പെടുന്നവരും പിഴപ്പിക്കപ്പെടുകയും ചെയ്യും. അല്ലാഹു ഇത്തരം ഫിത്നകളിൽ നമ്മെ രക്ഷിക്കുമാറാകട്ടെ, ആമീൻ.

മഹാന്മാരായ സ്വഹാബിമാരുടെയും സലഫുസ്സ്വാലിഹുകളുടെയും ചരിത്രം പരിശോധിച്ചാലും ഇതിന് ധാരാളം ഉദാഹരണങ്ങൾ കാണാം.

ഇബ്നു മസ്ഊദ്ؓ പറഞ്ഞു: "ഓ, ജനങ്ങളേ. ആരെങ്കിലും തനിക്ക് അറിവുള്ള കാര്യത്തെ കുറിച്ച് ചോദിക്കപ്പെട്ടാൽ അവൻ അതനുസരിച്ച് പറയുകയും ആരെങ്കിലും തനിക്കറിയാത്ത കാര്യത്തെ കുറിച്ച് ചോദിക്കപ്പെട്ടാൽ അവൻ 'അല്ലാഹു അഅ്ലം' (അല്ലാഹുവാണ് നന്നായി അറിയുന്നവൻ) എന്നും പറയട്ടെ. അറിവില്ലാത്ത കാര്യത്തിൽ 'അല്ലാഹു അഅ്ലം' എന്ന് പറയൽ അറിവിൽ പെട്ടതാണ്.

അബൂ അക്വീലിൽ നിന്ന്: അദ്ദേഹം പറഞ്ഞു: "ഞാൻ ക്വാസിമുബ്നു ഉബൈദില്ലയുടെയും യഹ്‌യ ബ്നു സഈദിന്റെയും അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ യഹ്‌യ ക്വാസിമിനോട് പറഞ്ഞു: 'ഓ, അബാ മുഹമ്മദ്! താങ്കളെ പോലെയുള്ളവർക്ക് ഇത് ഗൗരവമാണ്. മതത്തിലെ ഒരു കാര്യത്തെ സംബന്ധിച്ച് താങ്കൾ ചോദിക്കപ്പെട്ടിട്ട് താങ്കൾക്ക് അതിനെ കുറിച്ച് യാതൊരു അറിവും പോംവഴിയും ഇല്ലെങ്കിൽ ഭയങ്കരം തന്നെ.' അപ്പോൾ അദ്ദേഹത്തോട് ക്വാസിം ചോദിച്ചു: 'അതിനെക്കുറിച്ചോ?' അദ്ദേഹം (യഹ്‌യ) പറഞ്ഞു: 'താങ്കൾ സന്മാർഗികളായ അബൂബക്ർ, ഉമർ എന്നീ രണ്ട് നേതാക്കളുടെ മകനാണല്ലോ.' ക്വാസിം അദ്ദേഹത്തോട് പറഞ്ഞു: 'അറിവില്ലാത്തത് കൊണ്ട് ഞാൻ അല്ലാഹുവിനെ സംബന്ധിച്ച് ഞാൻ പറയുന്നതോ അല്ലെങ്കിൽ വിശ്വസ്തരല്ലാത്തവരിൽ നിന്ന് (അറിവ്) സ്വീകരിക്കലോ ആണ് അതിനേക്കാൾ ഗൗരവതരമായത്.' (അബൂ അക്വീൽ) പറയുന്നു: 'അങ്ങനെ അദ്ദേഹം മൗനം പാലിച്ചു. അതിന് ഉത്തരം പറഞ്ഞില്ല." (മുസ്‌ലിം).

അബ്ദുറഹ്മാനുബ്നു മഹ്ദിؒ പറഞ്ഞു: "ഞങ്ങൾ മാലിക് ബ്നു അനസിന്റെ അടുക്കലായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ അടുത്തേക്ക് ഒരാൾ വന്നു. എന്നിട്ട് അദ്ദേഹത്തോട് (ഇമാം മാലികിനോട്) പറഞ്ഞു: 'ഓ, അബാ അബ്ദില്ലാ! എന്റെ നാട്ടുകാർ താങ്കളോട് ഒരു മസ്അലയെ കുറിച്ച് ചോദിക്കാനായി എന്നെ ഏൽപിച്ചിട്ട് ആറു മാസത്തെ വഴിദൂരത്തുനിന്നാണ് ഞാൻ താങ്കളുടെ അടുക്കൽ വന്നിരിക്കുന്നത്.' അപ്പോൾ അദ്ദേഹം (ഇമാം മാലിക്) പറഞ്ഞു: 'എനിക്ക് അതു സംബന്ധിച്ച് നന്നായി അറിയില്ല.' (അബ്ദുറഹ്മാനുബ്നു മഹ്ദിؒ പറഞ്ഞു: അങ്ങനെ അദ്ദേഹം ഇനി എല്ലാം അറിയുന്ന ആരിലേക്ക് പോകും എന്ന് (ആലോചിച്ച്) അമ്പരന്ന് നിന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ നാട്ടിലേക്ക് മടങ്ങിയാൽ അവിടത്തുകാരോട് എന്ത് (മറുപടി) പറയും?' അദ്ദേഹം (ഇമാം മാലിക്) പറഞ്ഞു: 'എനിക്ക് അതിനെ സംബന്ധിച്ച് നന്നായി അറിയില്ലെന്ന് മാലിക് പറഞ്ഞിട്ടുണ്ടെന്ന് താങ്കൾ അവരോട് പറയുക." (ജാമിഉ ബയാനിൽ ഇൽമ്).

അറിവില്ലാത്ത കാര്യങ്ങൾ പറയുന്നതിനെ പ്രവാചകനും സ്വഹാബിമാരും മറ്റു മഹാന്മാരും എത്ര ഭീതിയോടും ഗൗരവത്തോടെയുമാണ് കണ്ടിരുന്നതെന്ന് ഉപര്യുക്ത സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഹിജ്റ 250ൽ വഫാതായ ഇബ്നു സർഹ്ؒ പറയുന്നത് കാണുക:

"നമ്മുടെ ഈ കാലത്ത് 'എനിക്ക് അറിയില്ല' എന്ന് പറയുന്നത് ഒരു ന്യൂനതയായി മാറിയിരിക്കുന്നു." (അൽകാമിൽ ലി ഇബ്നി അദിയ്യ്).

ഹിജ്റ 250ൽ വഫാതായ ഒരു പണ്ഡിതന്റെ വാക്കാണിത്. ആ കാലഘട്ടത്തിലെ അവസ്ഥ ഇതാണെങ്കിൽ ആലോചിക്കുക; ഈ നൂറ്റാണ്ടിന്റെ അവസ്ഥ!

മലക്കുകളോട് അവർക്ക് അറിയാത്ത കാര്യത്തെ കുറിച്ച് ചോദിച്ചപ്പോൾ അവർ അല്ലാഹുവിലേക്ക് അത് മടക്കിയതിനെ കുറിച്ചാണ് നാം പറഞ്ഞുവരുന്നത്.

**(തുടരും)** ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com

ഇസ്‌ലാമിക് പാരന്റിംഗ്: 24



# ദൗത്യ നിർവഹണത്തിൽ പങ്കാളിത്തം നൽകുക

**ജീ**വിതത്തിൽ കുട്ടികൾക്ക് ദൗത്യനിർവഹണത്തിനും സേവന സമർപ്പണത്തിനും പങ്കാളിത്തം നൽകുന്നതിലൂടെ അവരുടെ സാമൂഹ്യമായ വളർച്ചയും ഉയർച്ചയും ഉറപ്പ് വരുത്താൻ രക്ഷിതാക്കൾക്ക് കഴിയും. തങ്ങൾ സമൂഹത്തിൽ കേവലം കാഴ്ചക്കാരല്ല, മറിച്ച് സമൂഹത്തിന്റെ ഭാഗധേയം നിർവഹിക്കുന്നതിൽ പങ്കാളികളാണെന്ന ബോധം അവരെ മാനസികമായി വളർത്തുകയും ആത്മവിശ്വാസം ഉണ്ടാക്കുകയും ചെയ്യും. അതിനാൽ കുട്ടികൾ വളർന്നു വരുന്നതോടൊപ്പം അവരെ ജോലികളിൽ പങ്കാളികളാക്കുകയും ഉത്തരവാദിത്തങ്ങൾ ഏൽപിച്ചു കൊടുക്കുകയും ചെയ്യുന്നത് നല്ലതാണ്. അതുമൂലം അവർ സമൂഹത്തെ അടുത്തറിയുകയും ക്രിയാത്മകമായി പ്രതികരിക്കാൻ സ്വയം പാകപ്പെട്ടു വരികയും ചെയ്യും.

കൗമാര പ്രായമെത്തിയിട്ടും മക്കളെ ചെറിയ ഉത്തരവാദിത്തങ്ങൾ പോലും ഏൽപിക്കുന്നതിലും ദൗത്യങ്ങളിൽ പങ്കാളികളാക്കുന്നത്തിലും അമാന്തിച്ചു നിൽക്കുന്നവരാണ് പുതിയ തലമുറയുടെ രക്ഷിതാക്കൾ. അവർക്കു പഠിക്കാനുണ്ട്, കുട്ടികളാണ് തുടങ്ങിയ ന്യായങ്ങൾ നിരത്തി കുട്ടികളെ കേവല പഠനോപകരണം മാത്രമായി മൂലക്കിരുത്തുന്ന രക്ഷിതാക്കൾ സത്യത്തിൽ കുട്ടികളുടെ സാമൂഹ്യ വളർച്ചയെ മുരടിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ അവർക്ക് ഉത്തരവാദിത്തങ്ങൾ ഏൽപിച്ചു കൊടുക്കുകയും ദൗത്യങ്ങൾക്കായി നിയോഗിക്കുകയും ചെയ്യുമ്പോൾ അവരിൽ അത് ആവേശമുണ്ടാക്കുന്നതോടൊപ്പം ജീവിതത്തിന്റെ സാമൂഹ്യ പാഠങ്ങൾ മനസ്സിലാക്കാനും അവർക്കു സാധിക്കും. മാന്യമായി ചോദിക്കുക, ക്ഷമയോടെ കാത്തിരിക്കുക, ഏൽപിക്കപ്പെട്ട പണമോ വസ്തുവോ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നത് വരെ സുരക്ഷിതമായി സൂക്ഷിക്കുക, ക്രയവിക്രയങ്ങളിൽ സാധനങ്ങളും പണവും എണ്ണി തിട്ടപ്പെടുത്തുകയും വീട്ടിൽ കണക്ക് ബോധിപ്പി

ക്കുകയും ചെയ്യുക തുടങ്ങി ധാരാളം കാര്യങ്ങൾ അവർ അതിലൂടെ പഠിക്കുകയും ശീലിക്കുകയും ചെയ്യും. ഇവിടെ നബിﷺയുടെ ശ്രദ്ധയും മാതൃകയും കുടുംബങ്ങൾക്ക് അതുല്യമായ വഴികാട്ടിയാണ്. നബിﷺ കുട്ടികളെ തന്റെ പല കാര്യങ്ങൾക്കും നിയോഗിക്കുമായിരുന്നു എന്നത് ശ്രദ്ധേയമാണ്. ഒരു സംഭവം കാണുക:

നബിﷺയുടെ കുട്ടിയായ പരിചാരകൻ അനസ്ؓ പറയുകയാണ്: ഒരു ദിവസം ഞാൻ നബിക്കുള്ള ജോലികളെല്ലാം തീർത്തുവെക്കുകയും ഇനി ഒന്നും ബാക്കിയില്ലെന്ന് മനസ്സിലാക്കുകയും പ്രവാചകൻ ഉച്ചയുറക്കിന്നു പോവുകയും ചെയ്തപ്പോൾ ഞാൻ മറ്റു കുട്ടികളോടൊപ്പം ചേർന്ന് കളിക്കാൻ അവരുടെ കളിസ്ഥലത്തേക്ക് പോയി. ഞാൻ അവരുടെ കളി കണ്ടുകൊണ്ടിരിക്കുമ്പോൾ നബിﷺ അങ്ങോട്ട് കടന്നു വന്നു. എന്നിട്ട് കുട്ടികൾക്കെല്ലാം സലാം പറഞ്ഞു. പിന്നെ എന്നെ അദ്ദേഹത്തിന്റെ അടുത്തേക്ക് വിളിച്ചു വരുത്തി ഒരു ആവശ്യത്തിന് എന്നെ പറഞ്ഞയച്ചു. ഞാൻ തിരിച്ചു വരുന്നത് വരെ നബിﷺ അവിടെത്തന്നെ ഇരുന്നു. ഇതിനിടയിൽ എന്റെ ഉമ്മ മറ്റൊരു കാര്യത്തിന് എന്നെ ഏൽപിച്ചിരുന്നു. കളിസ്ഥലത്ത് പോകലും നബിﷺയുടെ ആവശ്യം നിറവേറ്റിക്കൊടുക്കാൻ പോയതും കാരണം തിരിച്ചു വീട്ടിലെത്താൻ വൈകി. ഉമ്മ കാരണം തിരക്കിയപ്പോൾ ഞാൻ നബിയുടെ ഒരു കാര്യ സാധ്യത്തിന്നു പോയതിനാലാണന്ന് അവരെ അറിയിച്ചു. അതെന്താണെന്നു ഉമ്മ എന്നോട് ചോദിച്ചപ്പോൾ, അതു പറയാൻ പറ്റില്ലെന്നും നബിയുടെ രഹസ്യം ആരോടും ഞാൻ പറയില്ലെന്നും അനസ് മറുപടി കൊടുത്തു. അങ്ങനെ തന്നെ ആവണം എന്ന് പറഞ്ഞു ആ ഉമ്മ മകനെ പ്രോത്സാഹിപ്പിച്ചു...'' (അഹ്മദ്, ബുഖാരി, മുസ്‌ലിം).

ഇവിടെ ശ്രദ്ധേയമായത് നബിﷺ കുട്ടിയെ കാര്യമായ ഏതോ ഒരു ദൗത്യത്തിന്നു നിയോഗിച്ചു എന്നത് മാത്രമല്ല, സ്വന്തം ഉമ്മയോട് പോലും അത് പറയാതെ സൂക്ഷിക്കാൻ മാത്രം ആ കുട്ടിയിൽ പക്വതയും പാകതയും ഉണ്ടായി എന്നതാണ്. അതിനു കാരണം നബിﷺയുടെ സമീപനരീതി മൂലം അനസിؓൽ ഉണ്ടായ സാമൂഹ്യ വളർച്ചയാണ്.

സ്വന്തം വീട്ടിൽ സാധ്യമായ എല്ലാ കാര്യത്തിലും അവർക്ക് പങ്കാളിത്തം ഉണ്ടാവുകയും ഉണ്ടാക്കുകയും വേണം. തീൻമേശയിൽ ഭക്ഷണം കൊണ്ടുവെക്കുന്നതിലും മേശ വൃത്തിയാക്കുന്നതിലും വസ്ത്രങ്ങളും മറ്റും അടുക്കി വെക്കുന്നതിലും പൂന്തോട്ടം പരിപാലിക്കുന്നതിലും വാഹനം കഴുകി വൃത്തിയാക്കുന്നതിലുമെല്ലാം മക്കൾക്ക് പങ്കാളിത്തം നൽകണം. അതിലൂടെ അവർ സ്വന്തം ജീവിതത്തെ കെട്ടിപ്പടുക്കാനുള്ള പ്രാഥമിക പരിശീലനം നേടിക്കൊണ്ടിരിക്കും.

ഇമാം നസാഈ അനസ്ؓവിൽ നിന്ന് ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ ഇപ്രകാരം കാണാം: അദ്ദേഹം പറയുകയാണ്. നബിﷺ പറഞ്ഞു: 'അനസ്, ഞാൻ ഇന്ന് നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നു. നീ എനിക്ക് കഴിക്കാൻ വല്ലതും കൊണ്ട് വാ.' ഞാൻ അദ്ദേഹത്തിന് കുറച്ചു കാരക്കയും ഒരു പാത്രത്തിൽ

**സ്വന്തം വീട്ടിൽ സാധ്യമായ എല്ലാ കാര്യത്തിലും മക്കൾക്ക് പങ്കാളിത്തം ഉണ്ടാവുകയും ഉണ്ടാക്കുകയും വേണം. തീൻമേശയിൽ ഭക്ഷണം കൊണ്ടുവെക്കുന്നതിലും മേശ വൃത്തിയാക്കുന്നതിലും വസ്ത്രങ്ങളും മറ്റും അടുക്കി വെക്കുന്നതിലും പൂന്തോട്ടം പരിപാലിക്കുന്നതിലും വാഹനം കഴുകി വൃത്തിയാക്കുന്നതിലുമെല്ലാം മക്കൾക്ക് പങ്കാളിത്തം നൽകണം. അതിലൂടെ അവർ സ്വന്തം ജീവിതത്തെ കെട്ടിപ്പടുക്കാനുള്ള പ്രാഥമിക പരിശീലനം നേടിക്കൊണ്ടിരിക്കും.**

വെള്ളവും കൊണ്ട് വന്നു കൊടുത്തു. അത് ബിലാലിന്റെ ബാങ്കിന് (ഒന്നാം ബാങ്ക്) ശേഷമായിരുന്നു. അദ്ദേഹം പറഞ്ഞു: 'അനസ്, എന്നോടൊപ്പം അത്താഴം കഴിക്കാൻ ആരെയെങ്കിലും കിട്ടുമോ എന്ന് നോക്കൂ.' അങ്ങനെ ഞാൻ സൈദ് ബ്നു ഥാബിത്തിനെ കൂട്ടിവന്നു. അദ്ദേഹം പറഞ്ഞു: 'എനിക്ക് സൂപ്പ് മതി. ഞാൻ നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.' അപ്പോൾ നബിﷺ പറഞ്ഞു: 'ഞാനും നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.' അങ്ങനെ അവർ ഇരുപേരും ഒന്നിച്ചു അത്താഴം കഴിച്ചു. ശേഷം രണ്ടു റക്അത്ത് നമസ്കരിച്ചു പിന്നീട് പള്ളിയിലേക്ക് പോയി.''

ഇതാണ് നബിﷺയുടെ വീട്ടിലെ കുട്ടികളുടെ സാമൂഹ്യ പങ്കാളിത്ത പരിശീലനം. നമ്മളോ, പഠനത്തിൽ മാത്രം അവരെ തളച്ചിടുന്നു. ഒഴിവുസമയം ഗെയിമുകളിൽ അവർ സമയം കളയുകയും ചെയ്യുന്നു. ഒഴിവു സമയത്തെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ നമ്മുടെ സഹായവും മാർഗദർശനവും അവർക്ക് വേണം. അപ്പോൾ മാത്രമെ 'വളർത്തൽ' സംഭവിക്കുകയുള്ളൂ. മറിച്ച് അവരാണ് അവരുടെ അജണ്ട വരച്ചുണ്ടാക്കുന്നതെങ്കിൽ അതിനെ 'വളരൽ' എന്നേ പറയാനൊക്കൂ. അത് നമ്മുടെ സ്വപ്നത്തിലും ചിന്തയിലും ഉള്ള പോലെ ആകണമെന്നില്ല.

നബിﷺ കാണിച്ചുതന്ന പ്രകാരം നമ്മളും നമ്മുടെ മക്കൾക്ക് സമൂഹത്തിൽ ഇടപെടാനും ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനും വീട്ടിലും നാട്ടിലും അവസരം സൃഷ്ടിക്കുകയാണെങ്കിൽ അവർ നേതൃ ഗുണമുള്ള ഉത്തമ പൗരന്മാരായി വളർന്നു വരികയും ഭയലേശമന്യെ ജീവിത സാഹചര്യങ്ങളോട് താദാത്മ്യം പ്രാപിക്കുകയും ചെയ്യും. അത്തരം മക്കൾ രക്ഷിതാക്കൾക്ക് കൺകുളിർമ നൽകുമെന്നതിൽ സംശയമില്ല. കാരുണ്യവാന്റെ ദാസന്മാരുടെ ഗുണങ്ങളിൽ ഒന്ന് അവരുടെ ഇങ്ങനെയുള്ള മക്കൾക്കായുള്ള പ്രാർഥനയാണ്: ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ'' (ക്വുർആൻ 25:74). **(തുടരും)**

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം




# സോഷ്യൽ മീഡിയയും പരദൂഷണകലയിൽ അഭിരമിക്കുന്നവരും

തെറ്റുകളിലേക്ക് ചായുക എന്നത് മനുഷ്യമനസ്സിന്റെ പ്രകൃതമാണ്. സ്രഷ്ടാവിനെക്കുറിച്ചുള്ള ചിന്തയാലും നിരന്തരമായ സൽകർമങ്ങളാലും അതിനെ പിടിച്ചുകെട്ടുക എന്നതാണ് വിശ്വാസികൾക്ക് ചെയ്യാനുള്ളത്.

വ്യർഥമായ വിനോദസംസാരങ്ങൾ ഇന്നത്തെ വലിയൊരു തിന്മയാണ്. ഇതിനെ വിലകൊടുത്തു വാങ്ങാൻ മനുഷ്യരിൽ ഒരു വിഭാഗമുണ്ടെന്ന് ക്വുർആൻ അറിയിക്കുന്നു. അല്ലാഹു പറയുന്നു:

"യാതൊരു അറിവുമില്ലാതെ ദൈവമാർഗത്തിൽ നിന്ന് ജനങ്ങളെ തെറ്റിച്ചുകളയുവാനും അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദവാർത്തകൾ വിലയ്ക്കു വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്" (31:6).

കളവ്, ഏഷണി, പരദൂഷണം, വ്യാജവാർത്ത പ്രചരിപ്പിക്കൽ, സമയം കളയുന്ന നിരർഥക സംസാരങ്ങൾ തുടങ്ങി സകല വിധ അധാർമിക-അശ്ലീല പ്രചണങ്ങളും കൊടികുത്തി വാഴുന്ന മേഖലയായി മാറിയിരിക്കുന്നു സോഷ്യൽ മീഡിയ. എഴുത്തിലൂടെയും ശബ്ദത്തിലൂടെയും ചിത്രങ്ങളിലൂടെയും വീഡിയോകളിലൂടെയുമെല്ലാം മുൻപറഞ്ഞ കുറ്റങ്ങൾ ചെയ്യുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. സോഷ്യൽ മീഡിയകളെ നന്മയുടെ മാർഗത്തിൽ ഉപയോഗിക്കുന്നവരില്ല എന്നല്ല ഇപ്പറഞ്ഞതിനർഥം. ഏറെ നന്മകളുണ്ടെങ്കിലും തിന്മകൾക്കായാണ് പലരും സാമൂഹ്യ മാധ്യമങ്ങൾ ഉപയോഗിക്കുന്നത്.

വിശ്വാസദൃഢതയുള്ളവർ ഇവയെതൊട്ട് അകന്ന് നിൽക്കുന്നവരായിരിക്കും. അല്ലാഹു പറയുന്നു:

"വ്യർഥമായ വാക്കുകൾ അവർ കേട്ടാൽ അതിൽ നിന്നവർ തിരിഞ്ഞുകളയുകയും ഇപ്രകാരം പറയുകയും ചെയ്യും: ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമങ്ങളാണ്. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമങ്ങളും. നിങ്ങൾക്കു സലാം. മൂഢൻമാരെ ഞങ്ങൾക്ക് ആവശ്യമില്ല" (28:55).

വിശ്വാസസംസ്കരണവും സ്വഭാവശുദ്ധിയും നേടാതെ മതകാര്യങ്ങളിൽ നിന്ന് പിന്തിരിയുന്നവർക്ക് എന്തുമാകാമല്ലോ. ഇത്തരം ദുസ്സ്വഭാവങ്ങൾക്ക് കൈയടി നൽകുന്നതും ഇങ്ങനെയുള്ളവർ തന്നെയാണ്. നേർക്കുനേരെയാണെങ്കിലും സോഷ്യൽ മീഡിയ വഴിക്കാണെങ്കിലും നിർബന്ധമായും ഒഴിവാക്കേണ്ട ചില തിന്മകളെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## കളവ് പ്രചരിപ്പിക്കൽ

കളവ് പറയലും അത് പ്രചരിപ്പിക്കലും മതരംഗത്തും രാഷ്ട്രീയരംഗത്തും സാമൂഹികരംഗത്തുമെല്ലാം ഇന്ന് വ്യാപകമാണ്. കളവ് തമാശക്കാകുന്നത് പോലും ഇസ്‌ലാം വിലക്കിയിട്ടുണ്ട്. കളവിലൂടെ മതവിരുദ്ധ ആശയങ്ങൾ അറിവുള്ളവരെന്ന് പറയുന്നവർ ഉണ്ടാക്കുകയും സാധാരണക്കാർക്കിടയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. ശിർക്കും ബിദ്അത്തും പ്രമാണനിഷേധവും സ്ഥാപിക്കാൻ അല്ലാഹുവിന്റെയും നബിﷺയുടെയും പേരിൽ നുണ പറഞ്ഞ് ആശ്വാസം കണ്ടെത്തുന്നു. ഇത്തരക്കാരിൽ അധികവും ഇതിന്റെ അപകടം അറിയുന്നവർ തന്നെ.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയോ ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? അക്രമികൾ വിജയം വരിക്കുകയില്ല; തീർച്ച" (6:21).

"അനസ്ؓവിൽ നിന്ന് നിവേദനം: നബിﷺപറഞ്ഞു: "ആരെങ്കിലും മനഃപൂർവം എന്റെ പേരിൽ കളവ് പറഞ്ഞാൽ അവന്റെ ഇരിപ്പിടം നരകത്തിൽ ഒരുക്കിക്കൊള്ളട്ടെ" (മുസ്‌ലിം).

അല്ലാഹു പറഞ്ഞു, നബിﷺ പറഞ്ഞു എന്ന് പറഞ്ഞ് ഒരു കാര്യം ഉദ്ധരിക്കുമ്പോൾ സൂക്ഷിക്കണമെന്നർഥം. സൂക്ഷ്മതക്കുറവാണ് ദുർബലവും നിർമിതവുമായ ഹദീഥുകൾ വ്യാപിക്കാൻ നിമിത്തമായത്. മുഗീറത്ത്ബ്നു ശുഅ്ബؓവിൽ നിന്ന്: നബിﷺപറഞ്ഞു: "കളവാണെന്ന് താൻ മനസ്സിലാക്കുന്ന ഒരു ഹദീഥ് ഒരാൾ റിപ്പോർട്ട് ചെയ്താൽ അവനും കള്ളന്മാരിൽ പെട്ടവനാണ്" (മുസ്‌ലിം).

അബ്ദുല്ലؓവിൽ നിന്ന്: നബിﷺ പറഞ്ഞു: "നിശ്ചയം, സത്യം പുണ്യത്തിലേക്ക് നയിക്കുന്നു. ഒരു മനുഷ്യൻ സത്യം പറഞ്ഞുകൊണ്ടിരിക്കും; സത്യവാദിയായി എഴുതപ്പെടുന്നത്‌വരെ. നിശ്ചയം, കളവ് അധർമത്തിലേക്ക് നയിക്കുന്നു. ഒരാൾ കളവ് പറഞ്ഞുകൊണ്ടിരിക്കും; കള്ളവാദിയായി എഴുതപ്പെടുന്നത് വരെ" (മുസ്‌ലിം).

## അധർമവും അനുസരണക്കേടും

സത്യവിശ്വാസം ജീവിതത്തിലുടനീളം നിലനിർത്തണം. അവിശ്വാസവും അധർമവും അനുസരണക്കേടും നിറഞ്ഞ സംസാരം അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. അല്ലാഹു പറയുന്നു: "...എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ"(49:7).

അല്ലാഹു വെറുത്തതെന്തോ അതിനെ നാം വെറുക്കണം. അധർമകാരികൾ മതവിഷയം കൈകാര്യം ചെയ്യുമ്പോൾ അവരിൽ നിന്നുള്ള ഏതുവിധ സംസാരത്തെയും വിശ്വാസികൾ കരുതണം. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി" (49:6).

വാട്ട്സാപ്പിലോ ഫെയ്സ് ബുക്കിലോ ഒരു പോസ്റ്റ് കാണുമ്പോഴേക്കും അത് മറ്റുള്ളവർക്ക് അയച്ചുകൊടുക്കുന്നവർ രണ്ടുവട്ടം ആലോചിക്കുക.

അബൂഹുറയ്റؓവിൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "അവസാന കാലത്ത് കള്ളന്മാരായ ദജ്ജാലുകൾ ഉണ്ടാവും. നിങ്ങളോ നിങ്ങളുടെ പിതാക്കളോ കേൾക്കാത്ത സംസാരങ്ങളുമായി അവർ വരും. അവരെ നിങ്ങൾ സൂക്ഷിക്കുക. അവർ നിങ്ങളെ വഴിപിഴപ്പിക്കാതരിക്കട്ടെ; കുഴപ്പത്തിലകപ്പെടുത്താതിരിക്കട്ടെ" (മുസ്‌ലിം).

## പരദൂഷണം, ഏഷണി

പരദൂഷണവും ഏഷണിയും തൊഴിലാക്കി മാറ്റിയിരിക്കുന്നു പലരുമിന്ന്. സോഷ്യൽമീഡിയ വഴി അതിവേഗത്തിൽ അവ പ്രചരിപ്പിക്കാൻ കഴിയുന്നു എന്നത് അതിന്റെ ഗൗരവം വർധിപ്പിക്കുന്നു. അധികപേരും ഇതിന്റെ ഒടുക്കത്തെ ഭയക്കുന്നില്ല. ഇതു സംബന്ധമായി ഇസ്‌ലാം നൽകിയ മുന്നറിയിപ്പ് ഇപ്രകാരമാണ്. അല്ലാഹു പറയുന്നു: "...നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു"(49:12).

അബൂഹുറയ്റؓവിൽ നിന്ന് നിവേദനം. നബിﷺപറഞ്ഞു: "പരദൂഷണം എന്തെന്ന് നിങ്ങൾക്കറിയാമോ?" അവർ പറഞ്ഞു: "അല്ലാഹുവും റസൂലുമാണ് നന്നായി അറിയുന്നവർ." നബിﷺപറഞ്ഞു: "നിന്റെ

സഹോദരനെക്കുറിച്ച് അവൻ ഇഷ്ടപ്പെടാത്തത് പറയുക." അപ്പോൾ ആരോ പറഞ്ഞു: "ഞാൻ പറയുന്നത് എന്റെ സഹോദരനിൽ ഉണ്ടെങ്കിലോ?" നബിﷺപറഞ്ഞു: "നീ പറയുന്നത് അവനിൽ ഉണ്ടെങ്കിൽ നീ അവനെക്കുറിച്ച് പരദൂഷണം പറഞ്ഞു. അത് അവനിൽ ഇല്ലെങ്കിൽ നീ അവനെക്കുറിച്ച് കളവ് പറഞ്ഞു" (മുസ്‌ലിം).

എന്നാൽ മതവിഷയങ്ങൾ പഠിപ്പിക്കുന്നേടത്തും പ്രചരിപ്പിക്കുന്നേടത്തും റിപ്പോർട്ടർമാരുടെ യോഗ്യതയും അയോഗ്യതയും വ്യക്തമാക്കിക്കൊടുക്കൽ നിർബന്ധമാണ്. അത് വിരോധിക്കപ്പെട്ട പരദൂഷണത്തിൽ പെടുന്നതല്ല. പ്രമാണങ്ങൾ അനുവദിച്ചതും ഉത്തമ തലമുറ മാതൃക നൽകിയതുമാണ്. ആദർശ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി സംസാരിക്കുന്നേടത്തും വിമർശനം അൽപം ഗൗരവ രൂപത്തിലാക്കുന്നതും പലരെയും അലട്ടുന്ന ഒരു പ്രശ്നമാണ്. അത് പരദൂഷണവും ഏഷണിയുമാവില്ലേ, എന്തിന് കർമങ്ങൾ ഇല്ലാതെയാക്കണം എന്ന് അവർ ചിന്തിക്കുന്നു. അനുവദിച്ച പരിധിയിൽ നിന്നുള്ള സംസാരങ്ങൾക്ക് തടസ്സമില്ല; കപടവിശ്വാസികൾ, കാഫിറുകൾ, ഖവാരിജുകൾ, മുഅ്തസിലിയാക്കൾ, റാഫിദിയാക്കൾ, ഖദ്‌രിയ്യാക്കൾ, ജഹ്മിയ്യാക്കൾ, ശിയാക്കൾ എന്നീ വ്യതിയാന കക്ഷികളുടെ ന്യൂനതകൾ മുൻഗാമികൾ വ്യക്തമാക്കിയത് പോലെ. അബ്ദുല്ലാഹിബ്നു മുബാറക്ؒ ജനങ്ങളോട് ഇങ്ങനെ പറഞ്ഞതായി കാണാം: "അംറുബ്നു സാബിത്തിന്റെ ഹദീഥ് നിങ്ങൾ ഒഴിവാക്കണം.കാരണം അദ്ദേഹം മുൻഗാമികളെ ചീത്ത പറയാറുണ്ടായിരുന്നു" (മുസ്‌ലിം).

**അസഭ്യം പറയൽ**

നിസ്സാരപ്രശ്നങ്ങൾ മനസ്സിൽ മുറിവേൽപിക്കുന്ന സംസാരങ്ങളിലേക്ക് മനുഷ്യനെ എത്തിക്കുന്നു.ഇതുവഴി കുടുംബ,സാമൂഹിക,സാഹോദര്യബന്ധങ്ങൾ തകരുന്നു. മതകാര്യങ്ങളിൽ വിമർശകരെ നേരിടുന്നേടത്ത് വരെ ഈ രീതി സൂക്ഷിക്കണമെന്ന ഉപദേശമാണ് ഇസ്‌ലാമിനുള്ളത്. അല്ലാഹു പറയുന്നു:

"അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും..."(6:108).

ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനോട് കാണിക്കേണ്ട മര്യാദകളിൽ നബിﷺ പ്രധാനമായി പഠിപ്പിച്ചത് കാണാം: അബ്ദുല്ലാഹിബ്നുമസ്ഊദ്ؓവിൽ നിന്ന്: നബിﷺപറഞ്ഞു: "മുസ്‌ലിമിനെ ചീത്ത പറയൽ അധർമമാകുന്നു. അവനോട് യുദ്ധം ചെയ്യുന്നത് അവിശ്വാസവും" (മുസ്‌ലിം).

അബൂഹുറയ്റؓവിൽ നിന്ന്: നബിﷺ പറഞ്ഞു: "പരസ്പരം അധിക്ഷേപിക്കുന്നവർക്ക് അവർ പറഞ്ഞതുണ്ട്. തുടങ്ങിയവനാണ് കുറ്റം. അക്രമിക്കപ്പെട്ടവൻ അതിരുകവിഞ്ഞിട്ടില്ലെങ്കിൽ" (മുസ്‌ലിം).

സോഷ്യൽ മീഡിയ ഉപയോഗിച്ചാണ് ഇന്ന് ഈ അധർമം കാര്യമായി നടക്കുന്നത്. പരിശുദ്ധ റമദാൻ മാസത്തിൽ പോലും നിർബാധം ഇതിൽ ഏർപെട്ട വരുണ്ട്, അതും മതത്തിന്റ പേരിൽ എന്നത് ഏറെ ഖേദകരമാണ്.

**മ്യൂസിക്ക്,വാദ്യോപകരണങ്ങൾ**

വിശ്വാസത്തെ നീക്കി കാപട്യത്തെ മനസ്സിൽ നിറക്കുന്ന വിഷമാണ് മ്യൂസിക്കും അനുബന്ധകാര്യങ്ങളും. ഇസ്‌ലാം തീർത്തും ഇതിനെ നിഷിദ്ധമാക്കിയിരിക്കുന്നു. തന്റെ സമൂഹത്തിൽ ഒരു വിഭാഗം ഇതിനെ അനുവദിക്കുന്നവരായി വരുമെന്ന് നബിﷺ അറിയിച്ചതാണ്: "അബൂമാലിക് അൽഅശ്അരിؓവിൽ നിന്ന്.നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിൽ സ്വർണം, പട്ടുവസ്ത്രം, കള്ള്, വാദ്യോപകരണങ്ങൾ എന്നിവ അനുവദനീയമാക്കുന്നവർ ഉണ്ടാവുക തന്നെ ചെയ്യും" (ബുഖാരി).

ഇഹലോകത്തോടുള്ള അടങ്ങാത്ത പ്രേമം അധികമാളുകളെയും ഇതിന്റെ അടിമകളാക്കിയിരിക്കുന്നു. ഇത് വിൽക്കുന്നതിലും വാങ്ങുന്നതിലും അതുവഴി പിഴക്കുന്നതിലും ആളുകൾ തൽപരരായിരിക്കുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും ക്വുർആനിന്റെയും സ്വഹാബത്തിന്റെയും പേരിൽ കളവ് നിരത്തിക്കൊണ്ട് ഇതിനെ അനുവദനീയമെന്ന് വരുത്തിത്തീർക്കുന്നു ചിലർ!

ഇസ്‌ലാമിന്റെ പേരിൽ ഇത്തരം വ്യാജസംസാരങ്ങൾ നടത്തുന്നതിന്റെ ഗൗരവം എത്ര വലുതാണ്. അല്ലാഹു പറയുന്നു:


"നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് അനുവദനീയമാണ്, ഇത് നിഷിദ്ധമാണ് എന്നിങ്ങനെ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയത്രെ (അതിന്റെ ഫലം). അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുന്നവർ വിജയിക്കുകയില്ല; തീർച്ച" (16:116).

ഈ ആയത്തിന്റെ വിവരണത്തിൽ ഉൾപ്പെട്ടതായ കാര്യങ്ങൾ ഉപേക്ഷിക്കാതെ അവയിൽ ഭ്രമം മൂത്ത് ജീവിച്ചാൽ അതിന്റെ പര്യവസാനം ഒന്നുമില്ലാത്തവനായിത്തീരും എന്നതാണ്.

അബൂഹുറയ്റؓവിൽ നിന്ന് നിവേദനം: നബിﷺപറഞ്ഞു: "ആരാണ് പാപ്പരായവൻ എന്ന് നിങ്ങൾക്കറിയാമോ?" അവർ പറഞ്ഞു:"ഞങ്ങളിലെ പാപ്പരായവൻ ദിർഹമും വിഭവങ്ങളുമില്ലാത്തവനാണ്." അപ്പോൾ നബിﷺപറഞ്ഞു:"എന്റെ സമുദായത്തിലെ പാപ്പരായവൻ അന്ത്യദിനത്തിൽ നമസ്കാരവും നോമ്പും സക്കാത്തുമായി വരുന്നനാണ്.അവൻ ഒരുവനെ ചീത്ത പറയുകയും ഒരുവന്റെമേൽ വ്യഭിചാരം ആരോപിക്കുകയും ഒരുവന്റെ ധനം ഭക്ഷിക്കുകയും ഒരുവന്റെ രക്തം ചിന്തുകയും ഒരുവനെ അടിക്കുകയും ചെയ്തുകൊണ്ടാണ് അവിടെ വന്നത്. അങ്ങനെ അവന്റെ നന്മയിൽ നിന്ന് ഇവനും മറ്റവനുമെല്ലാം നൽകും. ഇനി അവന്റെ മേൽ ബാധ്യതയായിട്ടുള്ളത് വീട്ടുന്നതിന് മുമ്പ് അവന്റെ നന്മ തീർന്നുപോയാൽ ഇവരുടെ പാപങ്ങൾ അവന്റെ മേൽ വെച്ചുകൊടുക്കും. പിന്നീട് അവനെ നരകത്തിലെറിയും" (മുസ്‌ലിം). ●

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം



# ക്വബ്ർ ശിക്ഷക്ക് കാരണമാകുന്ന ചില പാപങ്ങൾ

**പ്ര**മാണങ്ങൾകൊണ്ട് സ്ഥിരപ്പെട്ട യാഥാർഥ്യമാണ് ക്വബ്ർ ശിക്ഷ. പരലോകത്ത് ഒരുമിച്ചുകൂട്ടപ്പെടുകയും വിചാരണക്ക് വിധേയമാക്കപ്പെടുകയും ചെയ്യുന്നതിനു മുമ്പ് ക്വ്ബിറിൽ ശിക്ഷിക്കപ്പെടാൻ കാരണമായ ചില പാപങ്ങളെക്കുറിച്ച് പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്. അവ ഏതെല്ലാമെന്ന് നമുക്ക് പരിശോധിക്കാം.

**ശിർക്ക്(അല്ലാഹുവിൽ പങ്കുചേർക്കൽ)**

ശിർക്കുചെയ്താൽ ഉണ്ടാകുന്ന അപകടങ്ങൾ വളരെ വലുതും ഗൗരവതരവുമാണ്. അവ ദുൻയാവിൽ തുടക്കം കുറിച്ച് ക്വബ്റിലും ആഖിറത്തിലുമൊക്കെ അപകടം വിതക്കുന്നതാണ്. ഒരിക്കലും ശിർക്കിന്റെ വിഷയത്തിൽ ലാഘവബുദ്ധി ഉണ്ടാകാവതല്ല. ശിർക്ക് ചെയ്താൽ ഉണ്ടാകുന്ന അപകടത്തെ കുറിച്ച് അല്ലാഹു പറഞ്ഞു:

"...അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു" (വി. ക്വു. 6: 88).

"തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുക യും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും" (39: 65).

"തന്നോടു പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (4:48).

**നമസ്കാരമില്ലാത്ത എത്രയോ ചെറുപ്പക്കാർ നല്ല കൂട്ടുകാരുടെ ശ്രമഫലമായി കൃത്യമായി നമസ്കരിക്കുന്നവരായി മാറിയിട്ടുണ്ട്. പലിശക്കാർ പലിശക്കച്ചവടം അവസാനിപ്പിച്ചിട്ടുണ്ട്. പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുണ്ട്. നല്ല കൂട്ടുകാരന്റെ കൂടെയിരുന്നാൽ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയിൽ അവൻ സഹായിക്കും. അബദ്ധങ്ങൾ തിരുത്തിത്തരും. മറന്നാൽ ഓർമിപ്പിക്കും. വിട്ടകന്നാൽ കൂട്ടുകാരന്റെ നന്മക്കായി പ്രാർഥിക്കും. കൂട്ടുകാരന്റെ കുറ്റവും കുറവും പറഞ്ഞ് നടക്കില്ല. പ്രയാസങ്ങളിൽ അവൻ കൂടെയുണ്ടാകും.**

"അല്ലാഹുവോടു വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (5:72).

ശിർക്കിൽ മരിച്ചവർക്ക് ബർസഖീലോകത്ത് ശിക്ഷയുണ്ടെന്നറിയിക്കുന്ന ഒരു സംഭവം ഇപ്രകാരം സ്വഹീഹായി സ്ഥിരപ്പെട്ടിരിക്കുന്നു: ബനൂനജ്ജാർ ഗോത്രക്കാരുടെ ഒരു തോട്ടത്തിൽ നബിﷺ തന്റെ ഒരു കോവർ കഴുതയുടെ പുറത്തായിരിക്കെ സ്വഹാബികളിൽ ചിലർ തിരുമേനിയോടൊപ്പമുണ്ടായിരുന്നു. അന്നേരം കഴുത വഴിമാറി വിരണ്ട് ഓടുകയും തിരുമേനിയെ പുറത്തുനിന്ന് അത് തള്ളിയിടാറുമായി. അവിടെ ഏതാനും ക്വബ്റുകൾ നബിയുടെ ശ്രദ്ധയിൽ പ്പെട്ടു. തിരുമേനിﷺ ചോദിച്ചു:

'ഈ കബ്റുകളിലുള്ള ആളുകളെ ആര് അറിയും?' അപ്പോൾ ഒരാൾ പറഞ്ഞു: 'ഞാൻ.' തിരുമേനിﷺ പറഞ്ഞു: 'എപ്പോഴാണ് ഇവർ മരണപ്പെട്ടത്?' അയാൾ പറഞ്ഞു: 'ശിർക്കിലായിരിക്കെയാണ് അവർ മരണപ്പെട്ടത്.' അപ്പോൾ തിരുമേനി പറഞ്ഞു: 'നിശ്ചയം, ഈ സമുദായം തങ്ങളുടെ ക്വബറുകളിൽ പരീക്ഷിക്കപ്പെടും. നിങ്ങൾ അന്യോന്യം മറമാടുകയില്ലെന്ന് (ഞാൻ ഭയന്നില്ലായിരുന്നുവെങ്കിൽ,) ക്വബ്റിൽനിന്ന് ഞാൻ കേൾക്കുന്ന ശിക്ഷ നിങ്ങൾക്കുകൂടി കേൾപ്പിക്കുവാൻ ഞാൻ അല്ലാഹുവോട് ദുആ ചെയ്യുമായിരുന്നു...'' (മുസ്‌ലിം).

ശിർക്കെന്ന മഹാപാപത്തെ സൂക്ഷിക്കുക. മനുഷ്യന്റെ ഇഹവും പരവും ഒരുപോലെ നഷ്ടപ്പെടുത്തുന്ന ഈ മഹാദുരന്തത്തിൽ നിന്ന് രക്ഷക്കായി അല്ലാഹുവോട് സദാസമയവും ദുആ ചെയ്യുക. നബിﷺ, അബൂബക്റി(റ)നോട് പ്രാവർത്തികമാക്കുവാൻ പറഞ്ഞ ഒരു വിഷയം ഇപ്രകാരമുണ്ട്:

"അബൂബക്ർ, എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ സത്യം! നിശ്ചയം, ശിർക്ക് ഉറുമ്പ് അരിച്ചെത്തുന്നതിനേക്കാൾ ഗോപ്യമാണ്. താങ്കൾക്ക് ഒരു കാര്യം ഞാൻ അറിയിച്ചു തരട്ടെയോ? താങ്കൾ അതു പ്രവർത്തിച്ചാൽ ശിർക്ക് കുറച്ചായാലും കൂടുതലായാലും താങ്കളിൽനിന്ന് അത് പൊയ്പോകും." നബിﷺ പറഞ്ഞു: താങ്കൾ (ഇപ്രകാരം) പറയുക: "അല്ലാഹുവേ, ഞാൻ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കുചേർക്കുന്നതിൽനിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു, ഞാനറിയാത്തതിൽ നിന്ന് നിന്നോട് പാപമോചനം തേടുകയും ചെയ്യുന്നു." (അദബുൽ മുഫ്റദ്, ബുഖാരി. അൽബാനി സ്വഹീഹായി അംഗീകരിച്ചത്).

**മൂത്ര വിസർജനശേഷം ശുദ്ധിവരുത്താതിരിക്കലും മറ സ്വീകരിക്കാതിരിക്കലും**

മൂത്ര വിസർജനത്തിന് ശേഷം ശുദ്ധിവരുത്താതിരിക്കുക, മൂത്രം പൂർണമായി വിസർജിക്കാതെ ബാക്കി ഒലിച്ചിറങ്ങുന്ന രീതിയിൽ തിരക്കുകൂട്ടി നിർവഹിക്കുക, മൂത്രമൊഴിക്കുന്ന സ്ഥലത്തു നിന്ന് തിരിച്ചു തെറിക്കുന്നതിൽനിന്ന് മറസ്വീകരിക്കാതിരിക്കുക, മൂത്രവിസർജനം നടത്തുമ്പോൾ നഗ്നത മറ്റുള്ളവർ കാണുന്നതിൽനിന്ന് മറസ്വീകരിക്കാതിരിക്കുക തുടങ്ങിയ തെറ്റുകളെല്ലാം വിശ്വാസികൾ സൂക്ഷിക്കേണ്ടതുണ്ട്. മൂത്രത്തിന്റെ വിഷയത്തിൽ ക്വബ്റിൽ ശിക്ഷിക്കപ്പെടുമെന്ന് ഹദീഥുകളിൽ നിന്നും വ്യക്തമായി മനസ്സിലാക്കാം. ഇബ്നു അബ്ബാസിൽ(റ)നിന്ന് നിവേദനം:

"നബിﷺ രണ്ടു ക്വബ്റുകൾക്കരികിലൂടെ നടന്നു. അപ്പോൾ നബിﷺ പറഞ്ഞു: തീർച്ചയായും അവർ രണ്ടുപേരും ശിക്ഷിക്കപ്പെടുന്നു. വലിയ(തിന്മ ചെയ്ത)തിലല്ല അവർ രണ്ടുപേരും ശിക്ഷിക്കപ്പെടുന്നത്." ശേഷം നബിﷺ പറഞ്ഞു: "എന്നാൽ അവരിൽ രണ്ടിൽ ഒരാൾ തന്റെ മൂത്രത്തിൽ നിന്ന് (മൂത്രം തിരിച്ച് തെറിക്കുന്നതിൽ നിന്ന്) മറ സ്വീകരിക്കുമായിരുന്നില്ല" (ബുഖാരി).

"...അയാൾ മൂത്രത്തെതൊട്ട് അല്ലെങ്കിൽ മൂത്രത്തിൽനിന്ന് ശുദ്ധി പ്രാപിക്കുമായിരുന്നില്ല..."

ഇബ്നു അബ്ബാസി(റ)ൽ നിന്ന് നിവേദനം: "ക്വബ്ർ ശിക്ഷയിൽ കൂടുതലും മൂത്രത്തിന്റെ (വിഷയത്തിലാണ്). അതിനാൽ നിങ്ങൾ മൂത്രത്തിൽ നിന്ന് ശുദ്ധിയാവുക".

അബൂഹുറയ്റ(റ)യിൽ നിന്നും അനസി(റ)ൽ നിന്നും മറ്റും നിവേദനം: "നിങ്ങൾ മൂത്രത്തിൽനിന്നും വെടിപ്പാകുക. കാരണം ക്വബ്ർ ശിക്ഷയിൽ ഏറ്റവും കൂടുതൽ അതിനാലാണ്" (മൂത്രവിസർജനത്തിന്റെ വിഷയത്തിൽ വന്ന ഈ ഹദീഥുകളെ അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്).

**നമീമത്ത്**

കുഴപ്പം സൃഷ്ടിക്കുന്നതിനുവേണ്ടി ജനങ്ങൾക്കിടയിൽ വാർത്തയുമായി നടക്കുന്നതിനാണ് നമീമത്ത് എന്നു പറയുന്നത്. ഇസ്‌ലാമിൽ വളരെ വലിയ പാപമാണിത്.

ഇബ്നുഅബ്ബാസി(റ)ൽ നിന്നുള്ള നിവേദനത്തിൽ ക്വബ്റിൽ ശിക്ഷിക്കപ്പെടുന്ന ഒരു വ്യക്തിയെ കുറിച്ച് നാം വായിച്ചുവല്ലോ. ക്വബ്റിൽ ശിക്ഷിക്കപ്പെടുന്ന മറ്റേ വ്യക്തിയെ കുറിച്ചുള്ള ഹദീഥിന്റെ ബാക്കി ഭാഗം ഇപ്രകാരമാണ്:

"...എന്നാൽ അപരനാകട്ടെ ഏഷണിയുമായി നടക്കുന്നവനായിരുന്നു." ശേഷം നബിﷺ പച്ചയായ ഒരു ഈത്തപ്പന പട്ടയെടുത്ത് അതു രണ്ടു പകുതിയായി പിളർത്തി. ഓരോ ക്വബ്റിന്മേലും ഓരോന്ന് കുത്തിനിറുത്തി. അവർ ചോദിച്ചു: "അല്ലാഹുവിന്റെ തിരുദൂതരേ, നിങ്ങൾ എന്തിനാണ് ഇതു ചെയ്തത്?" തിരുമേനിﷺ പറഞ്ഞു: "അവ രണ്ടും ഉണങ്ങാത്ത കാലമത്രയും അവർ രണ്ടുപേർക്കും ഇളവുനൽകപ്പെട്ടേക്കാം"(ബുഖാരി).

**ഗുലൂൽ (മോഷണവും ചതിച്ചെടുക്കലും)**

മോഷണത്തിലൂടെയും ചതിയിലൂടെയും സമ്പാദിക്കുന്നത് ബർസഖീ ലോകത്ത് ശിക്ഷിക്കപ്പെടുന്നതിന് കാരണമാകും. മോഷ്ടിച്ചെടുത്തതും ചതിച്ചെടുത്തതും തന്റെ ശരീരത്തിൽ തീയായി കത്തുമെന്ന് താക്കീതുണ്ട്. അബ്ദുല്ലാഹ് ഇബ്നുഅംറ്റ പറയുന്നു:

"നബിﷺയുടെ യാത്രാസാമഗ്രികൾ നോക്കിയിരുന്ന ഒരു വ്യക്തിയുണ്ടായിരുന്നു. അയാൾക്ക് കിർകിറഃ എന്ന് പറയപ്പെട്ടിരുന്നു. അയാൾ മരണപ്പെട്ടു. അപ്പോൾ നബിﷺ പറഞ്ഞു: "നിശ്ചയം, അയാൾ തീയിൽ കത്തിക്കരിയുന്നു." അപ്പോൾ അവർ (തിരഞ്ഞു) നോക്കി. അന്നേരം അയാൾ അപഹരിച്ചെടുത്ത ഒരു വസ്ത്രം കണ്ടെത്തി"(ബുഖാരി).

അബൂഹുറയ്റ‌യിൽ നിന്ന് നിവേദനം: "ഖയ്ബർ യുദ്ധദിവസം ഞങ്ങൾ നബിﷺയുടെ കൂടെ പുറപ്പെട്ടു. ഞങ്ങൾ യുദ്ധാർജിത സ്വത്തായിട്ട് പണവും വസ്ത്രവും ഭക്ഷണവുമാണ് നേടിയത്. സ്വർണവും വെള്ളിയും നേടിയില്ല. അങ്ങനെ ബനൂദ്വുബെയ്ബ് ഗോത്രത്തിൽ പെട്ട രിഫാഅത്ത് ഇബ്നു സൈദ് എന്ന ഒരു മനുഷ്യൻ നബിﷺക്ക് മിദ്അം എന്നു വിളിക്കപ്പെടുന്ന ഒരു അടിമയെ നൽകി. അങ്ങനെ നബിﷺ വാദിക്വുറായിലേക്ക് തിരിച്ചു. റസൂലുല്ലാഹിﷺയുടെ ഒട്ടകക്കട്ടിൽ ഇറക്കിവെക്കുന്നതിനിടയിൽ ഒരു അമ്പ് മിദ്അമിൽ തറക്കുകയും അത് അയാളെ കൊന്നുകളയുകയും ചെയ്തു. അപ്പോൾ ജനങ്ങൾ പറഞ്ഞു: "അയാൾക്കു മംഗളം, അയാൾക്കു സ്വർഗമുണ്ട്." അപ്പോൾ അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "അങ്ങനെയൊന്നുമല്ല കാര്യം. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണെ സത്യം, അയാൾ ഖൈബർ യുദ്ധദിവസം ഗനീമത്ത് സ്വത്തുക്കൾ വീതിക്കുന്നതിനുമുമ്പ് എടുത്ത മേലാട അയാളുടെമേൽ കത്തിയാളുകയാണ്." ഇത് ജനങ്ങൾ കേട്ടപ്പോൾ, ഒരാൾ ഒരു ചെരിപ്പിന്റെ വാറുമായി അല്ലെങ്കിൽ രണ്ടു വാറുകളുമായി നബിﷺയുടെ അടുത്തേക്കുവന്നു. അപ്പോൾ നബിﷺ പറഞ്ഞു: "തീകൊണ്ടുള്ള ചെരിപ്പുവാർ, അല്ലെങ്കിൽ തീകൊണ്ടുള്ള രണ്ടു ചെരിപ്പുവാറുകൾ" (ബുഖാരി).

അതിനാൽ, സമ്പാദ്യവും ഭക്ഷണവും നന്നാക്കുക. നിഷിദ്ധങ്ങളിൽ നിന്ന് വിട്ടുനിൽക്കുക. അല്ലാഹു ഹലാലാക്കിയതിൽ തൃപ്തിപ്പെടുക. ഹറാമിൽനിന്ന് രക്ഷക്കായി അല്ലാഹുവോട് തേടുക.

**ക്വുർആൻ കയ്യൊഴിക്കൽ,**
**നമസ്കാര സമയത്ത് ഉറങ്ങൽ**

ചില പാപികൾ തങ്ങളുടെ ബർസഖീ ലോകത്ത് ശിക്ഷിക്കപ്പെടുന്നത് നബിﷺക്ക് സ്വപ്നത്തിലൂടെ കാണിക്കപ്പെടുകയുണ്ടായി. സമുറ ഇബ്നുജുൻദുബിؓൽനിന്ന് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു:

"അല്ലാഹുവിന്റെ റസൂൽﷺ തന്റെ സ്വഹാബത്തിനോട് കൂടുതൽ ചോദിക്കുന്നതിൽ പെട്ടതാണ് നിങ്ങളിൽ ആരെങ്കിലും വല്ല സ്വപ്നവും കണ്ടിട്ടുണ്ടോ എന്നത്. അപ്പോൾ അല്ലാഹു ഉദ്ദേശിച്ചവരെല്ലാം താൻ പറയുവാൻ ഉദ്ദേശിച്ചത് തിരുമേനിയോട് പറയും. തിരുമേനി ഒരു പ്രഭാതത്തിൽ ഞങ്ങളോട് പറഞ്ഞു:

"നിശ്ചയം രണ്ട് പേർ ഈ രാത്രി എന്റെ അടുക്കൽവന്നു. അവർ രണ്ടുപേരും എന്നെ കിടക്കുന്നിടത്തുനിന്ന് എഴുന്നേൽപിച്ചു. അവർ രണ്ടുപേരും എന്നോട് പറഞ്ഞു: "നിങ്ങൾ നടക്കൂ."

ഞാൻ അവരോടൊപ്പം പോയി. ചരിഞ്ഞ് കിടക്കുന്ന ഒരു വ്യക്തിയുടെ അടുക്കൽ ഞങ്ങൾ ചെന്നെത്തി. അപ്പോഴതാ അയാളുടെ മുകളിൽ മറ്റൊരാൾ ഒരു പാറയുമായി നിൽക്കുന്നു. അങ്ങനെ അയാൾ പാറയുമായി (കിടക്കുന്ന)യാളിലേക്ക് കുനിയുകയും അയാളുടെ തല ചതക്കുകയും ചെയ്യുന്നു. അതിൽ പിന്നെ ആ കല്ല് അവിടിവിടങ്ങളിലായി ഉരുണ്ടകലുന്നു. അയാൾ ആ കല്ലിനു പിന്നാലെ പോകുകയും അത് എടുക്കുകയും ചെയ്യും. അയാളുടെ (ചതഞ്ഞുതെറിച്ച)തല പൂർവസ്ഥിതി പ്രാപിക്കുന്നതുവരെ അയാൾ ഈ വ്യക്തിയിലേക്ക് മടങ്ങുകയില്ല. ശേഷം അയാൾ മടങ്ങിവരും. എന്നിട്ട് ആദ്യതവണ പ്രവർത്തിച്ചതു പോലെ അയാളിൽ പ്രവർത്തിക്കും.

അവർ രണ്ടുപേരോടും ഞാൻ ചോദിച്ചു: "സുബ്ഹാനല്ലാഹ്! ഈ രണ്ടുപേർ ആരാണ്?"

മലക്കുകൾ എന്നോടു പറഞ്ഞു: "നിങ്ങൾ നടന്നാലും..."

ഈ ആഗതരിൽ ഒന്ന് ജിബ്രീലും അപരൻ മീകാഈലുമായിരുന്നു. നബിﷺ കണ്ട അത്ഭുതങ്ങൾ ശേഷം അവർ വിശദീകരിക്കുന്നുണ്ട്. ഈ വ്യക്തി ശിക്ഷിക്കപ്പെടുവാനുണ്ടായ കാരണമായി സമുറؓയുടെതന്നെ ഹദീഥിലുള്ളത് ഇപ്രകാരമാണ്:

"...കല്ലുകൊണ്ട് തന്റെ തല ചതച്ചരക്കപ്പെടുന്ന ഒന്നാമത്തെ വ്യക്തി ക്വുർആൻ പഠിച്ച് അത് കയ്യൊഴിക്കുകയും നിർബന്ധനമസ്കാര സമയത്ത് ഉറങ്ങുകയും ചെ യ്തവനാണ്..." (ബുഖാരി).

ഇമാം ബുഖാരിയുടെ തന്നെ മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കൂടിയുണ്ട്: "...കാരണം, അല്ലാഹു അയാളെ ക്വുർആൻ പഠിപ്പിച്ചു. എന്നാൽ അയാൾ രാത്രി (ക്വുർആൻ പാരായണം ചെയ്യാതെ) കിടന്നുറങ്ങി. പകലിലാകട്ടെ (ക്വുർആനിലുള്ളതനുസരിച്ച്) പ്രവർത്തിക്കുകയും ചെയ്തില്ല. ക്വിയാമത്തുനാൾ വരെ അയാളെക്കൊണ്ട് അപ്രകാരം പ്രവർത്തിക്കപ്പെടും."

**കള്ളം പറയൽ**

സമുറؓയുടെ ഉപരിസൂചിത ഹദീഥിൽ കളവ് പറയുന്നവർ ബർസഖീ ലോകത്ത് ശിക്ഷിക്കപ്പെടുന്നതുമയി ബന്ധപ്പെട്ട് ഇപ്രകാരമുണ്ട്. നബിﷺ പറയു

ന്നു:

“ശേഷം ഞങ്ങൾ പോയി. അപ്പോളതാ ഒരാൾ തന്റെ പിരടിയിൽ മറിഞ്ഞുകിടക്കുന്നു. മറ്റൊരാൾ ഇരുമ്പിന്റെ കൊളുത്തുമായി അയാളുടെ അടുത്തു നിൽക്കുന്നു. അപ്പോൾ അയാൾ (കിടക്കുന്ന വ്യക്തിയുടെ) മുഖത്തിന്റെ രണ്ടിൽ ഒരു ഭാഗത്തിലൂടെ വരികയും അങ്ങനെ അയാളുടെ മോണ പിരടിവരെ മുറിക്കുകയും ചെയ്യുന്നു. അയാളുടെ മൂക്ക് പിരടിവരെ മുറിക്കുന്നു. അയാളുടെ കണ്ണും പിരടിവരെ മുറിക്കുന്നു... ശേഷം (നിൽക്കുന്ന വ്യക്തി കിടക്കുന്ന വ്യക്തിയുടെ മുഖത്തിന്റെ) മറുവശത്തേക്ക് തിരിയുന്നു. ആദ്യഭാഗത്ത് ചെയ്തതത്രയും അതുപോലെ ആ ഭാഗത്തും ചെയ്യുന്നു. എന്നാൽ ഈ ഭാഗത്തുനിന്ന് വിരമിക്കുമ്പോഴേക്കും മറ്റേ ഭാഗം ശരിയാം വിധം പൂർവസ്ഥിതി പ്രാപിക്കും. വീണ്ടും അയാൾ മടങ്ങിവന്ന് ആദ്യതവണ പ്രവർത്തിച്ചതുപോലെ പ്രവർത്തിക്കുന്നു. അവർ രണ്ടുപേരോടും ഞാൻ ചോദിച്ചു: ‘സുബ്ഹാനല്ലാഹ്! ഇവർ രണ്ടുപേരും ആരാണ്?’ മലക്കുകൾ എന്നോടു പറഞ്ഞു: ‘നിങ്ങൾ നടന്നാലും...’ (ബുഖാരി).

ഈ വ്യക്തി ശിക്ഷിക്കപ്പെടുവാനുണ്ടായ കാരണമായി സമുറഃയുടെ ഹദീഥിലുള്ളത് ഇപ്രകാരമാണ്:

“...തന്റെ മോണ പിരടിവരെ മുറിക്കപ്പെടുന്ന, മൂക്ക് പിരടിവരെ മുറിക്കപ്പെടുന്ന, കണ്ണ് പിരടിവരെ മുറിക്കപ്പെടുന്ന വ്യക്തി, അയാൾ തന്റെ വീട്ടിൽനിന്ന് പ്രഭാതത്തിൽ പുറപ്പെടുകയും ചക്രവാളം മുട്ടുമാറ് കളവു പറയുകയും ചെയ്യുന്ന വ്യക്തിയായിരുന്നു...”(ബുഖാരി).

ഇമാം ബുഖാരിയുടെ തന്നെ മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: “...എന്നാൽ മോണ പിളർക്കപ്പെടുന്നതായി നിങ്ങൾ കണ്ട വ്യക്തി പെരുംകള്ളം പറയുന്നവനായിരുന്നു. അയാൾ ഒരു കളവ് പറയുകയും പ്രസ്തുത കളവ് അയാളിൽ നിന്ന് ഏറ്റുപിടിക്കപ്പെടുകയും ചെയ്യും; അതു ചക്രവാളത്തിലേക്ക് എത്തുംവരെ. അതു കാരണത്താൽ (ശിക്ഷ) അയാളിൽ അന്ത്യനാൾവരേക്കും പ്രവർത്തിക്കപ്പെടും...” (ബുഖാരി).

### വ്യഭിചാരം

സമുറ ﷺയുടെ ഉപരിസൂചിത ഹദീഥിൽ വ്യഭിചാരികൾ ബർസഖീലോകത്ത് ശിക്ഷിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് ഇപ്രകാരമുണ്ട്. നബി ﷺ പറയുന്നു:

“...അങ്ങനെ ഞങ്ങൾ പോയി. തന്നൂർ(ചൂള) പോലുള്ളതിനരികിൽ ഞങ്ങൾ എത്തി...അപ്പോഴതാ അതിൽ ബഹളവും ശബ്ദകോലാഹലങ്ങളും. ഞങ്ങൾ അതിൽ എത്തിനോക്കി. അതിലതാ നഗ്നരായ പുരുഷന്മാരും സ്ത്രീകളും! അവരുടെ കീഴ്ഭാഗത്തു നിന്ന് അവരിലേക്ക് ഒരു ജ്വാല എത്തുന്നു. ആ ജ്വാല അവരിലേക്ക് എത്തിയാൽ അവർ ആർത്തുവിളിച്ച് സഹായാർഥന നടത്തുകയായി...”

അവർ രണ്ടുപേരോടും ഞാൻ ചോദിച്ചു: ‘ഇവർ ആരാണ്?’ മലക്കുകൾ എന്നോടു പറഞ്ഞു: ‘നിങ്ങൾ നടന്നാലും, നിങ്ങൾ നടന്നാലും....’ (ബുഖാരി).

ഇമാംബുഖാരിയുടെതന്നെ മറ്റൊരു റിപ്പോർട്ടിലുള്ളത്: “...അങ്ങനെ ഞങ്ങൾ തന്നൂർ(ചൂള) പോലെയുള്ള ഒരു മാളത്തിലേക്കു പോയി. അതിന്റെ മുകൾഭാഗം ഇടുങ്ങിയതും അടിഭാഗം വിശാലവുമാണ്. അതിന്റെ അടിയിലാകട്ടെ തീ കത്തുന്നുമുണ്ട്. തീനാളം അടുത്താൽ അതിലുള്ളവർ അതിൽനിന്ന് പുറത്തു ചാടാറാകുംവരെ ഉയർന്നുപൊങ്ങും. തീയണഞ്ഞാൽ അവർ അതിലേക്കു തന്നെ മടങ്ങും. അതിൽ നഗ്നരായ സ്ത്രീകളും പുരുഷന്മാരുമാണ്...”

ഈ വ്യക്തികൾ ശിക്ഷിക്കപ്പെടുവാനുണ്ടായ കാരണമായി സമുറ ﷺയുടെ ഹദീഥിലുള്ളത് ഇപ്രകാരമാണ്: “...എന്നാൽ, തന്നൂർ(ചൂള) പോലുള്ളതിൽ കാണപ്പെട്ട നഗ്നരായ പുരുഷന്മാരും സ്ത്രീകളും തീർച്ചയായും വ്യഭിചാരികളാണ്...” (ബുഖാരി).

### പലിശ ഭുജിക്കൽ

സമുറ ﷺയുടെ ഉപരിസൂചിത ഹദീഥിൽ പലിശ തിന്നുന്നവർ ബർസഖീ ലോകത്ത് ശിക്ഷിക്കപ്പെടുന്നതുമയി ബന്ധപ്പെട്ട് ഇപ്രകാരമുണ്ട്. നബി ﷺ പറയുന്നു:

“...ഞങ്ങൾ പോയി. അങ്ങനെ രക്തംപോലെ ചുവന്ന ഒരു പുഴക്കരികിൽ ഞങ്ങൾ എത്തി. അപ്പോഴതാ പുഴയിൽ ഒരാൾ നീന്തുന്നു. പുഴക്കരയിലാകട്ടെ ഒരാളുണ്ട്. അയാൾ ധാരാളം കല്ലുകൾ ശേഖരിച്ചിരിക്കുന്നു. പുഴയിൽ നീന്തുന്ന വ്യക്തി നീന്തി നീന്തി കല്ലുകൾ ശേഖരിച്ച വ്യക്തിയുടെ അരികിലെത്തി വായതുറക്കും. അയാൾ ഒരു കല്ലെടുത്ത് വായിലേക്ക് എറിഞ്ഞുകൊടുക്കും. അപ്പോൾ അയാൾ നീന്തി നീന്തി അകന്നു പോകും. വീണ്ടും മടങ്ങി വരും. മടങ്ങിവരുമ്പോഴെല്ലാം വായതുറക്കുകയും മറ്റേ വ്യക്തി കല്ല് വായിലേക്കിട്ടു കൊടുക്കുകയും ചെയ്യും.

അവർ രണ്ടുപേരോടും ഞാൻ ചോദിച്ചു: ‘ഇവർ രണ്ടു പേരും ആരാണ്?’ മലക്കുകൾ എന്നോടു പറഞ്ഞു: ‘നിങ്ങൾ നടന്നാലും, നിങ്ങൾ നടന്നാലും....” (ബുഖാരി).

ഈ വ്യക്തി ശിക്ഷിക്കപ്പെടുവാനുണ്ടായ കാരണമായി സമുറ ﷺയുടെ ഹദീഥിലുള്ളത് ഇപ്രകാരമാണ്:

“...എന്നാൽ താങ്കൾ കണ്ട, നദിയിൽ നീന്തുകയും കല്ല് വായിലേക്ക് എറിയപ്പെടുകയും ചെയ്യുന്ന വ്യക്തി, നിശ്ചയം പലിശ തിന്നുന്നവനാണ്...” (ബുഖാരി).

### കടബാധ്യതയോടെ മരണപ്പെട്ടവൻ

കടം വാങ്ങിക്കൂട്ടി, ഭാരം മുതുകിൽ പേറി അന്ത്യയാത്രയാകുന്നത് ഭയക്കുക. കാരണം കടബാധ്യതയുള്ളവന്റെ പരലോകയാത്ര ഏറെ ദുഷ്കരമാണ്. കടത്തിനു കൈനീട്ടുവാൻ നിർബ ന്ധിതനായാൽ തന്നെ അത്യാവശ്യത്തിനുമാത്രം കടം കൊള്ളുക. അതു വീട്ടുവാൻ ഏറെ പരിശ്രമിക്കുക.

കടബാധ്യതയുള്ളവനായി മരണപ്പെടുന്ന വ്യക്തി ക്വബ്റിൽ ബന്ധിതനാണ്. സഅ്ദ് ഇബ്നുൽ അത്വലി ﷺൽനിന്ന് നിവേദനം: അദ്ദേഹത്തിന്റെ സ

ഹോദരൻ മരണപ്പെട്ടു. മുന്നൂറ് ദിർഹമുകളാണ് അദ്ദേഹം (അനന്തര സ്വത്തായി) ഉപേക്ഷിച്ചത്. സന്താനങ്ങളെയും അയാൾ വിട്ടേച്ചിട്ടുണ്ട്. ഞാൻ ആ ദിർഹമുകൾ അദ്ദേഹത്തിന്റെ സന്താനങ്ങൾക്ക് ചെലവഴിക്കുവാൻ ഉദ്ദേശിച്ചു. അപ്പോൾ തിരുനബിﷺ പറഞ്ഞു: "താങ്കളുടെ സഹോദരൻ കടം കാരണത്താൽ ബന്ധിതനാണ്. താങ്കൾ അദ്ദേഹത്തിന്റെ കടംവീട്ടുക.'' ഞാൻ പോയി അദ്ദേഹത്തിന്റെ കടം വീട്ടി. ശേഷം തിരിച്ചുവന്നു. ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ അദ്ദേഹത്തിന്റെ കടങ്ങൾ വീട്ടി. ഒരു മഹതി വാദിച്ച രണ്ടു ദീനാറുകൾ ഒഴികെ. അവർക്കാകട്ടെ, തെളിവൊന്നുമില്ല." നബിﷺ പറഞ്ഞു: 'അവർക്ക് അത് കൊടുത്തുവീട്ടുക. കാരണം, അവർ സത്യസന്ധയാണ്" (സുനനുഇബ്നിമാജഃ, മുസ്നദു അഹ്മദ്. അൽബാനിയും അർനാഊത്വും ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്).

ശഹീദിനുപോലും കടം ഭാരമാണ്: ഏറെ അനുഗ്രഹങ്ങളും ആനുകൂല്യങ്ങളും സന്തോഷവാർത്തയായി അറിയിക്കപ്പെട്ട പുണ്യാളനാണ് ശഹീദ്. ശഹീദിന്റെ ആദ്യരക്തം ചിന്തുമ്പോൾ തന്നെ അയാളോടു പൊറുക്കപ്പെടുകയും ക്വബ്ർ ശിക്ഷയിൽനിന്ന് അയാൾ സംരക്ഷിക്കപ്പെടുകയും ചെയ്യും. ശഹീദിന്റെ മഹത്വമായി അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:"...തന്റെ രക്തത്തിൽ ആദ്യചിന്തലിൽതന്നെ അവനു പൊറുത്തു കൊടുക്കപ്പെടും..."(മുസ്നദു അഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്).

എന്നാൽ ക്വബ്റടക്കപ്പെടുന്ന ശഹീദ് കടക്കാരനാണെങ്കിൽ അയാൾക്ക് ഈ അനുഗ്രഹവും ആനുകൂല്യവും തടയപ്പെടും. അബ്ദുല്ലാഹ് ഇബ്നുഅംറി‍ؓൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "...ശഹീദിനു എല്ലാ പാപങ്ങളും പൊറുക്കപ്പെടും; കട(ബാധ്യത) ഒഴിച്ച്..." (മുസ്‌ലിം).

ശഹീദിനുവരെ ബർസഖീലോകത്ത് കടം ഒരു ബാധ്യതയായി തന്റെ പിരടിയിൽ തൂങ്ങുമെന്നർഥം.

മരിച്ചവരുടെ കടം വീട്ടുവാൻ ധൃതി കാണിക്കുക: സമുറഃ ഇബ്നുജുൻദുബിؓൽനിന്ന് നിവേദനം:

"ഞങ്ങൾ നബിﷺയോടൊപ്പം ഒരു ജനാസഃ സംസ്കരണത്തിലായിരുന്നു. അപ്പോൾ തിരുമേനി ചോദിച്ചു: 'ഇവിടെ ഇന്ന കുടുംബത്തിലെ ഒരാളെങ്കിലുമുണ്ടോ?' തിരുമേനിﷺ ഇത് മൂന്നു പ്രാവശ്യം ചോദിച്ചു. അപ്പോൾ ഒരാൾ എഴുന്നേറ്റു. നബിﷺ അയാളോടു പറഞ്ഞു: 'ആദ്യത്തെ രണ്ടു തവണ എനിക്കു ഉത്തരം ചെയ്യുന്നതിനു താങ്കൾക്കു തടസ്സമായത് എന്താണ്? ഞാൻ ഒരു നന്മക്കു മാത്രമാണ് താങ്കളെ ഉറക്കെ വിളിച്ചത്. അയാളുടെ കുടുംബത്തിൽ നിന്നു മരിച്ച ഒരു വ്യക്തി തന്റെ കടംകാരണത്താൽ ബന്ധിതനാണ്.' (നിവേദകൻ) പറയുന്നു: 'അയാളുടെ കുടുംബക്കാരും അയാൾക്കു വേണ്ടി ദുഃഖിക്കുന്നവരും അയാളുടെ കടം വീട്ടുന്നതായി ഞാൻ കണ്ടു; യാതൊരാളും അയാളോടു യാതൊന്നും ചോദിച്ചുവരാത്തവിധം" (മുസ്നദുഅഹ്മദ്. അർനാഊത് സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്).

കടം വീടുവാൻ പ്രാർഥിക്കുക: തന്റെ കടത്തിന്റെ കാര്യത്തിൽ ആവലാതിപ്പെടുന്ന, മോചനപത്രം എഴുതപ്പെട്ട ഒരു അടിമയോട് അലിؓ പറഞ്ഞു:

"അല്ലാഹുവിന്റെ റസൂൽﷺ എന്നെ പഠിപ്പിച്ച ഏതാനും വചനങ്ങൾ താങ്കൾക്കു ഞാൻ പഠിപ്പിച്ചുതരട്ടയോ? താങ്കൾക്ക് സ്വയ്റ് പർവതത്തോളം കടം ഉണ്ടെങ്കിലും അല്ലാഹു അത് വീട്ടിത്തരും. താങ്കൾ പ്രാർഥിക്കുക: "അല്ലാഹുവേ, നിന്റെ ഹറാമിൽ നിന്ന് നിന്റെ ഹലാലിൽ നീ എനിക്ക് മതിവരുത്തേണമേ, നിന്റെ ഔദാര്യം കൊണ്ട് നീ അല്ലാത്തവരിൽനിന്ന് എനിക്ക് നീ ധന്യത നൽകേണമേ" (സുനനുത്തിർമുദി. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്). ●

---

(പേജ് 33ൽ നിന്ന് തുടർച്ച)

തിരുനബിയുടെ ചര്യകളെ അവഗണിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നവർക്ക് വരാനിരിക്കുന്ന ആപത്ക്കരമായ പര്യവസാനത്തെ കുറിച്ചും അല്ലാഹു താക്കീത് നൽകിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: "തനിക്ക് സന്മാർഗം വ്യക്തമായികഴിഞ്ഞതിനു ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതത്രെ മോശമായ പര്യവസാനം" (4:115).

നബിﷺയുടെ സുന്നത്തുകളെ പിൻപറ്റുന്നതിനുള്ള കൽപനകൾ ഹദീഥുകളിലും നിറഞ്ഞു നിൽക്കുന്നുണ്ട്. ഒരു ഹദീഥ് നമുക്കിപ്രകാരം വായിക്കാം: ഇർബാദ് ബ്നു സാരിയത്ത്ؓ നിവേദനം: നബിﷺ ഞങ്ങളോട് സാരവത്തായ ഒരു ഉപദേശം നടത്തി. അതുകേട്ട് ഞങ്ങളുടെ ഹൃദയങ്ങൾ പേടിച്ചു വിറച്ചു. കണ്ണുകൾ നിറഞ്ഞൊഴുകി. അപ്പോൾ ഞങ്ങൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ഇതൊരു യാത്ര പറയുന്നവന്റെ ഉപദേശം പോലെയുണ്ടല്ലോ. അതിനാൽ ഞങ്ങളോട് വസിയ്യത്ത് ചെയ്താലും.' നബിﷺ പറഞ്ഞു: 'ഞാൻ നിങ്ങളോട് വസിയ്യത്ത് ചെയ്യുന്നു; നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണം. നിങ്ങളുടെ മേൽ ഒരു അബ്സീനിയൻ അടിമ ഭരണാധികാരിയായി വന്നാലും നിങ്ങൾ അദ്ദേഹത്തെ അനുസരിക്കണം. നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ അഭിപ്രായ വ്യത്യാസങ്ങൾ കണ്ടേക്കാം. അപ്പോൾ എന്റെ ചര്യയും സന്മാർഗികളും സച്ചരിതരുമായ പിൻഗാമികളുടെ ചര്യയും നിങ്ങൾ പിൻപറ്റുവീൻ. അണപ്പല്ലുകൾ കൊണ്ട് അവയിൽ നിങ്ങൾ കടിച്ചു പിടിക്കുക. പുതുതായി ഉണ്ടാക്കപ്പെടുന്ന കാര്യങ്ങൾ (ബിദ്അത്തുകൾ) നിങ്ങൾ കരുതിയിരിക്കണം. കാരണം, ബിദ്അത്തുകളെല്ലാം ദുർമാർഗമാകുന്നു" (തുർമുദി)

ആത്യന്തികമായ ജീവിത വിജയത്തിന് തിരുനബിﷺയുടെ പാത പിൻപറ്റൽ അനിവാര്യമാണെന്ന് ഈ പ്രമാണങ്ങളെല്ലാം സുതരാം വ്യക്തമാക്കിത്തരുന്നുണ്ട്. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ഗൾഫിന്റെ ഗദ്ഗദം

ഗൾഫ് നാട്ടിൽ യുദ്ധത്തിന്റെ അഗ്നിപർവതം പുകഞ്ഞാൽ തീ പുകയാതിരിക്കുക ഇങ്ങ് കേരളത്തിലെ നാട്ടിൻപുറങ്ങളിലെ ആയിരക്കണക്കിന് അടുക്കളകളിലായിരിക്കും. കഴിഞ്ഞ രണ്ട് ഗൾഫ് യുദ്ധങ്ങളിലും സദ്ദാം ഹുസൈനായിരുന്നു വില്ലനെങ്കിൽ ഇ പ്രാവശ്യം വാർത്തകളിൽ നിറഞ്ഞ് നിൽക്കുന്നത് ഖത്തർ ഭരണാധികാരി ശൈഖ് തമീം ഇബ്നു അഹ്മദ് അൽത്താനിയാണ്.

ഗൾഫ് മേഖലയിൽ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പൊതുശത്രുവായ ഇറാന് വാതിൽ തുറന്നുകൊടുത്തു എന്ന് ആരോപിച്ച് കൊണ്ടാണ് സൗദിഅറേബ്യ, യു.എ.ഇ, ബഹ്റൈൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങൾ അപ്രതീക്ഷിതമായ നീക്കങ്ങൾക്കൊടുവിൽ ഖത്തറുമായുള്ള നയതന്ത്രബന്ധങ്ങൾ പിൻവലിച്ച് ഉപരോധം പ്രഖ്യാപിച്ചത്.

2014ന് റിയാദിൽ നടന്ന അറബ് ഉച്ചകോടിയിൽ രാജ്യങ്ങൾ തമ്മിൽ ഉണ്ടാക്കിയ ഉടമ്പടി ലംഘിച്ചു എന്നതാണ് ഖത്തറിനുമേൽ ആരോപിക്കപ്പെടുന്ന കുറ്റം. തീവ്രവാദി സംഘങ്ങളായ ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ഹമാസ് എന്നിവർ മാത്രമല്ല, താലിബാൻ, ഐസിസ് തുടങ്ങിയ സംഘടനകൾക്ക് വരെ പ്രത്യക്ഷമായും പരോക്ഷമായും വെള്ളവും വളവും നൽകുന്നു എന്നതാണ് ഉപരോധകക്ഷികൾ ഉന്നയിക്കുന്ന കുറ്റം. ഔദ്യോഗിക ചാനലായ അൽജസീറ സഹോദര രാജ്യങ്ങളായ ബഹ്റൈൻ, സൗദിഅറേബ്യ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങൾക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെടുത്തുവാൻ വ്യാപകമായി ദുരുപയോഗം ചെയ്തു എന്നും കുറ്റപത്രത്തിൽ പറയുന്നു.

അത്ര ശുഭകരമല്ലാത്ത അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ആയുധ വ്യാപാരത്തിന്റെ അപ്പോസ്തലനായ അമേരിക്ക പതിവ് പോലെ രണ്ട് ശക്തികളെയും തമ്മിലടിപ്പിച്ച് ചോരകുടിക്കാൻ അറ്റൻഷനായി നിൽക്കുന്നുണ്ട്. ഇസ്‌ലാമിക രാജ്യത്ത് പുതിയ ചേരിയായി വളരണമെങ്കിൽ ഗൾഫ് രാജ്യങ്ങളുടെ സുസ്ഥിരത നഷ്ടപ്പെടുത്തുക മാത്രമാണ് വഴി എന്ന് തിരിച്ചറിഞ്ഞ തുർക്കിയുടെ സൃഗാല ബുദ്ധിയും പുതിയ പ്രതിസന്ധിക്ക് പിന്നിലുണ്ട് എന്ന് വേണം അനുമാനിക്കാൻ.

തുർക്കിയിൽ നിന്നുള്ള യുദ്ധക്കപ്പലുകളും സൈനികരും ഏത് അടിയന്തര സാഹചര്യവും നേരിടാൻ തയ്യാറായി ഇപ്പോൾ തന്നെ ഖത്തറിൽ നിലയുറപ്പിച്ചിട്ടുണ്ട്. പലരും പ്രചരിപ്പിക്കുന്നത് പോലെ ഒരു ക്ഷിപ്രകോപത്തിന്റെ ഉപോൽപന്നമല്ല ഖത്തർ ഉപരോധമെന്നാണ് കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്.

അറബ് വസന്തം എന്ന് ഓമനപ്പേരിട്ട് അറബ് നാടുകളിൽ അസർമുല്ല വിരിയിക്കുമെന്ന് വാഗ്ദാനം ചെയ്ത് അവസാനം അറബ് വിനാശത്തിന് കാരണമായ ജനകീയ അട്ടിമറികളുടെ പ്രഭവകേന്ദ്രമായ മുസ്‌ലിം ബ്രദർഹുഡ് എന്നും ഗൾഫ് രാജ്യങ്ങൾക്കിടയിൽ നിലനിൽക്കുന്ന സുഹൃദ് ബന്ധത്തിന് എതിരായിരുന്നു. സൗദിയിലും യു.എ.ഇ യിലും നിലവിലുള്ള ഭരണ വ്യവസ്ഥ തകിടം മറിക്കാൻ, ഭരണകൂടങ്ങളെ അട്ടിമറിക്കാൻ അവർ നടത്തിയ ഗൂഢാലോചനകൾ തൊണ്ടിസഹിതം പുറത്ത് വന്നതുമാണ്.

ബ്രദർഹുഡ് പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായും സാങ്കേതികമായും സഹായം നൽകി അവരുടെ സൈ്വരവിഹാരത്തിന് തങ്ങളുടെ മണ്ണ് വിട്ടുകൊടുത്തു എന്നതാണ് ഗൾഫ് രാജ്യങ്ങളെ ചൊടിപ്പിച്ച പ്രധാന കാരണം.

കാരണങ്ങൾ എന്തൊക്കെ നിരത്താൻ കഴിയുമെങ്കിലും ഗൾഫ് മേഖലയിലെ അസ്ഥിരതയും അരക്ഷിതാവസ്ഥയും ലോക മുസ്‌ലിംകളെ മൊത്തത്തിൽ ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ലോകമെമ്പാടുമുള്ള പട്ടിണി രാജ്യങ്ങളിൽ കാരുണ്യഹസ്തവുമായി മുന്നിൽ നിൽക്കുന്ന ഭരണാധികാരികളാണ് കുവൈത്ത്, സൗദി, ഖത്തർ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിലുള്ളത്.

ലോകത്തെ മുഴുവൻ രാജ്യങ്ങളിലെയും പ്രവാസി കുടുംബങ്ങൾ ദൈനംദിന ജീവിതം തള്ളി നീക്കുന്നത് എണ്ണപ്പണം കൊണ്ടുതന്നെയാണ്. പ്രശ്നത്തിൽ ഇടപെട്ടുകൊണ്ട് കുവൈത്ത് അമീർ നടത്തുന്ന ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തുമെന്ന് പ്രത്യാശിക്കാം. വീണ്ടുമൊരു കൊടുംയുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ പ്രവചിക്കാനാകുന്നതിലും അപ്പുറമാണ്. സ്വാസ്ഥ്യവും സമാധാനവും കളിയാടുന്ന ഒരു ലോക സമൂഹത്തിനായ് നമുക്ക് സർവ ശക്തനോട് ആത്മാർഥമായി പ്രാർഥിക്കാം.

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം

ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 01 July 2017

Reg NO: KL/CT/225/2016-18
Price: ₹10/-


# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്





ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099